വാല്യം 43

ഹരിപ്പാട് ബ്ലോക്ക്

(ആലപ്പുഴ ജില്ല)

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

ചിങ്ങോലി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

ചിങ്ങോലി ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന രേഖ

വികസന സെമിനാറിൽ അവതരിപ്പിച്ചത്

പി. ലീല. പ്രസിഡന്റ്

പ്രസാദ്, വൈസ്പ്രസിഡന്റ്.

ഷൈലാജോർജ്ജ്
സ്റ്റാന്റിംഗ്കമ്മിറ്റി
ചെയർമാൻ,

വികസനരേഖ തയാറാക്കിയ കോർഗ്രൂപ്പ്

പ്രാഥമികമേഖല

ശ്രീമതി ഷൈലാജോർജ്ജ് (ചെയർപേഴ്സൺ)
ശ്രീ. കെ. അരവിന്ദൻ
ശ്രീ. ഒ. എം. സാലി (എഡിറ്റർ)
ശ്രീ. എൻ. ജനാർദ്ദനൻ നായർ
ശ്രീ. എൻ. ഉപേന്ദ്രൻ
ശ്രീ. റ്റി. ഹനീഫ
ശ്രീ. കെ. ശ്രീകുമാർ
ശ്രീ. ബി. രാമചന്ദ്രൻ
ശ്രീ. റ്റി. ഒ. ജോൺ

ദ്വിതീയ മേഖല

ശ്രീ. കെ. പി. പ്രസാദ്. (ചെയർമാൻ)
ശ്രീ. ഒ. സലീം.
ശ്രീ. ബി. ഗോപാലകൃഷ്ണൻ (സി. ആർ. പി)
ശ്രീ., ജി. നാരായണ പിള്ള
ശ്രീ. സി. വിജയൻ
ശ്രീ. ജയചന്ദ്രൻ
ശ്രീ. പി. കെ. രവീന്ദ്രൻ
ശ്രീ. കുഞ്ഞുമോൻ

ത്രിതീയമേഖല

ശ്രീമതി. പി. ലീല (ചെയർപേഴ്സൺ)
ശ്രീ. കെ. കെ. കുട്ടപ്പൻ
ശ്രീ. ഡി. സുരേഷ്
ശ്രീമതി. എസ്സ്. ആനന്ദവല്ലി.
ശ്രീ. എൻ. രവീന്ദ്രൻ (ഡി. ആർ. പി)
ശ്രീ. കെ. കമലാസനൻ (ഡി. ആർ. പി)
ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ
ശ്രീ. പി. ജി. ശാന്തകുമാർ
ശ്രീ. ശ്രീമതി. ഭാസുരാംഗി
ശ്രീ. ജയച്ചന്ദ്രൻ
ശ്രീ. ആനന്ദൻ
ശ്രീ. എം. എസ്സ്. സുദേവകുമാർ

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ രേഖകളും വിവരങ്ങളും നൽകി സഹായിച്ചവർ.

ശ്രീ. വർഗ്ഗീസ് മാത്യൂ, കല്ലേലികാർത്തികപ്പള്ളി.
ശ്രീ. ആർ. കേശവൻ നായർ, പുത്തൻപുരയിൽ, ചിങ്ങോലി.
ശ്രീ. കെ.കെ. സുരേന്ദ്രൻ, കണ്ണങ്കര, ചിങ്ങോലി.
ശ്രീ. അലോഷ്യസ് തരകൻ, വെമ്പുഴ.
ശ്രീ. ഡി. നാരായണപിള്ള, തറപറമ്പിൽ, ചിങ്ങോലി.

വിവരങ്ങൾ ശേഖരിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള ആധികാരിക ഗ്രന്ഥങ്ങൾ

സർവ്വവിജ്ഞാന കോശം – എൻസൈക്ലോപീഡിക്ക് ഇൻസ്റ്റിറ്റ്യൂട്ട്
ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം – E.M.S.
ലാന്റ് റിസോഴ്സസ് ഓഫ് കേരളാ – കേരള സർക്കാർ

'അധികാരം ജനകീയം'

ഒരു പുതുയുഗത്തിന്റെയുമ്മറത്ത് എത്തി നാ
മൊരുമയോടൊരു സുപ്രഭാതം തിരയുന്നു
ഒരു ദിവ്യതാരമായിന്നീമഹായജ്ഞ-
മൊരു കോണിലീ വിഹായസ്സിൽ ജ്വലിക്കട്ടെ!

അധികാരമിതുവരെയുമൊരു ന്യൂനപക്ഷത്തി-
നർത്ഥം വളർത്തുവാൻ മാത്രമായി തീർന്നുവോ
അന്ധകാരത്തിൻ കയത്തിലെറിഞ്ഞിതോ
ബഹുഭൂരിപക്ഷം വരുന്നോരീ ജനതയെ

ഇല്ലനാമിന്നീ കയത്തിൽ ചുഴികളിൽ
താഴുകയില്ലൊരുന്നാളും കരുത്തരായി
മാറുകയാണ് നാം പുതിയൊരു വികസന
സംസ്കാരഞാണിൽ പിടിച്ചു കരേറിടും

ഒത്തുചേരുന്നു നാം വിലയിരുത്തുന്നുനാം
തട്ടിമാറ്റുന്നു തടസ്സങ്ങളൊക്കവെ
ലക്ഷ്യമിതൊന്നേ നമ്മുക്കു നേടാൻ ഇവിടെ
അധികാരമൊക്കവേ ജനകീയമാക്കണം

അതിനായി നമ്മുടെ ഹൃദയമൊന്നിക്കണം
ഹൃദയത്തുടിപ്പിന്റെ താളമൊന്നിക്കണം
ചോർന്നുപോമീമനുഷ്യകരുത്തൊക്കവെ
സേവനതുറകൾക്ക് പകുവച്ചീടണം

ചിങ്ങോലി പഞ്ചായത്ത്

സമഗ്ര വികസന രേഖ

1. ആമുഖം
2. ചരിത്രം
3. ഭൂപ്രകൃതി, ജനപ്രകൃതി
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
6. വ്യവസായം
7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
8. വിദ്യാഭ്യാസം
9. കുടിവെള്ളവും പൊതുജന ആരോഗ്യവും
10. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
11. പാർപ്പിടവും സാമൂഹ്യക്ഷേമവും
12. സംസ്കാരം, കായികരംഗം, ടൂറിസം
12. വനിതാക്ഷേമം
13. സഹകരണം
14. വിഭവസമാഹരണം
15. ഉപസംഹാരം

പി. ലീല
പ്രസിഡന്റ്

സി.എം. സാലി
എഡിറ്റർ

ഗ്രാഫ് ഹരിപ്പാട്, കരുവാറ്റാ
പ്രിന്റിംഗ്

ജയദേവൻ
കവർ ഡിസൈൻ & ലേഔട്ട്

ടൈപ്പ് സെറ്റിംഗ്
മേസ് , കായംകുളം

NH 47
N
W
E
S

1
ആമുഖം

ജനകീയ കൂട്ടായ്മയുടെ ചരിത്ര നിയോഗത്താൽ നമ്മുടെ ഗ്രാമത്തിലെ ജനജീവിതത്തിന്റെ സമസ്ത മേഖലയെയും സ്പർശിക്കുന്ന മാറ്റങ്ങൾക്ക് പ്രാധാന്യം കൈവന്നിരിക്കുന്നു. ഈ നിർണ്ണായക സന്ദർഭം സൃഷ്ടിക്കാൻ ഇടയായത് 1992 ൽ ഇന്ത്യൻ പാർലമെന്റ് ഐകകണ്ഠ്യേന അംഗീകരിച്ച 73 74 ഭരണ ഘടനാ ഭേദഗതിമൂലമാണ്. അങ്ങനെ ഭരണഘടനാ പിൻബലമുള്ള പഞ്ചായത്ത് രാജ് നിയമത്തിലെ 175-ാം വകുപ്പ് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികളും ദീർഘകാല പദ്ധതികളും തയ്യാറാക്കണം.

ഗ്രാമ സഭകൾക്കാകട്ടെ പഞ്ചായത്തുകളെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായിക്കുക; മേൽനോട്ടം വഹിക്കുക; പദ്ധതി അംഗീകരിച്ചാൽ നടത്തിപ്പിന്റെ ചുമതല വഹിക്കുക എന്നീ ചുമതലകൾ നൽകീയിട്ടുണ്ട്.

സ്വതന്ത്ര ഇന്ത്യയിൽ നടപ്പിലാക്കിയ എട്ട് പദ്ധതികളുടെയും നേട്ടങ്ങൾ കൂടുതലും ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. ശക്തിമാനായ അധികാരി വികസന പ്രവർത്തനങ്ങൾ എല്ലാം തന്റെ നാട്ടിലേക്ക് കൊണ്ടുപോയി. ഇത് മൂലം ചില സംസ്ഥാനങ്ങൾ അമിത പുരോഗതി നേടിയപ്പോൾ കേരളം വളരെ പിന്നോക്കം പോയി. സമൂഹ്യ രംഗത്താകട്ടെ പരിമിതമായ വികസനം ഉണ്ടാക്കിയ സാമ്പത്തിക വളർച്ച ചെറു ന്യൂനപക്ഷത്തെ ധനികരാക്കി. ഭൂരിപക്ഷത്തെ ദരിദ്രരാക്കി. അഴിമതി സ്ഥാപന വൽകരിച്ചു. പദ്ധതി കാലത്തുണ്ടായ വികസനത്തിന്റെ 10% പോലും ഗ്രാമീണ ജനതയ്ക്ക് ലഭിച്ചില്ല കേന്ദ്രീകൃത ആസൂത്രണത്തിലൂടെ എട്ട് പദ്ധതികളും സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നുള്ള മോചന മാർഗ്ഗവും ഗ്രാമീണ ജനതയ്ക്ക് പുരോഗതിയുടെ പുതുജീവനും പകരുന്നതുമാണ്. , വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നടപ്പിലാക്കുന്ന ഒമ്പതാം പദ്ധതി ഇത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തും അതായത് സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ ജനങ്ങൾക്ക് ആകെ ലഭ്യമാക്കും. "സമ്പത്തുൽപാദനവും അതിന്റെ നീതിപൂർവ്വകമായ വിതരണവും" അതാകട്ടെ വികസനത്തിന്റെ വർത്തമാനകാല നിർവ്വചനം.

വികസന പ്രക്രിയയുടെ കാര്യത്തിൽ കേരളം പരിമിതമായ പദ്ധതി വിഹിതം നീതിപൂർവ്വമായ വിതരണം നിർവ്വഹിക്കുന്നതിൽ ദേശീയ മാതൃകയായി സർക്കാരിന്റെ ഇടപടലിലൂടെ പൊതു വിദ്യാഭ്യാസം; പൊതുജനാരോഗ്യം; പൊതുവിതരണ സംവിധാനം; ഇവയ്ക്ക് ജനകീയ മുഖം നൽകി. കർഷക പ്രസ്ഥാനങ്ങളുടെ ഇടപെടൽ കാരണം ഭൂപരിഷ്കരണം നാട്ടിൻ പുറത്തെ സാമ്പത്തിക വിതരണം ഫലപ്രദമാക്കി. ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ സേവന സ്ഥിതിയും മെച്ചപ്പെടുത്തി സാമൂഹിക രംഗത്ത് ചട്ടമ്പിസ്വാമികളും ശ്രീ നാരായണ ഗുരുവും ഉഴുത് മറിച്ച മണ്ണ് പുരോഗമന ശക്തികൾക്ക് വേരോട്ടം വർദ്ധിക്കാൻ ഉതകി, ലോകവേദികളിൽ മലയാളികളുടെ അന്തസുയർത്തി.

സാമ്പത്തിക വിതരണത്തിന്റെ മേഖലയിലെ ഈ വളർച്ചയെ കൂടി ഇടിച്ച് താഴ്ത്തുന്ന തരത്തിലായി സമ്പത്തുൽപ്പാദന മേഖലയുടെ. കേരളത്തിന്റെ വികസനം. ആളോഹരി വരുമാനം ദേശീയ ശരാശരിയെക്കാൾ 818 രൂപ കുറവാണ്. 1970 മുതൽ കാർഷികോൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടേയില്ല. ഇത് കൃഷിയെ അനാകർഷകമാക്കി. പരമ്പരാഗത വ്യവസായം തകർന്നിടത്ത് ആധുനിക വ്യവസായങ്ങൾ ആരംഭിച്ചില്ല. വൈദ്യുതി ക്ഷാമം; ഉള്ള വ്യവസായങ്ങളെ കൂടി പൂട്ടിച്ചു. ഈ പ്രതിസന്ധിയിൽ ഇടപ്പെടു

ന്നതിനുള്ള സർക്കാരിന്റെ കഴിവും കുറഞ്ഞു വരുന്നു.

രൂക്ഷമായ ഈ സാമ്പത്തിക പ്രതിസന്ധി ഒരു രാഷ്ട്രീയ സാമൂഹ്യ വെല്ലുവിളിയായി ഉയർന്നിരിക്കുന്നു. ഇത് തുടർന്നാൽ നാനാവിധ ശിഥിലീകരണ, ജനാധിപത്യ വിരുദ്ധ പ്രവണതകൾക്ക് വിളനിലമായി തീരും നമ്മുടെ സംസ്ഥാനം.

ആയതിനാൽ കക്ഷി രാഷ്ട്രീയ – ജാതിമതാദി പരിഗണനകൾക്ക് അതീതമായി കേരളത്തിന്റെ നന്മയിൽ താൽപര്യമുള്ള ഏതൊരാളിന്റെയും കടമയാണ് ഇന്നത്തെ പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണുക എന്നുള്ളത്. മുൻകാല അനുഭവങ്ങളെ വിമർശന ബുദ്ധ്യാ പരിശോധിക്കുക, മാമൂൽ വിട്ട് ചിന്തിക്കുക, പുതിയൊരു പ്രവർത്തന ശൈലി കരുപ്പിടിപ്പിക്കുക, ഈ സെമിനാറിൽ നിന്ന് നമുക്ക് ഒരു പുതിയ സംസ്കാരം പടുത്തുയർത്താൻ ആരംഭിക്കാം.

ചിങ്ങോലി പഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 സെപ്തംബർ 17 ന് പഞ്ചായത്ത് തല പരിശീലകർക്കുള്ള ശിൽപശാലയോട് കൂടിയാണ്. തുടർന്ന് ഗ്രാമസഭാ യോഗങ്ങൾ വിളമ്പരജാഥ ദീപകാഴ്ച, കലാപരിപാടികൾ ഇവ ഗ്രാമ സഭയോട് അനുബന്ധിച്ച് സംഘടിപ്പിക്കുകയുണ്ടായി. ദ്വതീയ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്ന പ്രവർത്തനത്തിൽ 35 പേർ ഏകദേശം നൂറ് മനുഷ്യ ദിനങ്ങളും നവംബർ 1 ന്റെ പുനർ അർപ്പണ ദിനത്തിൽ ജല നിർഗ്ഗമനം റോഡ് റിപ്പയർ ഈ പ്രവർത്തനങ്ങൾക്കായി 50 മനുഷ്യ ദിനങ്ങളും സന്നദ്ധ സേവനമായി ലഭിച്ചു.

തുടക്കത്തിൽ ലഭിച്ച ഈ സേവന തൃഷ്ണയാണ് ജനകീയ ആസൂത്രണം എന്ന മഹായജ്ഞം വിജയത്തിലെത്തിക്കാമെന്ന് പ്രത്യാശ ഞങ്ങളിൽ വളർത്തിയത്. 1958 ൽ സന്നദ്ധ പ്രവർത്തനത്തിലൂടെ കായംകുളം കായലിൽ ചിറയിട്ട് നാളീകേരവും നെല്ലും മത്സ്യവും ഉൽപ്പാദിപ്പിച്ച് നാടിനെ സമ്പന്നമാക്കിയ നമ്മുടെ പൂർവ്വികരുടെ സ്മരണ പുതുക്കി ഈ ജനകീയ കൂട്ടായ്മയിൽ നമ്മുക്കും പങ്ക് ചേരാമെന്ന് ഉറപ്പിക്കാം.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചയാത്തിന്റെ പേര്		ചിങ്ങോലി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്		ചിങ്ങോലി
ബ്ലോക്ക് പഞ്ചായത്ത്		ഹരിപ്പാട്
താലൂക്ക്	:	കാർത്തികപ്പള്ളി
അസംബ്ലി മണ്ഡലം		ഹരിപ്പാട്
പാർലമെന്റ് മണ്ഡലം		ആലപ്പുഴ
ജില്ലാ പഞ്ചായത്ത്		ആലപ്പുഴ
വിസ്തീർണ്ണം		7.24 ചതുരശ്ര കിലോമീറ്റർ
അതിർത്തികൾ		വടക്ക് കാർത്തികപ്പള്ളി പഞ്ചായത്ത്, കിഴക്ക് നാഷണൽ ഹൈവേ 47, തെക്ക് ചേപ്പാട് പുത്തൻപറമ്പ് റോഡ്, പടിഞ്ഞാറ് ആറാട്ടുപുഴ പഞ്ചായത്ത്
ആകെ ജനസംഖ്യ		14223
പുരുഷൻ		6807
സ്ത്രീ		7416
പട്ടികജാതി പട്ടികവർഗ്ഗം		1390
അക്ഷരാഭ്യാസം ഉള്ളവർ		11897
വാർഡുകൾ		8
പ്രസിഡന്റ്		പി. ലീല
വൈസ് പ്രസിഡന്റ്		കെ. പി. പ്രസാദ്
സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ		ഷൈലാ ജോർജ്ജ്

2

സാമൂഹിക സാംസ്കാരിക ചരിത്രം

ഐതീഹ്യം കണക്കിലെടുത്താൽ സിംഹ-ഒലി "ചിങ്ങോലി" ആയി. പഞ്ചായത്തിൽ വ്യാപകമായി കാണുന്ന കാണ്ഡാമരവും "കരിമര" ത്തിങ്കൽ ക്ഷേത്രത്തിന്റെ പേരും ഈ ഐതീഹ്യത്തെ ബലപ്പെടുത്തുന്നു. കാർത്തികപ്പള്ളി കോട്ടയ്ക്കകത്ത് ഓർത്തഡോക്സ് സുറിയാനി പള്ളി പണിയുന്നതിന് ആവശ്യമായ തടി കാട്ടിൽ നിന്നും വെട്ടുന്നതിന് കാർത്തികപ്പള്ളി രാജാവ് അനുമതി നൽകിയതായി താളിയോല രേഖകളിൽ കാണുന്നു. മേൽ വസ്തുതകൾ നമ്മുടെ പഞ്ചായത്തിന്റെ പേരിന് പിമ്പലം നൽകുന്നു.

ഡച്ച് ഗവർണർ ആയിരുന്ന ഗൊള്ളനെസ്സിന്റെ അഭിപ്രായത്തിൽ കൊല്ലത്തിനും പുറക്കാടിനും ഇടയ്ക്കായി കടലോരത്തോട് ചേർന്ന് കിടന്നിരുന്ന "മാർത്ത" എന്ന പേരിൽ ഡച്ചുകാർ വിളിച്ചിരുന്ന കാർത്തികപ്പള്ളി രണ്ട് ചെറു രാജ്യങ്ങൾ ചേർന്നതായിരുന്നു. "കാർണോപ്പള്ളി" - (ഇന്നത്തെ കരുനാഗപ്പള്ളിയും) "കരിമ്പാലിയും". കാർണോപ്പള്ളിയുടെ സ്ഥാനം കൊല്ലത്തിനും കായംകുളത്തിനും ഇടയ്ക്കും കരിമ്പാലിയുടെ സ്ഥാനം കായംകുളത്തിനും പുറക്കാടിനും ഇടയ്ക്കും. കരിമ്പാലിയെ വെട്ടിമന എന്നും വിളിച്ചിരുന്നതായി രേഖ. വെട്ടിമനയുടെ തലസ്ഥാനം കരിമ്പാലിയിൽ (ഹരിപ്പാട് റെയിൽവേസ്റ്റേഷന് പടിഞ്ഞാറ് വശത്ത് കരിമ്പാലി കോയിക്കൽ കൊട്ടാരം) നിന്നും കാർത്തികപ്പള്ളിക്ക് മാറി. ഡെച്ച് ക്യാപ്റ്റൻ ആയിരുന്ന ന്യൂഹോഫിന്റെ വിവരണ പ്രകാരം "തനിക്ക് വിധേയയാകാൻ കൂട്ടാക്കാത്ത ഏതൊരു സ്ത്രിയെയും വധിക്കുവാൻ പുരുഷനു അധികാരം നൽകുന്ന ഒരു കിരാത നിയമം വെട്ടിമല രാജാവ് നിർമ്മിച്ചതായി രേഖപ്പെടുത്തുന്നു" കാർത്തികപ്പള്ളി രാജ്യത്ത് കുരുമുളക്, പയർ വർഗ്ഗങ്ങൾ, നെല്ല് ഇവ ധാരാളം കൃഷി ചെയ്തിരുന്നു എന്നും മുസ്ലിം കച്ചവടക്കാർ കണ്ണൂരിന് കൊണ്ടു പോയിരുന്നു എന്നും ന്യൂഹോഫ് രേഖപ്പെടുത്തിയിരിക്കുന്നു. പരമാധികാരമുള്ള രാജാവായിരുന്നു ഭരണം നടത്തിയിരുന്നത്. 1200 പേർ അടങ്ങുന്ന നീഗ്രോ സേന (നാട്ടുകാരായ കറുത്ത നിറമുള്ളവർ) യെ നിലനിർത്തിയിരുന്നു. മൺ നിർമ്മിതമായ കോട്ട മതിലിന് 20 അടി ഉയരം ഉണ്ടായാരിന്നു. "കഴുവേറ്റും കുന്നും" കളരിയും കാലഹരണപ്പെട്ട ഒരു സാമൂഹ്യ വ്യവസ്ഥയെക്കുറിച്ച് ഇന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. 1742 ൽ കാർത്തികപ്പള്ളിയെ മാർത്താണ്ഡവർമ്മ കീഴ്പ്പെടുത്തി തിരുവിതാംകൂറിന്റെ ഭാഗമാക്കി. കാർത്തികപ്പള്ളി മുറികളായിരുന്ന വെട്ട് വേനി പുതുകുണ്ടത്ത് മഹാദേവികാട്, ചിങ്ങോലി, നങ്ങ്യാർകുളങ്ങര പ്രത്യേക വില്ലേജായിട്ടു 80 വർഷങ്ങളെ ആയിട്ടുള്ളു.

പാനേപ്പള്ളി രാജാവ് വെമ്പുഴ പള്ളി പണിയുന്നതിന് മാടമ്പി കൈവല്യ കൊച്ചന്തോണിക്ക് അനുവാദം നൽകിയതായി ചേപ്പാട് പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ കാണുന്നു. "വന്ദികപ്പള്ളി" "പറുകോയിക്കൽ" എന്നീ സ്ഥല നാമങ്ങൽ മേൽ സൂചിപ്പിച്ച രേഖയെ ബലപ്പെടുത്തുന്നു. ഇതിന് വളരെ മുമ്പ് തന്നെ ക്രിസ്ത്യൻ മിഷനറിമാർ വെമ്പുഴ സന്ദർശിച്ചിരുന്നു എന്നതിന് തെളിവാണ് കുരിശ് അടയാള മുള്ള കൊടി അഥവ "സ്ളിബാകൊടി" നാട്ടിയ കുന്ന് കൊടിക്കകമായതും മണ്ണിനടിയിൽ നിന്ന് വിണ്ടെടുത്ത് സ്ഥാപിച്ചിട്ടുള്ള കൽകുരിശും. ഈ വസ്തുതകൾ പുരാതനകാലത്തും സംസ്കാരമുള്ള ഒരു ജനപഥമായിരുന്നു നമ്മുടെ ഗ്രാമമെന്ന് ഉറപ്പാക്കുന്നു.

യൂറോപ്യന്മാരുടെ വരവിന് മുമ്പ് നൂറ്റാണ്ടുകളോളം ഹിന്ദുമതവും ഇസ്ലാം മതവും ക്രിസ്തു മതവും ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായ ജാതി - സ്വയം സമ്പൂർണ്ണ ഗ്രാമീണ വ്യവസ്ഥ; കൂട്ട് - കുടുംബ

വ്യവസ്ഥ എന്നിവ ഉൾക്കൊണ്ട് ജീവിച്ചിരുന്നു. എന്നാൽ യൂറോപ്യൻ കച്ചവട കമ്പനിക്കാരുടെ വരവോടെ മതം എന്ന നിലയ്ക്കല്ല തങ്ങളുടെ കച്ചവട താൽപര്യ സംരക്ഷണത്തിനാണ് മതത്തെ ഉപയോഗിച്ചത് ഒരു പുതിയ സംസ്കാരത്തിന്റെ ആരംഭം. ഈ മാറ്റത്തിന്റെ അംശം നമ്മുടെ പഞ്ചായത്തിലും കാണാം. കാർത്തികപ്പള്ളി രാജാവ് തന്റെ രാജ സ്ഥാനം കരിമ്പാലിയിൽ നിന്നും കാർത്തികപ്പള്ളിക്ക് മാറ്റിയപ്പോൾ തന്റെ കോട്ടയ്ക്കകത്ത് കാവിൽ പടിക്കൽ ദേവീ ക്ഷേത്രത്തോട് ചേർന്നൊരുമി പള്ളി പണിയാൻ ഭൂമി നൽകി. എന്നാൽ A.D. 1581-ൽ പോർട്ടിഗീസുകാർ ക്ഷേത്ര മാതൃകയിൽ നിർമ്മിച്ചിരുന്ന പള്ളി പോർട്ടുഗീസുകാർ വാസ്തു ശിൽപ്പ മാതൃകയിൽ പുതുക്കി പണിതു. കാവിൽ പടിക്കൽ ക്ഷേത്രത്തിലെ കുംഭ ഭരണി, പറയ്ക്ക എഴുന്നൊള്ളിപ്പ്, ഓർത്തഡോക്സ് പള്ളിയിലെ റാസ, മുക്കുവശ്ശേരി പള്ളിയിലെ ചന്ദനകുടം, വെമ്പുഴ പള്ളിപ്പെരുന്നാൾ, തൈയ്യിൽ, കുട്ടൻതറ, കരിമരതിങ്കൾ, എന്നീ ക്ഷേത്രങ്ങളിലെ വാർഷികോത്സവങ്ങൾ ഇവയൊക്കെ ജാതി മത വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങളും ഗ്രാമോത്സവമായി കണക്കാക്കി ആഘോഷിച്ചിരുന്നു. പറയ്ക്ക എഴുന്നൊള്ളിപ്പ് ചന്ദനകുടം എന്നിവയെ സ്വീകരിക്കാനായി മുൻകൂട്ടി ശേഖരിച്ച് വച്ചിരുന്ന കവുങ്ങ് തണുങ്ങ് ഉപയോഗിച്ച് വയലുകളിൽ പ്രദേശത്തെ എല്ലാവിഭാഗക്കാരും ഒരുമിച്ച് കമ്പം നടത്തുക ഒരു സാർവ്വത്രിക ആചാരമായിരുന്നു.

കൊല്ലവർഷം 1114 കുട്ടൻതറ ചേർന്ന പൊതുയോഗമാണ് പഞ്ചായത്തിലെ അറിയപ്പെടുന്ന ആദ്യത്തെ സ്റ്റേറ്റ് കോൺഗ്രസ്സ് പൊതുയോഗം. ശ്രീമാൻമാർ പട്ടംതാണുപിള്ള, സി. നാരായണ പിള്ള, എ.പി. ഉദയഭാനു ടി.എം. വർഗ്ഗീസ്, പി.കെ. കുഞ്ഞ് എന്നിവർ പങ്കെടുത്ത പ്രസ്തുത യോഗമാണ് ദേശീയ സ്വാതന്ത്ര്യ സമര പ്രവർത്തനത്തിലെ ആദ്യ സംരഭം.

ഭൂപരിഷ്കരണം, കർഷക തൊഴിലാളികളുടെ സേവന വേതന വ്യവസ്തകളുടെ കാലോചിതമായ പരിഷ്കരണം എന്നീ ആവശ്യങ്ങൾ കേന്ദ്രീകരിച്ച് നടന്ന ജനകീയ പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടതും നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ നടന്നതുമായ ആലപ്പുറം സമരം ആയിരുന്നു. ഈ പഞ്ചായത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് പ്രചോദനം നൽകിയത്. പ്രസ്തുത സമരത്തിന് നേതൃത്വം നൽകിയവരിൽ പ്രധാനികളും നമ്മുടെ പഞ്ചായത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുടെ ആദ്യകാല നേതാക്കളുമായിരുന്നു ശ്രീമാന്മാർ നൂറാട്ട് മാധവൻ, പുത്തൻതറയിൽ മാധവൻ; മണ്ണാന്റെ തെക്കതിൽ കുഞ്ഞ് പണിക്കർ, അരീക്കത്തറ ശ്രീധരൻ, കോലൻത്തറ കാർത്തികേയൻ, കളിയ്ക്കൽ രവീന്ദ്രൻ നായർ, വേണാട്ടുശ്ശേരിൽ ശങ്കരൻ വേലശ്ശേരി സഹദേവൻ, കണിയാന്ത കുട്ടൻപിള്ള, കെ.ഓ. അബു, സി.കെ. ഭരതൻ എന്നിവർ. ഇവരിൽ അരീക്കത്തറ ശ്രീധരൻ, കോലൻത്തറ കാർത്തികേയൻ, എന്നിവർ സി.പി.ഐ. (എം) പ്രവർത്തകരും കെ.ഓ. അബു, രവീന്ദ്രൻ നായർ, സഹദേവൻ എന്നിവർ പൊതുരംഗത്ത് നിന്ന് വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്നു.

1962 ലാണ് പഞ്ചായത്ത് രൂപീകരിച്ചത് ആദ്യത്തെ പ്രസിഡന്റ് ശ്രീ കൊച്ചു കുഞ്ഞ് വൈദ്യൻ, ആലപ്പുഴ വീട്. തുടർന്ന് ശ്രീമാൻമാർ കൊച്ചു കാട്ടിൽ രാജൻ ജേക്കബ്ബ്, തേവശ്ശേരിൽ ഉപേന്ദ്രൻ., പതിനാറിൽ പി. പുരുഷോത്തമൻ എന്നിവർ പ്രസിഡന്റുമാരായിരുന്നു. ശ്രീ എം.വി. വാസുദേവൻ ഏതാനും നാൾ പ്രസിഡന്റിന്റെ ചാർജ്ജ് വഹിച്ചിട്ടുണ്ട്.

നിലവിൽ പ്രവർത്തിക്കുന്ന സമിതി.

പ്രസിഡന്റ് : ശ്രീമതി പി. ലീല

വൈസ് പ്രസിഡന്റ് : ശ്രീ. കെ. പി. പ്രസാദ്

സ്റ്റാൻഡിംഗ്
കമ്മറ്റിചെയർമാൻ : ശ്രീമതി ഷൈലാ ജോർജ്ജ്
കമ്മറ്റി അംഗങ്ങൾ :
ശ്രീമാൻമാർ കെ.കെ. കുട്ടപ്പൻ,
ഡി. സുരേഷ്
എസ്. ആനന്ദവല്ലി,
കെ. അരവിന്ദൻ.
ഓ. സലീം.

ഇപ്പോഴത്തെ പഞ്ചായത്ത് കെട്ടിടം 1981 ഡിസംബറിൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ എം. സുബ്ബയ്യൻ ഉദ്ഘാടനം ചെയ്തു. കെട്ടിടത്തിന് സ്ഥലം സ്രാമ്പിക്കൽ തറയിൽ മഠത്തിൽ ശ്രീ. സുബ്രഹ്മണ്യ അയ്യർ സംഭാവന ചെയ്തതാണ്. സാംസ്കാരിക നിലയവും മിനി സ്റ്റേഡിയവും 1992 ൽ ഉദ്ഘാടനം ചെയ്തു. 2-ാം വാർഡിൽ ഒരു മിനി കമ്മ്യൂണിറ്റി ഹാളും നിർമ്മിച്ചിട്ടുണ്ട്. 2-ാം വാർഡിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയിരുന്നു. 1992 ൽ താപനിലയ നിർമ്മാണത്തിനായി NTPC അകയർ ചെയ്തു.

പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ ചിങ്ങനല്ലൂർ എൽ.പി. സ്കൂളാണ്. പൗരപ്രമുഖർ ചേർന്നാരംഭിച്ച സ്കൂൾ തദ്ദേശവാസികൾ കെട്ടുതെങ്ങ് നൽകി ഫണ്ട് സ്വരൂപിച്ചാണ് കെട്ടിടം നിർമ്മിച്ചത്. ശ്രീ. നാരായണ ഗുരു വർക്കല ശാരദാ പ്രതിഷ്ഠയ്ക്ക് ശേഷം ക്ഷേത്ര നിർമ്മാണത്തിനായിരിക്കരുത് പ്രധാന്യം പ്രധാന ദേവാലയം വിദ്യാലയം ആയിരിക്കണമെന്ന് പ്രഖ്യപിക്കുക വർക്കല, ആലുവ, സ്കൂളുകൾ ആരം

ഭിക്കുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി പര്യടനം നടത്തുന്നതിനിടയിൽ ഈ പ്രദേശം സന്ദർശിച്ചിരുന്നു. ഈ അവസരത്തിൽ നൽകിയ ആഹ്വാനം "വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ, സംഘടകൊണ്ട് ശക്തരാകുവിൻ" ഉൾകൊണ്ട് S. N.D.P. യോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ. പാലപ്ര പി. ആർ. കേശവന്റെ നേതൃത്വത്തിൽത്തിൽ ചൂചൂരവിള L.P. സ്കൂൾ ആരംഭിച്ചു. കുഴിക്കാല ആശാൻ നടത്തിയിരുന്ന എഴുത്തുപള്ളിയിലായിരുന്നു ഒന്നാം ക്ലാസ്സ് ആരംഭിച്ചത്. പിന്നീട് സ്രാമ്പിക്കൽ തറയിൽ മഠത്തിൽ ശ്രീ. സുബ്രഹ്മണ്യ അയ്യർ, ഗണപതി വിലാസം L.P. സ്കൂൾ ആരംഭിച്ചു. 1949 ലാണ്, 30 വർഷം പഴക്കമുള്ള സെന്റ് തോമസ് ഇംഗ്ലീഷ് U.P. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയത്. ഇതാണ് ആദ്യത്തെ ഹൈസ്കൂൾ. ആദ്യത്തെ പോസ്റ്റോഫീസ് വെമ്പുഴയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോഴും പഞ്ചായത്തിലെ രണ്ട് പോസ്റ്റോഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആധുനിക കാലത്തെ പ്രധാന സന്നദ്ധ പ്രവർത്തനം 1958 ൽ നടന്ന കായംകുളം കായൽ റിക്ലമേഷൻ പദ്ധതി ആയിരുന്നു. ആയിരകണക്കിന് മനുഷ്യാധ്വാന ദിനങ്ങൾ വഴി കെട്ടിപ്പെടുത്ത സംരഭമാണ്, പിന്നീട് കോടികണക്കിന് രൂപ സർക്കാരിലേക്ക് വരുമാനമുണ്ടാക്കിയ നാളീകേരവും നെല്ലും മത്സ്യവും ഉൽപ്പാദിപ്പിച്ച കായൽ ഫാമിന്റെയും ഇന്നത്തെ വൈദ്യുതി നിലയത്തിന്റെയും ആസ്ഥിയായത് എന്ന് ഓർക്കുമ്പോൾ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്.

3

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

കായംകുളം കായലിനും നാഷണൽ ഹൈവേ 47 നും മദ്ധ്യേ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് "തീര സമതലത്തിൽ" പെടുന്ന ഈ ഭൂപ്രദേശം കണ്ടൽകാടുകളായിരുന്നു എന്ന് ചരിത്ര വസ്തുതയ്ക്ക് മണ്ണിനടിയിൽ വ്യാപകമായി കാണുന്ന കാണ്ഡാമര കുറ്റികൾ സാക്ഷി നിൽക്കുന്നു.

"ഓണാട്ടുകര" കാർഷിക കാലാവസ്ഥ മേഖലയിൽ പെടുന്ന പഞ്ചായത്തിലെ (സാൻഡിലോം) ചെളികലർന്ന മണൽ ഇനത്തിൽ പെടുന്ന മണ്ണിലെ മുഖ്യ കാർഷിക വിള നെല്ല് തെങ്ങ് കപ്പ കമുക് എന്നിവയാണ്. ഏറ്റവും കൂടുതൽ മഴ 718 മി. മി. ജൂൺ ജൂലൈ മാസങ്ങളിലാണ് ലഭിച്ചിട്ടുള്ളത് മഴയുടെ വാർഷിക ശരാശരി 3075 മി. മി.) ഏറ്റവും കൂടുതൽ രേഖപ്പെടുത്തപ്പെട്ട ചൂട് 33.5 ഡിഗ്രി സെൽഷ്യസ് മാർച്ച് ഏപ്രിൽ മാസങ്ങളിലാണ്.

കായലോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തിന്റെ പിടഞ്ഞാറ് ഭാഗം മുൻകാലത്തെ മുണ്ടക നിലങ്ങളായിരുന്നത് നികത്തി ഇപ്പോൾ തെങ്ങ് കൃഷി ചെയ്യുന്നു. ചിറകളും തോടുകളും മാത്രം ആണ് ഇപ്പോൾ ഉള്ളത്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം ചിങ്ങോലിയിലെ ജനസംഖ്യ 14223 ആയിരുന്നു. പുരുഷന്മാർ 6807 സ്ത്രീകൾ 7416 ആണ്. പുരുഷന്മാരെക്കാൾ 609 സ്ത്രീകളാണ് പഞ്ചായത്തിൽ കൂടുതലുള്ളത്. ജനസാന്ദ്രത 1965 ഇത് ഹരിപ്പാട് ബ്ലോക്കിലെ 1458 നെക്കാൾ 507 കൂടുതൽ ആണെങ്കിൽ ആലപ്പുഴ ജില്ലയിലെ 1415 നെക്കാൾ 550 കൂടുതലാണ് പഞ്ചായത്തിലെ ജനസാന്ദ്രത.

ചിങ്ങോലിയിലെ തൊഴിൽ അവസരങ്ങൾ പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചായിരുന്നു. കയർ മത്സ്യം എന്നീ പരമ്പരാഗത മേഖലയും തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. നെൽകൃഷി ആദായകരമല്ലാതായതിനാൽ കൃഷിക്കാർ നാളീകേര കൃഷിയിലേക്ക് മാറി. സെറ്റിൽമെന്റ് രേഖകളും റീ സർവ്വേ രേഖകളും താരതമ്യം ചെയ്താൽ നിലത്തിന്റെ വിസ

സാന്ദ്രത

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ	പട്ടികജാതി കുടുംബം	ഹിന്ദു കുടുംബം	മുസ്ലിം കുടുംബം	ക്രിസ്ത്യൻ കുടുംബം
1	881	930	1811	30	340	20	156
2	893	1079	1972	50	500	6	60
3	858	939	1792	19	370	29	47
4	902	1058	1960	50	450	16	3
5	729	844	1573	100	325	55	
6	722	867	1589	75	390	38	9
7	819	967	1786	75	330	72	68
8	833	900	1733	20	370	42	80

തൃതി നേർപകുതിയായി കുറഞ്ഞ് ഇത് തൊഴിൽ അവസരങ്ങൾ കുറച്ചു. കയർ മത്സ്യം തുടങ്ങിയ പരമ്പരാഗത മേഖലയുടെ തകർച്ചയോടെ തൊഴിലില്ലായ്മ രൂക്ഷമായി അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ മറ്റൊരു ഗൗരവതരമായ പ്രശ്നമാണ്.

പുരോഗമന പ്രസ്ഥാനങ്ങൾക്ക് പഞ്ചായത്തിലുള്ള സ്വാധീനം കാരണം ജാതിപരമായ ഉച്ചനീചത്വങ്ങൾ ഏതാണ്ട് ഇല്ലാതായിട്ടുണ്ട്. മതനിരപേക്ഷ സംസ്കാരം ഉയർന്നതും താഴ്ന്നതും ആയ ജാതികളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 3095 മി. മി. മഴ പെയ്യുന്നു. ഏറ്റവും കൂടുതൽ മഴ 718.5 മി. മി. മഴകിട്ടുന്നത് ജൂൺ ജൂലൈ മാസങ്ങളിലാണ്. ഏറ്റവും കുറവ് ജനുവരിയിലും.

പഞ്ചായത്തിന് പടിഞ്ഞാറെ അതിരിടുന്ന കായംകുളം കായലിലേക്കാണ് പഞ്ചായത്തിലെ പന്ത്രണ്ട് തോടുകളും ചെന്ന് ചേരുന്നത്. ആകെ തോടുകൾ 8 കി. മി. നീളംവരും. ഇതിൽ ഏറ്റവും നീളം കൂടിയ തോടായ കാഞ്ഞൂർ, കന്നിട്ട തോട് (പറയൻ തോട്) ന് 1.75 കി. മി. നീളമുണ്ട്. (പട്ടിക)

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം 6, 7, 8 വാർഡുകളിലായി 30 ഹെക്ടർ മുണ്ടക നിലമാണ്. മുണ്ടക നിലങ്ങളും മറ്റ് തോടുകളും കായലേക്ക് പതിക്കുന്ന ഇടങ്ങളിൽ നടപ്പാലവും ഷട്ടറുകളും (വെന്റഡ് ക്രോസ് ബാർ) ഉണ്ടായിരുന്നത് ഉപ്പുവെള്ളം കയറുന്നതിനെ നിയന്ത്രിച്ചിരുന്നു ഇവ ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഈ പ്രദേശം ആകെ ഉപ്പ് കലർന്ന ഒരു ജലമാണ്.

പ്രധാന തോടുകൾ

ക്രമ നം	പ്രധാന തോടുകൾ	നീളം	വീതി
1.	കാഞ്ഞൂർ - കന്നിട്ടയിൽ തോട്	1.750 കി. മി.	3 മീ.
2.	പാണ്ടോം പുറത്ത് തോട്	1 കി. മി.	3 മീ
3.	തോട്ടുപുറം - കൈലാസം - ഉപ്പഴത്തിൽ തോട്	1.500 കി. മി.	3 മി.
4.	കാർത്തികപ്പള്ളി കന്നിട്ട തോട്	1.0 കി. മി.	20 മി.
5.	തുറവശ്ശേരി - പട്ടന്റെ മുട്ടേൽ	500 കി. മി.	3. മി.
6.	അറേശ്ശേരി തോട്	.50 കി. മി.	5 മി.
7.	വേളശ്ശേരി .	250 കി. മി.	3 മി.
8.	കന്നേൽ പാല ചൂരവിള .	250 കി. മി.	3 മി.
9.	നെടിയകണ്ടത്തിൽ	.250 കി. മി.	4 മി.
10.	മുളവന തോട്	.20 കി. മി.	3 മി.
11.	നെടുന്തറ തോട്	.500 കി. മി.	3 മി.
12.	മുന്നാംകുറ്റി തോട്	.250 കി. മി.	3 മി.

പ്രധാന കുളങ്ങൾ

ക്ര ന		വിസ്തീർണ്ണം	ഉടമസ്ഥത
1.	പുന്നക്കുളം	22 സെന്റ്	പഞ്ചായത്ത് വക
2.	കുളളാട്ടുകുളം	32 സെന്റ്	പഞ്ചായത്ത് വക
3	പാച്ചേലി കുളം	10 സെന്റ്	പഞ്ചായത്ത് വക
4	കാവിൽ പടിക്കൽ കുളം	50 സെന്റ്	ക്ഷേത്രം വക
5.	കാരുവളളി ഇല്ലം വക കുളം	15 സെന്റ്	സ്വകാര്യം
6.	ആയിക്കുന്നത്ത് കോയിക്കൽ കുളം	20 സെന്റ്	സ്വകാര്യം
7.	പാട്ടത്തിൽ കുളം	10 സെന്റ്	സ്വകാര്യം
8.	വിരുത്തി മഠം	30 സെന്റ്	സ്വകാര്യം
9.	തറയിൽ മഠം	10 സെന്റ്	സ്വകാര്യം
10.	കോയിപ്പളളിൽ	10 സെന്റ്	സ്വകാര്യം
11.	കളപ്പുരയ്ക്കൽ	30 സെന്റ്	സ്വകാര്യം
12.	മുക്കുവശ്ശേരി പളളിക്കുളം	30 സെന്റ്	പളളിവക
13.	തെക്കുടുകത്ത്	25 സെന്റ്	സ്വകാര്യം
14.	കുട്ടൻത്തറ ക്ഷേത്രക്കുളം	15 സെന്റ്	ക്ഷേത്രം വക
15.	ചക്കനാട്ട് കുളം	10 സെന്റ്	സ്വകാര്യം
16.	ഉളളാടശ്ശേരി	15 സെന്റ്	സ്വകാര്യം
17.	പുതുവാക്കൽ	25 സെന്റ്	സ്വകാര്യം
18.	മുകൻപ്പിളളിൽ കിഴക്കുചാൽ	50 സെന്റ്	സ്വകാര്യം
19.	കളരിവാതുക്കൽ കുളം	15 സെന്റ്	സ്വകാര്യം
20.	പാണ്ടാപുറത്ത് കിഴക്കതിൽ	15 സെന്റ്	സ്വകാര്യം
21.	മുന്നാംകുറ്റി ചാൽ	100 സെന്റ്	സ്വകാര്യം
22.	തൊണ്ടൻ വേലി കുളം	15 സെന്റ്	സ്വകാര്യം
23.	തണ്ണിക്കള കുളം	15 സെന്റ്	സ്വകാര്യം
24.	മുഞ്ഞനാട്ടു കുളം	15 സെന്റ്	സ്വകാര്യം.
25.	കൈപ്പളളിൽ പടീറ്റതിൽ	20 സെന്റ്	സ്വകാര്യം
26.	മാംമ്പറ കുളം	30 സെന്റ്	സ്വകാര്യം
27.	ഈരക്കാട്ടു കുളം	30 സെന്റ്	സ്വകാര്യം
28.	തുണ്ടിൽ	10 സെന്റ്	സ്വകാര്യം
29.	മുളയ്ക്കൽ	20 സെന്റ്	സ്വകാര്യം

4

കൃഷിയും ജലസേചനവും

പൂർണ്ണമായും ഒരു കാർഷിക ഗ്രാമമായ ചിങ്ങോലി പഞ്ചായത്തിന്റെ കായംകുളം കായലിനോട് ചേർന്ന് കിടക്കുന്ന പടിഞ്ഞാറൻ ഭാഗത്ത് വെള്ളകെട്ടുള്ള മുൻകാല മുണ്ടക നിലങ്ങളും അതിന് കിഴക്കായി വിരിപ്പ് നിലങ്ങളും ചേർന്ന് പുരയിടങ്ങളുമാണ്. മുഖ്യ കൃഷി തെങ്ങ്, നെല്ല് ഇടവിളകളായി കപ്പ, ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, വാഴ, കുരുമുളക്, പച്ചക്കറി, എള്ള്, പയർ. ഇപ്പോൾ വിരിപ്പ് നിലങ്ങളിൽ ഭൂരിപക്ഷവും ഒരു കൃഷി മാത്രമേ നടത്തുന്നുള്ളു. ഇടവിള പലതും ഇല്ലാതായിരിക്കുന്നു. റിസർവ്വേ രേഖകൾ പ്രകാരം 220 ഹെക്ടർ നിലവും 425 ഹെ. പുരയിടവും 80 ഹെ. മുണ്ടക നിലവുമാണ്.

ഭൂമിയുടെ കൈവശം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഭൂവിസ്തൃതി	കൈവശക്കാരുടെ എണ്ണം ആകെ	വിസ്തീർണ്ണം
1.	10 സെന്റ്	5000	45
2.	10 മുതൽ 25 സെന്റ്	1800	400
3.	25 മുതൽ 50 സെന്റ്	1200	500
4.	50മുതൽ 100 സെന്റ്	350	300
5.	1 മുതൽ 2 ഏക്കർ	150	250
6.	2 മുതൽ 5 എക്കർ	10	40
7.	5 ഏക്കറിനു മേൽ	5	25
	ആകെ	8515	1560

പഞ്ചായത്തിലെ ആളോഹരി കൃഷി ഭൂമിയുടെ ലഭ്യതയായ 0.07 ഹെ. സംസ്ഥാന ആളോഹരിയുടേതിന് തുല്യമാണ്.

ആദ്യകാലത്ത് നെൽകൃഷിക്കായിരുന്നു പ്രാധാന്യം. പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയായിരുന്നു. പരിസ്ഥിതിയുടെ ആനുകൂല്യവും കൃത്യമായ നാടൻജലനിർഗമനവും കൃഷിക്കാരന്റെയും കർഷകതൊഴിലാളികളുടെയും മണ്ണിനോടുള്ള കൂറുകാരണം ആദായകരവും സാമൂഹ്യവുമായി അന്തസ്സുള്ളതുമായ ഒരു വൃത്തിയായിരുന്നു കൃഷി. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായി ഏതാനും വൻകിടജന്മി കുടുംബങ്ങളായിരുന്നു.

ആകെ ഭൂമിയുടെ 60% നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. വിരുപ്പുനിലങ്ങളിൽ കൊച്ചുവിത്ത്, ചമ്പാവ്, അതിക്കര, വെള്ളമുണ്ടകൻ

എന്നീ നാടൻവിത്തിനങ്ങളായിരുന്നു കൃഷിചെയ്തിരുന്നത്. ഓരിന്റെ അംശമുണ്ടായിരുന്ന മുണ്ടകനിലങ്ങളിൽ പ്രത്യേക മുണ്ടകൻ വിത്ത് ഉപയോഗിച്ചിരുന്നു. നെല്ലായിരന്നു സാമൂഹ്യവസ്ഥയിൽ സാമ്പത്തികവിതരണത്തിന്റെ അടിസ്ഥാനം.

പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, മുതിര, ചീവകിഴങ്ങ്, കപ്പകിഴങ്ങ്, പച്ചക്കറി, ഇവ വ്യാപകമായി കൃഷി ചെയ്തിരുന്നു. കരകൃഷിയായി ചേന, ചേമ്പ്, കിഴങ്ങ്, കാച്ചിൽ, കപ്പ ഇവ ധാരാളം ഉൽൽപ്പാദിപ്പിച്ചിരുന്നു. പഞ്ഞ മാസങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള കരുതൽ വിളകളായിരുന്നു ഇവ.

മണ്ണൊലിപ്പ് തടയുന്നതിനായി അതിരുകളിൽ കൈത, കടച്ച ഇവ ഉപയോഗിച്ചിരുന്നു. തോട്, കുളം എന്നിവയിൽ നിന്നും ചക്രം ഉപയോഗിച്ചുള്ള ജല സേചനമായിരുന്നു ഏക ജല സേചന സൗകര്യം. നാടൻ കീട നിയന്ത്രണ മാർഗ്ഗങ്ങളുമുണ്ടായിരുന്നു. കയറിൽ മീനെണ്ണ വേപ്പെണ്ണ, ഇവ പൂരട്ടി നെൽപാടങ്ങളിൽ വലിച്ചും കൈതതല തെങ്ങിൻകുല എന്നിവ വീശി പുഴക്കളെ നശിപ്പിക്കൽ എലിനശീകരണത്തിന് മുളകൊണ്ടുള്ള എലികെണി ഈ രീതികളൊക്കെ ആയിരുന്നു, പ്രയോഗത്തിൽ ഉണ്ടായിരുന്നത്.

തെങ്ങ് കൃഷി വ്യാപകമായിരുന്നില്ല. കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം ആലപ്പുഴയായിരുന്നു. ഭൂപരിഷ്കരണം നടപ്പിലായതോടെ ഭൂമിയെ തുണ്ടുകളായി വിഭജിക്കപ്പെട്ടു. കാർഷിക മേഖലയിലെ കൂലി നിലവാരം ഉയർന്നതോടെ കൃഷിയുടെ ചിലവ് വർദ്ധിച്ചു. കൃഷിയുടെ മാന്യത കുറഞ്ഞു. ഈ കാരണങ്ങൾ നെൽവയലുകൾ നികത്തുന്നതിനും കൂടുതൽ പരിചരണം ആവശ്യമില്ലാത്ത തെങ്ങ് കൃഷിയിലേക്കുള്ള മാറ്റത്തിനും ആക്കം കൂട്ടി. വീട് വയ്ക്കാനുള്ള നികത്ത്, റോഡുകളുടെ വർദ്ധന ഇവ ജല നിർഗമന മാർഗ്ഗങ്ങൾ നശിക്കാനും വയലുകൾ വെള്ള കെട്ടുകളാകാനും തുടങ്ങി.

സെറ്റിൽമെന്റ് രേഖകൾ പ്രകാരം നിലത്തിന്റെ വിസ്തീർണ്ണം 440 ഹെക്ടറായിരുന്നുവെങ്കിൽ റിസർവ്വേ രേഖകൾ പ്രകാരം 248 ഹെക്ടറായി കുറഞ്ഞു. ഇത് മൊത്തം വിസ്തൃതിയുടെ 34% വരും. ഈ നിലത്തിൽ തന്നെ 3 കൃഷിയും നടത്തുന്നത്. 1/3 ഭാഗത്ത് മാത്രമാണ്. നെൽകൃഷി ആദായകരമല്ലാത്തതായി, വിദ്യാഭ്യാസം സാർവ്വത്രികമായതും കൂലിക്കുറവും കൃഷി തൊഴിലാളികളുടെ പിൻമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഈ കാരണങ്ങൾ വയൽ നികത്തി തെങ്ങ് കൃഷി ചെയ്യുന്നതിന് ആക്കം വർദ്ധിപ്പിച്ചു. ജനസംഖ്യാ വർദ്ധനവ്വ് പാർപ്പിടത്തിനായുള്ള നികത്തൽ കൂടുതലായി. കാർഷിക വൃത്തിയോടുള്ള സമീപനത്തിൽ വന്ന മാറ്റത്തിന്റെ ഭാഗമായി കരകൃഷിയും നശിച്ചു കൊണ്ടിരിക്കുന്നു. നെൽവയലുകൾ നികത്തിയതും അശാസ്ത്രീയമായ റോഡ് നിർമ്മാണവും ഭക്ഷ്യോൽപ്പാദനം കുറയ്ക്കുകയും വെള്ളകെട്ടുകളും അനുബന്ധമായ പരിസ്തതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തു എല്ലാ വാർഡുകളിലും ഇത്തരം വെള്ള കെട്ടുകൾ പരിമിതമായ നെൽകൃഷിയെ കൂടി നശിപ്പിക്കുന്നു തെങ്ങുകളുടെ ഉൽപ്പാദന ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

കൃഷിയുമായി ബന്ധപ്പെട്ട് പന്ത്രണ്ട് തോടുകളുണ്ടായിരുന്നത്, പലതും ഇന്ന് നികന്നും വയലുകളിൽ നിന്നും ഈ തോടുകളുമായുള്ള ചാലുകൾ നശിച്ചും കിടക്കുകയാണ്. മഴകാലത്ത് വെള്ളം കെട്ടി നിന്ന് പെട്ടെന്ന് കുത്തൊഴുക്കിലൂടെ സൃഷ്ടിക്കുന്ന മണ്ണൊലിപ്പ് ഭൂമിയുടെ ഭലഭൂയിഷ്ടത ഗണ്യമായി കുറയ്ക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 724 ഹെ. ആണ്. ഇതിൽ 80 ഹെ. മുണ്ടക നിലവും 6.5 കി. മി. നീളത്തിൽ തോടുകളും 3 ഹെ. കുളങ്ങളുമാണ്. മുണ്ടക നിലത്തിന്റെ വിസ്തൃതിയിൽ 4 ഹെ. തൊണ്ടു മൂടുന്നതിനുപയോഗിക്കുന്നു. ബാക്കിയുള്ളതിൽ 20 ഹെ. ജലാശയം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നു.

ഭൂവിനിയോഗം / വിള വിസ്തീർണ്ണം

ക്രമ നമ്പർ	വിളകൾ	വിസ്തൃതി	ശതമാനം
1.	നെല്ല്	126 ഹെ.	18
2.	പയർ	104 ഹെ.	
3.	എള്ള്	25 ഹെ.	
4	പച്ചക്കറികൾ	5 ഹെ.	
5.	തെങ്ങ്	325 ഹെ.	48
6	വാഴ	50 ഹെ.	
7	മരച്ചീനി	1.5 ഹെ	
8	കുരുമുളക്	2.5 ഹെ	
9	പ്ലാവ്	2 ഹെ	
10	കശുമാവ്	2 ഹെ.	
11.	മാവ്	2 ഹെ.	
12.	കവുങ്ങ്	2.5 ഹെ.	
13.	ഇഞ്ചി	1.00 ഹെ.	
14.	മഞ്ഞൾ	1.00 ഹെ.	

ചെളി കലർന്ന മണലാണ് പഞ്ചായത്തിൽ ആകെയുള്ളത്. കായലുമായുള്ള സാമിപ്യം ബണ്ടുകളുടെ അപര്യാപ്തത ഇവ മൂലം തോട്ടിലൂടെ ഉപ്പ് വെള്ളം കയറുന്നു. ഇത് മണ്ണിന്റെ ഉപ്പ് രസം വർദ്ധിപ്പിക്കുന്നുണ്ട്. നിലം നികത്തി തെങ്ങ് വയ്ക്കുന്നത് കാരണം കെട്ടി നിൽക്കുന്ന വെള്ളം രാസപ്രവർത്തനത്തിന് വിധേയമാകുന്നു ഇതും മണ്ണിന്റെ ഘടനയെ ബാധിച്ചിട്ടുണ്ട്. ജൈവ വളങ്ങളുടെ ഉപയോഗം ഇല്ലാതാകുകയും രാസവളം മാത്രം ഉപയോഗിക്കുകയും ചെയ്തതിന്റെ ഫലമായി മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ചിട്ടുണ്ട്.

കൃഷി ഭൂമിയുടെ 18% നെല്ലും 48% തെങ്ങും കൃഷി ചെയ്യുന്നു. എള്ള്, പച്ചക്കറി, വാഴ, പയർ, മരച്ചീനി എന്നിവ കൃഷി ചെയ്യുന്നുണ്ടെങ്കിലും വേണ്ടത്ര പരിഗണന ഇന്നു ലഭിക്കുന്നില്ല. മൽബറി കൃഷി ചെയ്തിരുന്നു. പ്രോത്സാഹനം ലഭിക്കാഞ്ഞതു കാരണം. പൂർണ്ണമായും നശിച്ചു.

കൃഷി ഉൽപ്പാദനക്ഷമത

1.	നെല്ല് ഒന്നാം വിള	1500 കി. / ഹെക്ടർ
2.	നെല്ല് രണ്ടാം വിള	1200 കി. / ഹെക്ടർ
3.	എള്ള്	50 കി. / ഹെക്ടർ
4.	തെങ്ങ്	2000 എണ്ണം / ഹെക്ടർ
5.	വാഴ	4 ടൺ / ഹെക്ടർ
6.	കുരുമുളക്	1 ടൺ / ഹെക്ടർ
7.	കവുങ്ങ്	2 ടൺ / ഹെക്ടർ
8.	ഇഞ്ചി	2 ടൺ / ഹെക്ടർ

മുഖ്യ വിളയായ തെങ്ങിന്റെ ഉൽപ്പാദന ക്ഷമത അനുദിനം കുറഞ്ഞ് വരികയാണ്. ശാസ്ത്രീയമായ വള പ്രയോഗത്തിന്റെ കുറവ് വയൽ നികത്തി തെങ്ങ് വച്ച ഇടങ്ങളിലുള്ള വെള്ളകെട്ട് കാരണമുള്ള തെങ്ങ് രോഗം ഇവ ഉൽപ്പാദന ക്ഷമത കുറയ്ക്കാനിടയായി

വളം

പഞ്ചായത്തിൽ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും ഓരോ രാസവള ഡിപ്പോ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ രാസവള വിപണന കേന്ദ്രം ഈ പഞ്ചായത്തിൽ ഇല്ല. നെൽകൃഷിക്കാണ് പ്രധാനമായും രാസവളം ഉപയോഗിക്കുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വള പ്രയോഗം നിലവിലില്ല.

ഇത് കൃഷിചിലവ് വർദ്ധിക്കാൻ ഇടയായി ജൈവവളങ്ങൾ വിരളമായി മാത്രം ഉപയോഗിക്കുന്നു.

കീടനാശിനികൾ

നെല്ലിനു മാത്രമാണ് കീടനാശിനി ഉപയോഗിക്കുന്നത്. കീടനാശിനികൾ കൈകാര്യ ചെയ്യുമ്പോഴുള്ള മുൻകരുതലുകൾ സ്വീകരിക്കാതെയാണ് മരുന്ന് തളിക്കുന്നത്. കാർഷികോ ഉപകരണങ്ങൾ

പാടശേഖര കമ്മറ്റിക്കായി ഒരു ട്രില്ലർ, 118 നാടൻ കലപ്പ, റോക്ക് സ്പ്രയർ, 10 നാപ്സാക്സ്പ്രയർ, 8 പോർട്ടബിൽ പമ്പ് സെറ്റ് എന്നിവ കൃഷിഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട്. പഴയകാലത്ത് കൃഷിക്കുപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ മിക്കതും അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു.

പാടശേഖര സമിതി

കൃഷിഭവന്റെ അഭിമുഖ്യത്തിൽ നെല്ലുൽപ്പാദക സമിതികളും കേരസംരക്ഷണ സമിതികളും രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല.

കൂലി നിരക്ക്,

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ കൃഷിയോടുള്ള ആഭിമുഖ്യ കുറവ് ഇവ കാരണങ്ങളിൽ പെടുന്നു. 3700 കർഷക കുടുംബങ്ങളിൽ 500 ൽ താഴെ കുടുംബങ്ങൾ മാത്രമെ കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി കാണുന്നുള്ളു. ഏകദേശം 2000 പേരാണ് കർഷക തൊഴിലാളികളായി പഞ്ചായത്തിൽ ഉള്ളത്. ശരാശരി കൂലി നിരക്ക് പുരഷന്മാർ 75 രൂപ സ്ത്രീകൾ 35 രൂപ. കാലത്ത് 8 മണി മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ 5 മണിക്കൂർ ഉച്ചജോലിയ്ക്കാണ് ഈ കൂലി നിരക്ക്.

കാർഷിക വായ്പ

രണ്ടു സഹകരണ സ്ഥാപനങ്ങൾ അടക്കം 3 ബാങ്കുകളാണ്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാർത്തികപ്പള്ളി ശാഖ, ഭൂവികസന ബാങ്ക് ഹരിപ്പാട് എന്നീ ബാങ്കുകളും കാർഷിക വായ്പകൾ നൽകുന്നുണ്ട്. കാർഷിക ലോണുകൾ പൂർണ്ണമായും കൃഷി ആവശ്യത്തിന് ഉപോയിഗിക്കാതിരിക്കൽ വായ്പ തിരിച്ചടയ്ക്കുന്നതിൽ കാണിക്കുന്ന ശുഷ്കാന്തിക്കുറവ് എന്നീ പ്രശ്നങ്ങൾ ബാങ്ക് അധികൃതർ ഉന്നയിക്കുന്നുണ്ട്. അതോടൊപ്പം വായ്പകൾ നൽകുന്ന കാര്യത്തിൽ ചില ബാങ്ക് അധികൃതരുടെ ഭാഗത്ത് നിന്നും വൈമനസ്യവും അനുഭവപ്പെടാറുണ്ട്.

ജലസേചനം

പമ്പ ഇറിഗേഷൻ കനാലുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിലൂടെ ജലസേചനം നടക്കുന്നില്ല. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയാണ് അടുത്ത കാലത്തായി കൃഷിഭവൻ മുഖേന സബ്സിഡികൾ നൽകി കുഴൽ കിണറും പമ്പും സ്ഥാപിച്ച് കര കൃഷിക്കും തെങ്ങ് കൃഷിക്കും ജലസേചനം ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ നീരൊഴുക്ക് കാഞ്ഞൂർ പാടം അച്ചൻകോവിൽ ആറ് എന്നിവയുമായി ബന്ധപ്പെട്ട് കിടക്കുന്നു താപനിലയത്തിന്റെ ടൗൺഷിപ്പ് നിർമ്മാ

ബാങ്ക് വായ്പകളെ സംബന്ധിക്കുന്ന വിവരം

ക്ര.ന.	ബാങ്ക്	വർഷം	തുക	ഗുണഭോക്താക്കൾ
1.	കാർഷിക വികസന ബാങ്ക്		3549325	415
2.	ചിങ്ങോലി സർവ്വീസ് സഹകരണ ബാങ്ക് (നമ്പർ 12)		737812	
3.	ചിങ്ങോലി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1887		125000	
4.	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലഭ്യമല്ല			
5.	സൗത്ത് ഇന്ത്യൻ ബാങ്ക് ലഭ്യമല്ല			
6	ഹരിജൻ സർവ്വീസ് സഹകരണ ബാങ്ക് ലഭ്യമല്ല			

ണത്തിനായി പഞ്ചായത്തിന്റെ കിഴക്കൻ ഭാഗത്തുള്ള പാടശേഖരങ്ങൾ പൂർണ്ണമായും നികത്തിയത് ഭാവിയിൽ തോടുകളുടെ നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കും.

തോടുകൾ

പഞ്ചായത്തിൽ ആകെയുള്ള പന്ത്രണ്ട് തോടുകളുടെ മൊത്തം നീളം 8 കി. മി. വരും. കഴിഞ്ഞകാലത്ത് ഉപ്പ് വെള്ളം കയറുന്നത് നിയന്ത്രിച്ചിരുന്നത് മുഖ്യമായും പൂത്തോട്ട് മുട്ട് ചീപ്പ് മുഖേനയായിരുന്നു. കൂടാതെ കായൽ തീരങ്ങളിൽ 5 വി.സി.ബി. (Vented Cross Bar) ഉണ്ടായിരുന്നു. പൂത്തോട്ട് മുട്ടേൽ ചീപ്പ് പൂർണ്ണമായും തകർന്നു, നിലവിലുണ്ടായിരുന്ന വി.സി.ബി.യുടെ പലകകളും നഷ്ട്ടപ്പെട്ടു, തന്മൂലം ഉപ്പ് വെള്ളം കയറി തോടുകളിൽ ഓരു വർദ്ധിക്കുവാൻ ഇടയായി. ഉപ്പ് വെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിന് 5 താൽക്കാലിക ബണ്ടുകൾ നിർമ്മിക്കാറുണ്ട്. ഇത് യഥാസമയം നിർമ്മിക്കുന്നു എന്നും ഉപ്പ് വെള്ളം കയറുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നു എന്നും ഉറപ്പ് പറയുവാൻ കഴിയുകയില്ല.

കുളങ്ങൾ

വലുതും ചെറുതുമായി 100 ലധികം കുളങ്ങളുണ്ട്. ഇവയൊന്നും ജലസേചനത്തിനായി ഉപയോഗിക്കുന്നില്ല. ക്ഷേത്രകുളം ഒഴിച്ച് മറ്റുള്ളവ സംരക്ഷിക്കുന്നില്ല. ചിലവ വേനൽക്കാലത്ത് വറ്റുന്നവയാണ്. പ്രധാന കുളങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (പട്ടിക W. 2)

മണ്ണ് ജലസംരക്ഷണം

പുരയിടം കൂനകിളയ്ക്കൽ, തടം എടുക്കൽ, പാടത്തിന്റെ വരമ്പ് ബലപ്പെടുത്തൽ, തോട്ടുവക്കത്ത് കടച്ച, ശീമകൊന്ന, കൈത ഇവ വച്ചു പിടിപ്പിച്ചും സംരക്ഷണ പ്രവർത്തനം നടത്തിയിരുന്നു. കൃഷിയോടുള്ള ആഭിമുഖ്യകുറവും ഭൂമി തുണ്ടുകളായി വിഭജിച്ചതും കൃഷി ചിലവിൽ ഉണ്ടായ വർദ്ധനയും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. വിശ്വാസത്തിന്റെ പേരിൽ ആണെങ്കിൽ പോലും നൂറിലേറെ കാവുകൾ സംരക്ഷിച്ചു പോരുന്നത്. മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

നഴ്സറികൾ

പഞ്ചായത്തിൽ ആകെയുള്ളത് ഒരു സ്വകാര്യ നഴ്സറിയാണ്. ആവശ്യമായത്ര നടീൽ വസ്തുക്കൾ ലഭ്യമല്ല.

കൃഷിഭവൻ

ഒരു കൃഷി ആഫീസറും ഒരു കൃഷി അസിസ്റ്റന്റും മൂന്ന് ഫീൽഡ് വർക്കരുമാരും ഉള്ള കൃഷിഭവന്റെ പ്രവർത്തനത്തിൽ വിമർശനമുണ്ട്. പഞ്ചായത്തിലെ കർഷകരുടെ ആവശ്യങ്ങളും കൃഷി ഭവന്റെ പരിമിതികളുമാണ് ഈ വിമർശനത്തിന്റെ അടിസ്ഥാനം.

പ്രശ്നങ്ങൾ

പൂത്തോട്ട് മുട്ട് ചീപ്പ് പ്രധാന വി.സി.ബി. തകർന്നു. കായൽ തീരത്തുണ്ടായിരുന്ന അഞ്ച് വി.സി.ബി. കളും ചീപ്പുകളും നശിച്ചു. ഇത് കാരണം തോട്ടിലൂടെ ഉപ്പ് വെള്ളം കയറി നെൽകൃഷിയെ ബാധിച്ചു. മുണ്ടകൻ നെൽകൃഷി പൂർണമായും നിലച്ചു. വിരിപ്പി നിലങ്ങളിൽ രണ്ടും മൂന്നും വിലകളും ഇല്ലാതായി.

ഉൽപ്പാദന ചിലവിൽ വന്ന വർദ്ധനവ്, കർഷക തൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കായ്മ, കാലവർഷ വ്യതിയാനങ്ങൾ, കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവും ഇവയൊക്കെ നെൽകൃഷി ഉൽപ്പാദനം കുറയാൻ ഇടയായി.

മുഖ്യവിളയായ തെങ്ങിനെ മണ്ടചീയൽ ആണ് പ്രധാനമായും ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന രോഗം. വയലുകൾ നികത്തിയ തെങ്ങിൻ തോപ്പിലെ വെള്ളകെട്ടും ഒരു പ്രശ്നമാണ്. ജല സേചനവും തെങ്ങിന്റെ ഉൽപ്പാദുന ക്ഷമത വർദ്ധനവുമായുള്ള ബന്ധത്തെക്കുറിച്ച് കർഷകർ ബോധവാൻമാരല്ല. നാളീകേരത്തിന്റെ വിലക്കുറവ്, നല്ലയിനം തെങ്ങിൻ തൈകൾ ലഭിക്കായ്ക, പാർപ്പിട പ്രശ്നങ്ങൽ ഇവയും തെങ്ങിന്റെ ഉൽപ്പാദന ക്ഷമതയെ ബാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ വളപ്രയോഗം നടക്കാത്തത്, ജൈവ വളത്തിന്റെ ലഭ്യതക്കുറവ് മണ്ണ് പരിശോധന ഇല്ലാത്തതും മറ്റും മണ്ണിന്റെ ഘടനയെ തന്നെ ബാധിച്ചിട്ടുണ്ട്. കൂന എടുക്കുക, തടമെടുപ്പ് തുടങ്ങിയവ തെങ്ങിൻ പുരയിടങ്ങളിൽ ഇപ്പോൾ കൃത്യമായി നടക്കുന്നില്ല. ഇത് കാരണം മണ്ണൊലിപ്പ്, വരൾച്ച എന്നിവ അനുഭവപ്പെടാൻ ഇടയാകുന്നു വേനൽക്കാല പച്ചക്കറികൾ വ്യാപകമായുണ്ടായിരുന്നത് ജലസേചന സൗകര്യക്കുറവും വിപണനത്തിലെ ബുദ്ധിമുട്ടുകളും കാരണം. ഇല്ലാതായി. വ്യാപകമായ എലി ശല്യം കാരണം കപ്പ കൃഷി നാശോന്മുഖമാണ്. നീർവാർച്ച കുറവ് കാരണം വാഴകൃഷിയും നശിച്ച് കൊണ്ടിരിക്കുന്നു. കിഴങ്ങ് വർഗ്ഗം വാഴ ഇവയ്ക്ക് കരിക്കൻ ശല്യം വ്യാപകമാണ്.

പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ നെല്ലിന് മുഞ്ഞ പോളച്ചീയൽ, ചാഴി, മുട്ട് പുഴു എന്നിവയും തെങ്ങിന് കൂമ്പ് ചീയൽ കാറ്റുവീഴ്ച, ചെല്ലി, ഓലമഞ്ഞളിപ്പ്, എന്നിവയുമാണ്. ഉപ്പുവെള്ളംകയറുന്നതും ജലനിർഗമനക്കുറവും കൃഷിക്ക് ഭീഷണിയായി നിലനിൽക്കുന്നു. കൃഷിഭവന്റെ പ്രവർത്തനം

ചില വാർഡുകളിൽ മാത്രമായി ചുരുങ്ങുന്നു. അത്യുല്പാദനശേഷിയുള്ള വിത്തുകൾ സമയത്ത് ലഭിക്കായ്ക വിദഗ്ധോപദേശം ലഭിക്കായ്ക

സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ രാസവളം ലഭിക്കായ്ക ഇവയൊക്കെ കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

നിർദ്ദേശങ്ങൾ

1. പൂത്തോട്ടുമുട്ടുചീപ്പ് (VCB) അടിയന്തിരമായി നിർമ്മിച്ച് ഉപ്പു വെള്ളം കയറുന്നത് ഫലപ്രദമായി നിയന്ത്രിക്കണം. ഇത് പഞ്ചായത്തതിർത്തിയിലല്ലാത്തതിനാൽ ബ്ലോക്കുജില്ലാ പഞ്ചായത്തുകൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് പണി പൂർത്തിയാക്കണം.

2. കായംകുളം കായലിൽ നിന്നും ഉപ്പു വെള്ളം കയറുന്നതിനെ നിയന്ത്രിച്ചിരുന്നതും ഇപ്പോൾ ഫലപ്രദമല്ലാത്തതുമായ താഴെപ്പറയുന്ന 9 VCB കൾ അടിയന്തിരമായി പുതുക്കി പണിയണം.

നിലവിലുള്ള VCB കൾ

1. തുറവശ്ശേരി
2. അരയശ്ശേരി
3. കന്നേൽ
4. ശങ്കരമംഗലം
5. നെടിയങ്കണ്ടത്തിൽ
6. കൊടിക്കകത്ത്
7. കഴുവേറ്റുകുന്നേൽ 3 എണ്ണം

3. ആറാട്ടുപുഴ ചിങ്ങോലി പഞ്ചായത്തുകളുൾപ്പെട്ട പ്രദേശത്തായതിനാൽ ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തണം.

   മേൽ കാണിച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ വിരിപ്പുനിലങ്ങളിൽ 3 കൃഷിചെയ്യുന്നതിനും, നെൽകൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

4. വാർഡടിസ്ഥാനത്തിൽ മണ്ണുപരിശോധന നടത്തി വളപ്രയോഗത്തെക്കുറിച്ച് ബോധവത്കരണം നടത്തണം.

5. പഞ്ചായത്തിലെ പ്രധാന തോടുകൾ ആഴം കൂട്ടുകയും കരകൾ സംരക്ഷിക്കുകയും ഈ തോടുകളിലേയ്ക്ക് മുമ്പ് ഉണ്ടായിരുന്നതും ഇപ്പോൾ നികത്തിയതോ അടഞ്ഞതോ ആയ ഓവുകൾ, നീർച്ചാലുകൾ ഇവ പുനഃസ്ഥാപിച്ച് ജലനിർഗ്ഗമനം ഉറപ്പാക്കുകയും ഈ തോടുകളിൽ ആവശ്യമുള്ളിടത്ത് മട അഥവാ വിയറുകൾ നിർമ്മിച്ച് പാടങ്ങൾ കുളങ്ങൾ കിണറുകൾ എന്നിവയിലെ ജലനിരപ്പ് ഉയർത്തി നിലനിർത്തുകയും ചെയ്യുക. മേൽ പ്രവർത്തനവും സംരക്ഷണവും ഗുണഭോക്താക്കളുടെ സന്നദ്ധപ്രവർത്തനത്താലും സഹായത്താലും നടത്താവുന്നതാണ്. N.T.P.C. റോഡുകളിൽ കുഴലുകൾ ഇട്ടിരിക്കുന്നത് തോട്ടിലെ ജലനിരപ്പിന് വളരെ ഉയരത്തിലാണ്. ഇതുമൂലം വെള്ളമൊഴുക്ക് അസാദ്ധ്യമായിരിക്കുന്നു. ഇത് താഴ്ത്തിയിട്ട് ജലനിർഗ്ഗമനം ഉറപ്പാക്കണം.

6. ഗ്രൂപ്പ് ഫാമിംഗ്

   നിലവിലുള്ളതും പ്രവർത്തനരഹിതമായി കിടക്കുന്ന നെല്ലുല്പാദകസമതികളും കേര സംരക്ഷണസമതികളും പുനഃസംഘടിപ്പിച്ച് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനക്ഷമാക്കണം. പച്ചക്കറികളും കിഴങ്ങ് വർഗ്ഗ വിളകളും മെച്ചപ്പെടുത്തുന്നതിനും വിപണനത്തിനും കൂട്ടായിമയും ആഴ്ചചന്തയും സഹായകമാകും.

7. വിത്തിനങ്ങൾ

   അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, നടീൽവസ്തുക്കൾ ഇവ സംഭരിക്കുന്നതിനും പ്രദേശികമായി ഉൽപ്പാദിപ്പിക്കുന്നതിനും കഴിയുന്നത്രയും കൃഷിഭവനും സഹകരണസംഘവും സംയുക്തമായിപ്രവർത്തിക്കാൻ കഴിയണം.

8. ഔഷധസസ്യങ്ങൾ, സുഗന്ധവിളകൾ

   ഇഞ്ചി, മഞ്ഞൾ,കച്ചോലം, അമൃത്, അടപൊതിയൻ തുടങ്ങിയവ ഈ പഞ്ചായത്തിലെ ആദായകരമായി കൃഷിചെയ്യാവുന്നതാണ്.

9. പച്ചക്കറി ഉല്പാദനം

   ഒരു ഹൈസ്കൂളും ഒരു UP സ്കൂളും കേന്ദ്രമാക്കി കൃഷിത്തോട്ടങ്ങൾ ആരംഭിക്കാവുന്നതാണ്. അയൽ കൂട്ടങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള സഹകരണ സംരംഭങ്ങൾ ഇവ സംഘടിപ്പിച്ച് ഗുണമേന്മയുള്ള വിത്തും ജൈവവളങ്ങളും ഉപയോഗിച്ച് കൃഷിനടപ്പിൽ വരുത്താവുന്നതാണ്.

10. വളങ്ങൾ : സഹകരണ വളം ഡിപ്പോ അടിയന്തിരമായി പുനഃ സ്ഥാപിക്കണം പച്ചില വളം

ഉൽപ്പാദിപ്പിക്കുന്നതിനായി ശീമകൊന്ന, ഡെയ്ഞ്ച ഇവ വ്യാപകമായി വളർത്തണം. ജൈവവള നിർമ്മാണം മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ഇവ കർഷകർക്ക് പരിചയപ്പെടുത്തണം.

11. ജലസേചനം : തെങ്ങുകൾക്ക് ഡ്രിപ്പ് ഇറിഗേഷൻ സ്പ്രിംഗ്ളർ ഇറിഗേഷൻ ഇവ ഉപയോഗിക്കുന്നതിന് വായ്പകളും സബ്സിഡികളും ലഭ്യമാക്കണം.

12. ഇൻഷ്വറൻസ് : ജനകീയ പ്രിമിയം നിരക്കിൽ വിള ഇൻഷ്വറൻസ് വൈദ്യുതി സൗജന്യ നിരക്കിൽ നൽകൽ എന്നിവ കൃഷിയെ പരിപോഷിപ്പിക്കും.

13. പൊതു വിപണി : സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി നാളീകേരം, പച്ചക്കറി, നെല്ല്, എന്നിവയുടെ വിപണനം ഉറപ്പാക്കാവുന്നതാണ്. പച്ചക്കറി, കിഴങ്ങ വർഗ്ഗവിള സുഗന്ധ വിള ഇവയ്ക്ക് ആഴ്ച ചന്ത സീസൺ ചന്ത എന്നിവയൊക്കെ ആലോചിക്കാം.

വലിയ മുതൽമുടക്കും സംരക്ഷണവും ആവശ്യമില്ലാത്തതും ഹൃസ്വകാല വിളകളുമായ കൂൺ, കപ്പ, ഇവ കൃഷിചെയ്യാൻ അനുയോജ്യമായ പ്രദേശമാണ് നമ്മുടേത്. തെങ്ങിൽ കുരുമുളക് കൃഷി; കവുങ്ങ് ഇതും ആദായകരമായി കൃഷിചെയ്യാവുന്നതാണ്.

അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് കൃഷി ഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

കർഷകർക്കുള്ള അവാർഡുകൾ, ഏകീകൃത കൂലി സമ്പ്രദായം, കർഷക തൊഴിലാളികളെ എല്ലാ പ്രദേശത്തും ലഭ്യമാക്കൽ എന്നീ കാര്യങ്ങളും കാർഷിക പുരോഗതിക്ക് ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഘടകങ്ങളാണ്.

5

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്തിലെ പ്രധാന വളർത്ത് മൃഗങ്ങൾ പശു, ആട്, എന്നിവയും വളർത്തു പക്ഷികൾ, കോഴി, താറാവ് എന്നിവയും ആകുന്നു. ഇപ്പോൾ പഞ്ചായത്തിൽ 1881 പശുക്കളും 1387 ആടുകളും 3877 കോഴികളും 1200 താറാവുകളും വളർത്തുന്നുണ്ട്.

നെൽ കൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണമായി കോഴി വസന്ത കോഴികളിൽ കാണപ്പെടുന്ന ഒരു പ്രധാന രോഗമാണ്.

പഞ്ചായത്തിൽ പ്രതിദിനം 6000 ലിറ്ററിലധികം പാലുൽപ്പാദിപ്പിക്കുന്നുണ്ട് ഇതിൽ 700 ലിറ്റർ പാൽ മാത്രമേ 4 ക്ഷീര സഹകരണ സംഘങ്ങൾ കൈകാര്യം ചെയ്യുന്നുള്ളു. ഇതിൽ 600 ലിറ്ററും പുറത്തേക്ക് അയക്കുകയാണ്. പാൽ വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, ന്യായവില ലഭിക്കായ്ക, കാലിത്തീറ്റയുടെ വിലവർദ്ധന, വൈക്കോലിന്റെയും തീറ്റപുല്ലന്റെയും ലഭ്യതക്കുറവ് ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത. തുടങ്ങിയവയാണ്. കാലിവളർത്തൽ കാർ നേരിടുന്ന പ്രശ്നങ്ങൾ നിലവിലുള്ള സൊസൈറ്റികൾ അവരുടെ ആസ്ഥാനത്ത് മാത്രമാണ് പാൽ സംഭരിക്കുന്നത്.

വളർത്തു മൃഗങ്ങളും പക്ഷികളും

മൃഗം / പക്ഷി	വർഷം 95-96
പശു	1881
കിടാരി	450
എരുമ	12
പോത്ത് (ഉഴവ്)	6
ആട്	1387
കോഴി	3877
താറാവ്	1200

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി അടുത്ത കാലത്ത് ആരംഭിച്ചിട്ടുണ്ട് കന്നുകാലികളിൽ കാണപ്പെടുന്ന ഒരു പ്രധാന രോഗമാണ് അകിട് വീക്കം. ശുചിത്വ കുറവും ഈ രോഗവുമായിട്ട് വളരെയേറെ ബന്ധമുണ്ട്. കുളമ്പ് രോഗത്തിനെതിരെ സൊസൈറ്റി കേന്ദ്രീകരിച്ച് മാത്രം പ്രതിരോധ കുത്തിവയ്പ് നടത്തുന്നുണ്ട്. ഉദര രോഗം പനി എന്നിവയ്ക്ക് യഥാസമയം ചികിത്സ നൽകാത്തതു കൊണ്ട് ഇവയുടെ മരണ നിരക്ക് കൂടുതലാണ്.

ഗോബർ ഗ്യാസ് പ്ലാന്റിനുള്ള സാധ്യത ഏറെയുള്ള പഞ്ചായത്തിൽ രണ്ടോ മൂന്നോ പ്ലാന്റുകളാണ് ആകെയുള്ളത്. ഇന്ധനക്ഷാമം നേരിടുന്ന ഈ കാലത്ത് ഗോബർ ഗ്യാസ് പ്ലാന്റിന്റെ പ്രാധാന്യത്തെയും ഇത് സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സബ്സിഡിയെയും കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല.

50% വീടുകളിലും ഒന്നോ രണ്ടോ ജോഡി കോഴികളെ തുറന്നു വിട്ട് വളർത്തുന്ന രീതിയാണ് പെതുവെ കാണുന്നത്. കൂടുകെട്ടി,പോഷക

ഗുണമുള്ള തീറ്റ നൽതി വൻതോതിൽ വളർത്തുന്ന രീതി ഇല്ലാത്തത് ആദായകരമായ ഒരു തൊഴിൽ എന്ന നിലയിൽ കോഴി വളർത്തിലിനെ ആളുകൾ കാണുന്നില്ല. താറാവ് വളർത്തുന്നത് മേൽകാണിച്ച രീതിയിലാണ്.

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലകൂടുതൽ.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
3. മൃഗചികിത്സാ സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.

4. കോഴി വസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ല.

5. ക്ഷീര വിപണന സൗകര്യക്കുറവ്

6. പേപ്പട്ടി ശല്യം.

7. കാലി വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

സാദ്ധ്യതകൾ

1. പഞ്ചായത്ത് പ്രദേശത്ത് ആകെ പ്രവർത്തന മേഖല വരത്തകവണ്ണം ഇന്നുള്ള സൊസൈറ്റികളുടെ പ്രവർത്തന മേഖല വിപുലീകരിക്കുക. ഒരു വാർഡിൽ രണ്ടു വീതം പാൽ സംഭരണ കേന്ദ്രം സ്ഥാപിക്കുക. മിച്ചം വരുന്ന പാൽ സംസ്കരിക്കുന്നതിന് ഏതെങ്കിലും ഒരു സൊസൈറ്റിയിൽ സംവിധാനം ഉണ്ടാക്കുക.

2. സഹകരണ സംഘം മുഖേന കുറഞ്ഞനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപുൽ കൃഷി വിത്തും, വളവും, സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

3. നിലവിലുള്ള മൃഗാശുപത്രിയിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക. 3,7,8വാർഡുകളിൽ സബ്സെന്ററുകൾ ആരംഭിക്കുക.

4. കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കൽ മുട്ടവിപണനം കോഴിത്തീറ്റ സബ്സിഡിനിരക്കിൽ ലഭ്യമാക്കൽ ഈ പ്രവർത്തനങ്ങൾക്കായി ഒരു സഹകരണസംഘം സ്ഥാപിക്കാവുന്നതാണ്.

5. ജലാശയങ്ങൾ ധാരാളമുള്ളതിനാൽ താറാവുകളെ വളർത്തൽ പ്രോത്സാഹനം അർഹിക്കുന്നു.

6. അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് സാമ്പത്തികസഹായവും ബോധവത്കരണവും നൽകുക.

7. നായ്ക്കൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. പേപ്പട്ടി ശല്യം തടയുക.

8. ശാസ്ത്രീയമായ കറവ പരിശീലനം നൽകുക.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി കിടക്കുന്ന കായംകുളം കായലാണ് മുഖ്യ ജലാശയം. കൂടാതെ 78 കി. മി. നീളത്തിൽ 12 തോടുകൾ 80 ഹെ. മുണ്ടക നിലവും 6 എക്കർ കുളം എന്നിവയാണ് പ്രധാന ജലാശയങ്ങൾ. പരമ്പരാഗത മത്സ്യബന്ധന രീതി മാത്രമാണുള്ളത്. കായംകുളം കായലുമായി ബന്ധപ്പെട്ട് മത്സ്യബന്ധനം നടത്തുന്ന 57 പേരും വിപണനവുമായി ബന്ധപ്പെട്ട് 12 പേരും പ്രവർത്തിക്കുന്നു. മൊത്തം മേഖലയെ ആശ്രയിച്ചു കഴിയുന്ന 50 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.

കായിലിൽ നിന്നും ലഭിക്കുന്ന മത്സ്യങ്ങളുടെ ഇനം

1. ജനുവരി മുതൽ ഏപ്രിൽ വരെ	കരിമീൻ, പ്രാച്ചി, കണമ്പ്
2. ജൂൺ, ജൂലൈ, ആഗസ്റ്റ്	കാരി, മുഷി വരാൽ, കരട്ടി,
3. ഓക്ടോബർ നവംബർ ഡിസംബർ	ഞണ്ട് ചെമ്മീൻ

കായലിൽ നിന്ന് തോടുകളിൽ നിന്നും ധാരാളം കക്ക ലഭിക്കുന്നു. കക്ക നല്ല വ്യാവസായിക അസംസ്കൃത പദാർത്ഥമാണ്. കക്കയിറച്ചി നല്ല ഭക്ഷ്യ വസ്തുവും. പൂർണ്ണ വളർച്ച എത്തുന്നതിന് മുമ്പ് കക്കാ വാരുന്നത് ഒരു ദേശീയ നഷ്ടമാണ്.

ഈ പ്രദേശത്ത് മത്സ്യതൊഴിലാളി സഹകരണ സംഘം പ്രവർത്തിക്കുന്നില്ല. ചിങ്ങോലിയിലെ മത്സ്യ തൊഴിലാളികൾ മത്സ്യ വിപണനം നടത്തുന്നത് ആറാട്ടുപുഴ പഞ്ചായത്തിലെ പിള്ളക്കടവിലാണ്. വെമ്പുഴ പള്ളി ഇടവക കമ്മറ്റിയാണ് മീൻ ലേലം നടത്തുന്നത്. മത്സ്യം സൂക്ഷിക്കുന്നതിനോ ആദായവില ലഭിക്കുന്നതിനോ ഇന്ന് സംവിധാനമില്ല. മീൻ കൂടുതൽ കിട്ടിയാൽ വില കുറയും. മീൻ കുറച്ചാണെങ്കിൽ വില കൂടും. പരമ്പരാഗത ശൈലി വിപണനത്തിലും. സ്ത്രീകൾ തലചുമടായി വീടുകളിൽ കൊണ്ടു നടന്ന് വിൽക്കുന്ന സമ്പ്രദായവും നിലവിലുണ്ട്. പൊതു മത്സ്യമാർക്കറ്റില്ല. സ്വകാര്യ സ്ഥലങ്ങളിലോ, റോഡ് വക്കിലോ വിൽപ്പന കേന്ദ്രങ്ങൾ. കടൽ മത്സ്യം മറ്റ് പ്രദേശത്ത് നിന്നും സൈക്കളിൽ കൊണ്ടുവന്നു വിപണനം നടത്തുന്ന മത്സ്യതൊഴിലാളികളും പഞ്ചായത്തിലുണ്ട്.

ശുദ്ധജല ചെമ്മീൻ കൃഷി

ശുദ്ധജല മത്സ്യകൃഷി എന്നിവയ്ക്ക് വളരെയേറെ സാദ്ധ്യതകളുണ്ട് ചില സ്വകാര്യ വ്യക്തികൾ ചീല സംരഭങ്ങൾ ആരംഭിച്ചെങ്കിലും ഒറ്റപ്പെട്ട സംരഭം എന്ന നിലയിൽ വിജയിച്ചില്ല.

കായലോര വാർഡുകളായ 6, 7 വാർഡുകളിലാണ് മത്സ്യതൊഴിലാളികൾ താമസിക്കുന്നത്. മത്സ്യ തൊഴിലാളികൾക്ക് പാർപ്പിട പ്രശ്നം നിലനിൽക്കുന്നു. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നീ കാര്യങ്ങളിൽ വളരെ പിന്നോക്കമാണ്. മത്സ്യ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചമല്ല.

പരമ്പരാഗത മത്സ്യബന്ധന രീതിമാത്രമാണ് ഇന്നും തുടരുന്നത്. വള്ളവും വലയും വാങ്ങുന്നതിന് ആവശ്യത്തിനു സർക്കാർ സഹായം ലഭ്യമല്ല. മത്സ്യം കുറവ് ലഭിക്കുന്ന അവസരത്തിലും കടൽ മത്സ്യം കൂടുതൽ ഉള്ള മാസങ്ങളിലും മത്സ്യതൊഴിലാളികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

പ്രധാന പ്രശ്നങ്ങൾ

1. കായിലിലെ മലിനീകരണവും കൈയ്യേറ്റവും മത്സ്യതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്.
2. മത്സ്യബന്ധന ഉപകരണങ്ങൾ ലഭിക്കുവാൻ സംവിധാനമില്ല.
3. അനുയോജ്യമായ സ്ഥലങ്ങൾ ഉണ്ടെങ്കിലും വാണിജ്യ അടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മത്സ്യ കൃഷിയും നടത്തുന്നില്ല.
4. മത്സ്യവിപണനത്തിനും സംഭരണത്തിനും അത്യാധുനിക സംവിധാനങ്ങൾ ഇല്ല.
5. മത്സ്യതൊഴിലാളികൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ പരിസര ശുചിത്വത്തിന്റെ പ്രശ്നമുണ്ട്. കക്കൂസുകളുടെ അപര്യാപ്തത ആണ് പ്രധാനം.
6. മത്സ്യതൊഴിലാളി സ്ത്രീകൾ ഇപ്പോഴും തലചുമടായി മത്സ്യം വിൽപ്പന നടത്തുന്നു.
7. കായലിലും തോടുകളിലും മത്സ്യരോഗം തടയാൻ നടപടി വേണം. ശുദ്ധജലം ഉള്ളപ്പോഴാണ് രോഗം കാണുന്നത്.

സാദ്ധ്യതകൾ

1. ചിങ്ങോലി പഞ്ചായത്തിൽ വെമ്പുഴയിൽ ഒരു മത്സ്യ ലേല കേന്ദ്രം ആരംഭിക്കുക.
2. കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുക. കുന്നേൽ പീടിക, വായനശാല, വാദ്യാരു പറമ്പ് ലക്ഷം വീട് മുക്ക് എന്നിവിടങ്ങളിൽ പൊതു മാർക്കറ്റ് സ്ഥാപിക്കുക.
3. ഓരു ജലത്തിൽ വളർത്തുന്നതിനുള്ള ചെമ്മീൻ കുഞ്ഞുങ്ങൾ ശുദ്ധ ജലത്തിൽ വളർത്തുന്നതിനുള്ള മത്സ്യ കുഞ്ഞുങ്ങൾ ഇവ വളർത്തുന്നതിന് ഫാം സ്ഥാപിക്കുക.
4. മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ അവസരം ലഭിക്കുന്നതിന്. ചെമ്മീൻ, കക്കയിറച്ചി, അച്ചാറുകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
5. മത്സ്യതൊഴിലാളി ക്ഷേമ നിധിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ഗ്രന്റ് 35000 രൂപ അർഹരായ എല്ലാവർക്കും ലഭ്യമാക്കുക.
6. ഒരു മത്സ്യതൊഴിലാളി സഹകരണ സംഘം സ്ഥാപിച്ചാൽ മേൽപരാമർശിച്ച എല്ലാ സാദ്ധ്യതകളും അതിലൂടെ കൈകാര്യം ചെയ്യാവുന്നതാണ്.
7. മത്സ്യസംരക്ഷണ സമിതി രൂപീകരിച്ചാൽ ചകിരി ചോറ്, തെണ്ടഴുക്കൽ, ഇവയിലൂടെയുള്ള മലിനീകരണം നിയന്ത്രിക്കാം.
8. കായൽ തീരങ്ങളിലെ കല്ലടുക്ക് കാരണമുള്ള മത്സ്യം പ്രജനനം ഇല്ലതാകുന്ന പരിസ്ഥിതി പ്രശ്നം പരിഹരിക്കുന്നതിനായി കണ്ടൽ സസ്യം വച്ചു പിടിപ്പിക്കുക. കരിമീൻ തുടങ്ങിയ മത്സ്യങ്ങളെ ഓരു വെള്ളത്തിൽ കൾച്ചർ ചെയ്ത് വളർത്തി ഒരു നിശ്ചിത വലുപ്പമാകുമ്പോൾ കായിലിലേക്ക് തുറന്ന് വിട്ട് മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്നീ പ്രവർത്തനങ്ങളും നടത്താവുന്നതാണ്.
8. രാത്രിയിൽ മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് കാർഡ് ഒന്നിന് പ്രതിമാസം 10 ലി. മണ്ണെണ്ണ നൽകണം.
9. 60 വയസ്സ് കഴിഞ്ഞ എല്ലാ അർഹരായ മത്സ്യതൊഴിലാളികൾക്കും പെൻഷൻ ലഭിക്കത്തക്ക വിധത്തിൽ രജിസ്ട്രേഷൻ, ക്ഷേമനിധി വിഹിതം അടയ്ക്കൽ എന്നീ നിബന്ധനകൾ ഒഴിവാക്കി കർഷകതൊഴിലാളി പെൻഷൻ അനുവദിക്കുന്ന മാതൃകയിൽ നിലവിലുള്ള പെൻഷൻ നിയമം ഭേദഗതി ചെയ്യണം.

6
വ്യവസായം

ഒരു പ്രദേശത്തെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പ്രതിശീർഷ വരുമാനം ഉയർത്തുന്നതിനും വ്യവസായ മേഖലയുടെ ത്വരിത പുരോഗതി അനിവാര്യമാണ്.

വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ ചിങ്ങോലി പഞ്ചായത്ത് കയർ വ്യവസായ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കാഴ്ചവച്ചിരുന്നു. ധാരാളം കയർ ഉൽപ്പാദന യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ പ്രസിദ്ധിനേടിയതും ഡിമാന്റുള്ളതുമായ ആറാട്ടുപുഴ കയറിന്റെ ഉൽപ്പാദന കേന്ദ്രം തന്നെ ചിങ്ങോലി, ആറാട്ടുപുഴ എന്നീ ഗ്രമങ്ങൾ ഉൾപ്പെട്ട തീര പ്രദേശങ്ങളാണ്. പക്ഷെ ഇന്ന് പഞ്ചായത്തിലെ പരമ്പരാഗത വ്യവസായമായ കയർ മേഖല പല പ്രശ്നങ്ങളെയും അഭിമുഖീകരിച്ച് കൊണ്ടിരിക്കുകയാണ്.

ക്ഷയിച്ചു കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായ മേഖലകൾക്ക് പകരം ആധുനിക വ്യവസായങ്ങൾ പഞ്ചായത്തിൽ വളർന്നിട്ടില്ല പൊതു മേഖലകളയിലോ സ്വാകര്യ മേഖലയിലോ വൻകിട ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ചെറുകിട വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്വകാര്യ യൂണിറ്റുകളും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് കയർ വ്യവസായ സംഘങ്ങളും ഒരു കൈത്തറി വ്യവസായ സംഘവുമാണ് പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവർ ആയി ആകെ 379 പേരുണ്ട് അതിൽ പുരുഷന്മാർ 58 പേരും സ്ത്രീകൾ 321 പേരും ആണ്. ഇതിൽ ഏറെയാളുകളും തൊഴിൽ ചെയ്യുന്നത് കയർ വ്യവസായ മേഖലയിൽ ആണ്. അതിൽ തന്നെ പ്രധാനമായും ചകിരി, അസംസ്കൃത വസ്തുവായുള്ള കയർ നിർമ്മാണ മേഖലയില്ല.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിലും ചെറുകിട വ്യവസായ യൂണിറ്റുകളുട വിവരങ്ങൾ പട്ടി II ലും കൊടുത്തിരിക്കുന്നു.

പട്ടിക I

ക്ര.ന.	വിഭാഗം	തൊഴിലാളികളുടെ എണ്ണം			ശതമാനം
		പുരു.	സ്ത്രീ.	ആകെ	
1	കയർ (സഹകരണ മേഖല)	10	292	302	27.76
2	കയർ (സ്വകാര്യ മേഖല)	50	400	450	41.36
3.	പരമ്പരാഗത കുടിൽ വ്യവസായം				
a.	തഴപ്പായ നിർമ്മാണം	-	150	150	13.78
b.	കൂട്ട, മുറം ഇവയുടെ നിർമ്മാണം	10	15	25	2.30
c.	ചിരട്ടത്തവി നിർമ്മാണം	10	-	10	0.92
d.	ഓലമെടയൽ	10	25	35	3.22
4.	ചെറുകിട വ്യവസായങ്ങൾ	47	16	63	5.79
5.	കൈത്തറി (സഹകരണ മേഖല)	1	13	14	1.29
6.	മറ്റ് വ്യവസായങ്ങൾ	39	-	39	3.58

പട്ടിക II

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്ര. ന.	ഇനം	ആകെ	തൊഴിലാളികളുടെ എണ്ണം		
		വ്യവസായങ്ങൾ	പുരു.	സ്ത്രീ	ആകെ
1.	കക്കാനീറ്റ്	4	9	-	9
2.	റെഡിമെയ്ഡ്	2	2	8	10
3.	അവിൽ നിർമ്മാണം	1	3	-	3
4.	പുളയരിപ്പൊടി	1	2	-	2
5.	ബേക്കറി	3	6	-	6
6.	ചന്ദനനിർമ്മാണം	1	3	0	3
7.	ആയുർവ്വേദ ഔഷധ നിർമ്മാണം	1	3	2	5
8.	ഉപ്പേരി (ചിപ്സ്)	3	4	4	8
9.	ഫർണീച്ചർ	3	9	-	9
10.	ഹീൽ നിർമ്മാണം	1	3	2	5
11.	വെൽഡിംഗ്	1	2	-	2
12.	സോഡ	1	1	-	1
	ആകെ	22	47	16	63

പട്ടിക 3

വ്യവസായ സഹകരണ സംഘങ്ങൾ

ക്ര. ന.	ഇനം കയർ	കൈത്തറി	മെമ്പർമാർ	തൊഴിലാളികളുടെ എണ്ണം			ലാഭം / നഷ്ടം
				പുരു.	സ്ത്രീ	ആകെ	
1.	ചിങ്ങോലി നോർത്ത് നമ്പർ 207	-	793	6	169	175	നഷ്ടം
2.	ചിങ്ങോലി വെസ്റ്റ് നമ്പർ A 695	-	1097	4	123	127	നഷ്ടം
3.	ഹരിപ്പാട് ഹരിജൻ വനിതാ സംഘം നമ്പർ A 112	-	180	1	13	14	നഷ്ടം
	ആകെ	-	2070	11	305	316	

പട്ടിക 4

പരമ്പരാഗത കൂടിൽ വ്യവസായങ്ങൾ

ക്രമ. നം.	ഇനം	തൊഴിലാളികളുടെ എണ്ണം		
		പുരു.	സ്ത്രീ	ആകെ
1.	തഴപ്പായ	-	150	150
2.	ഓല് മെടയൽ	10	25	35
3.	കുട്ട മുറം ഇവയുടെ നിർമ്മാണം	10 15	25	
4.	ചിരട്ടത്തവി	10	-	10
	ആകെ	30	190	220

പ്രശ്നങ്ങൾ

N.H. നോട് ചേർന്ന് തൊട്ടുകിടക്കുന്നതും 7.9 ച. കി. മി. വിസ്തീർണ്ണവും 14223 വരുന്ന ജനസംഖ്യയും 3200 വീടികളുമുള്ള പഞ്ചായത്തിൽ വ്യവസായ യൂണിറ്റുകൾ വളർന്ന് വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. നിത്യോപയോഗ സാധനങ്ങളുടെ നല്ലഒരു വിപണിയായിട്ട് കൂടി ഇവിടെ പ്രസ്തുത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപന നടത്തുന്ന ഒരു യൂണിറ്റ് പോലുമില്ല. വ്യവസായ വൽക്കരണത്തിനും വളർച്ചയ്ക്കും ആവശ്യമായ പല അനുകൂല ഘടകങ്ങളും പഞ്ചായത്തിൽ ഉണ്ട് എന്ന കാര്യം വിസ്മരിച്ചു കൂടാ. ഉയർന്ന സാക്ഷരത, ജലറോഡ് ഗതാഗത സൗകര്യങ്ങൾ, മെച്ചപ്പെട്ട വാർത്താവിനിമയ സൗകര്യങ്ങൾ ഉയർന്ന ഉപഭോഗ നിലവാരം, സുഖ സൗകര്യങ്ങളോടെ ജിവിക്കുവാനുള്ള ജനങ്ങളുടെ തൽപ്പരത എന്നിവയൊക്കെ ഉണ്ടെങ്കിലും വേണ്ട രീതിയിൽ വ്യവസായ വളർച്ച് കൈവരിക്കാനാവാത്തത്. മുഖ്യമായും താഴെ പറയുന്ന കാരണങ്ങളാലാണ്.

1. വായ്പകൾ ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട്.
2. വിപണനത്തിനുള്ള ബുദ്ധിമുട്ട്
3. അത്യാധുനിക സാങ്കേതിക വിദ്യയിലെ പരിജ്ഞാന കുറവ്.
4. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് അത്യാവശ്യമായി വേണ്ട മാനസ്സികമായ തയ്യാറെടുപ്പിന്റെയും ശക്തമായ പ്രേരണയുടെയും അഭാവം.
5. സംരഭകർക്കുള്ള പരിശീലനത്തിന്റെ അഭാവം.
6. കയർ, കൈത്തറി, തുടങ്ങിയ മേഖലകളിലെ വളരെ കുറഞ്ഞ കൂലിനിരക്ക്.
7. പരമ്പരാഗത വ്യവസായങ്ങളെ യന്ത്രവൽക്കരണത്തിലൂടെ നവീകരിക്കാനുള്ള ഉദ്യമകുറവ്.
8. പ്രധാന കാർഷികോൽപ്പന്നമായ നാളീകേരത്തെ ആസ്പദമാക്കിയുള്ള വ്യവസായങ്ങളുടെ അഭാവം.
9. കയർ അസംസ്കൃത വസ്തുവായുള്ള കയറുൽപ്പന്ന നിർമ്മാണ യൂണിറ്റുകളുടെ അഭാവം.
10. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.
11. ആധുനിക വ്യവസായ സഹകരണ സംഘങ്ങളുടെ കുറവ്.

പഞ്ചായത്തിലെ വിവിധ മേഖലകളിലെ കൂലി നിരക്ക് പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5

ക്ര. ന.	ഇനം	കൂലിനിരക്ക്	
		പുരു.	സ്ത്രീ.
1	കൊപ്രാ സംസ്കരണം	75	
2	കയർ	75	45
3	ഫർണിച്ചർ	125	-
4	അച്ചടി	60	40
5	ബേക്കറി	60	-
6	ആയുർവ്വേദം	50	40
7	ഓയിൽ മിൽ	65	-
8	പപ്പടം	45	-
9	ജൈവവള നിർമ്മാണം	70	45
10	ധാന്യം പൊടിക്കൽ	70	-
11	പാനെയ്ത്ത്	-	50
12	സോഡാ നിർമ്മാണം	40	-
13	എൻജിനീയറിംഗ്	75	-
14	കക്കാനീറ്റ്	60	40
15	ഉപ്പേരി	50	30
16	പാറപൊടിക്കൽ	60	40
17	നെല്ല് കുത്ത് മില്ലിംഗ്	60	-
18	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	75	50
19	തടിയറുപ്പ് മിൽ	100	-
20	അവൽ നിർമ്മാണം	75	40
21	കൈത്തറി	-	25
22	സൈക്കിൾ റിപ്പയറിംഗ്	50	-

സാദ്ധ്യതകൾ

പഞ്ചായത്തിൽ വ്യവസായ രംഗത്ത് മെച്ചപ്പെട്ട സംഭാവനകൾ നൽകാൻ കഴിവുള്ളവർ കുറവല്ല. ഇവരെ പ്രോത്സാഹിപ്പിച്ച് കഴിവുകൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി അതുവഴി കൂടുതൽ തൊഴിലവസരങ്ങളും സമ്പത്തും ഉണ്ടാക്കാൻ കഴിഞ്ഞാൽ അത് പഞ്ചായത്തിന്റെ പുരോഗതിക്ക് സഹായകമാവുമെന്നത് നിസംശയമാണ്. നിരവധി സ്ത്രീകൾക്കും അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുക അതുവഴി സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്.

പഞ്ചായത്തിലെ ഗണ്യമായ ഒരു വിഭാഗം ആളുകൾ കേരളത്തിന് പുറത്തും 344 പേർ വിദേശത്തുമായി ജോലി ചെയ്യുന്നു. വ്യവസായ സംരഭങ്ങൾക്ക് വൻസാദ്ധ്യത ഉള്ളവാക്കി കൊണ്ട് എൻ.റ്റി.പി.സി.യുടെ താപ വൈദ്യുത നിലയത്തിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വളരെയധികം അനുബന്ധ വ്യവസായ യൂണിറ്റുകൾക്ക് ഇതിനാൽ ഉയർന്ന് വരാൻ കഴിയും.

പഞ്ചായത്തിൽ കയർ മേഖലയിലാണ്. പരമ്പരാഗത വ്യവസായങ്ങളുടെ ഇടയിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്യുന്നത്. 3 കയർ വ്യവസായ സഹകരണ സംഘങ്ങൾ ഉള്ളതിൽ 2 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു. രണ്ടു സംഘങ്ങളിലുമായി മുന്നൂറോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിൽ 450 ഓളം പേരും തൊഴിൽ ചെയ്യുന്നു സ്ത്രീ തൊഴിലാളിയാണ് മുഖ്യമായും ഈ മേഖലയിൽ പ്രവർത്തിക്കുന്നത്.

പഞ്ചായത്തിൽ ഒരു കൈത്തറി സഹകരണ സംഘവും പ്രവർത്തിക്കുന്നു. ഇത് പട്ടികജാതി വനി

തകൾക്ക് മാത്രമുള്ള സഹകരണ സംഘമാണ്. ഇവിടെ ഇപ്പോൾ പതിമൂന്ന് സ്ത്രീകൾ തൊഴിൽ ചെയ്യുന്നു.

പരമ്പരാഗത വ്യവസായങ്ങളായ കയർ കൈത്തറി മേഖലയിലെ കൂലി കുറവ് എടുത്ത് പറയത്തക്കതാണ് ഇതിനാൽ ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെടുന്നില്ല.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് പല വ്യവസായങ്ങളും ഇവിടെ തുടങ്ങാൻ കഴിയും. ഉദാ. കൊപ്രാ, ചിരട്ട, കയർ, കക്ക തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.

ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സെറി കൾച്ചർ യൂണിറ്റ് പ്രവർത്തന മാന്ദ്യത്തിലാണ് ഇത് പുനുരജ്ജീവിപ്പിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച തീപ്പെട്ടി യൂണിറ്റ് നാമാവശേഷമായിരിക്കുന്നു.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ചിലവ് കുറഞ്ഞ രീതിയിൽ തുടങ്ങുവാൻ കഴിയുന്ന ചില യൂണിറ്റുകൾ പട്ടിക VI ൽ കൊടുത്തിരിക്കുന്നു.

3220 ഓളം വീടുകളും പതിനായിരത്തിൽ പരം ജനസംഖ്യയുമുള്ള പഞ്ചായത്തിൽ വ്യവസായ യൂണീറ്റുകൾ തുടങ്ങാൻ സന്നദ്ധരായി നൂറിൽ കുറയാതെ ആളുകളും ഉണ്ട്. നിത്യോപയോഗസാധനങ്ങളുടെ ഉൽപാദനം നടത്തുന്ന യൂണീറ്റുകൾക്ക് വൻസാദ്ധ്യതയാണുള്ളത്. ഇങ്ങനെയുള്ള യൂണീറ്റുകൾ തുടങ്ങുവാൻ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കുവാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം.

വിപണന സാധ്യതയുള്ളതും അധികം മുതൽമുടക്കില്ലാതെയും ആരംഭിക്കുവാൻ കഴിയുന്ന വ്യവസായങ്ങളിൽ ചിലത് പട്ടിക 7-ൽ കൊടുക്കുന്നു.

പട്ടിക VI

വിഭാഗം	നമ്പർ	ഇനം
ചെറുകിട വ്യവസായം	1.	ചകിരിച്ചോറുപയോഗിച്ചുള്ള വളം നിർമ്മാണം
	2.	യന്ത്രമുപയോഗിച്ചുള്ള പച്ചചികിരിനാര് നിർമ്മാണം
	3.	കയർ ഉപയോഗിച്ചുള്ള കയറുൽപ്പന്നങ്ങളുടെ നിർമ്മാണം
	4.	തവിട് പുളയരി, തേങ്ങപിണ്ണാക്ക് എന്നിവ ഉപയോഗിച്ചുള്ള കന്നുകാലിത്തീറ്റ
	5.	കരിക്ക് ഉപയോഗിച്ചുള്ള കരിക്ക് പാർലർ
	6	പാൽ ഉരപയോഗിച്ചുള്ള പാൽ ഉൽപ്പന്നങ്ങൾ
	7.	കക്കയിറച്ചി ഉപയോഗിച്ചുള്ള അച്ചാർ നിരമ്മാണം
	8.	മാങ്ങ ഉപയോഗിച്ചുള്ള അച്ചാർ
	9.	അവൽ നിർമ്മാണം
	10.	കൈതച്ചക്ക, പഴം, ചക്ക, മാങ്ങ, പപ്പായ എന്നിവ ഉപയോഗിച്ചുള്ള ജാം നിർമ്മാണം

പട്ടിക 7

വിഭാഗം	നമ്പർ	ഇനം
വനിത	1.	ചന്ദനത്തിരി നിർമ്മാണം
	2.	കറിപൗഡർ നിർമ്മാണം
	3.	കുടനിർമ്മാണം
	4.	നോട്ട് ബുക്ക് നിർമ്മാണവും ബയന്റിംഗും
	5.	റെഡിമെയ്ഡ് വസ്ത്രങ്ങൾ
	6.	അടിവസ്ത്രങ്ങളുടെ നിർമ്മാണം
	7.	ഡ്രൈക്ലീനിംഗ്
	8.	ക്ലീനിംഗ് പൗഡർ
വനിതാ വ്യവസായ സഹ:സംഘം	9.	കരിങ്കല്ലുടച്ച് ജില്ലിയാക്കൽ
	10.	ചിപ്സ് നിർമ്മാണം
	11.	കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം
	12.	ബേക്കറി സാധനങ്ങളുടെ നിർമ്മാണം.
	13.	ഹവായി ചെരുപ്പ് നിർമ്മാണം
	14.	മരം കൊണ്ടുള്ള ഗൃഹോപകരണങ്ങളുടെ നിർമ്മാണം.
	15.	ഓട്ടോ ഇലക്ട്രിക്ക് ഷേപ്പ്
	16.	ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷേപ്പ്
	17.	ജനറൽ എൻജിനീയറിംഗ്
	18.	ടൈപ്പ് റൈറ്റിംഗ് സെന്റർ
	19.	ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
	20.	ക്ലോക്ക്, വാച്ച് അസംബ്ലിംഗ്.
	21.	മോട്ടോർ വയന്റിംഗ് യൂണിറ്റ്
	22.	പഠനസഹായ ഉപകരണങ്ങളും ലബോറട്ടറി ഉപകരണങ്ങളും

വൈദ്യുതി ഉൽപ്പാദന രംഗം

പഞ്ചായത്തിൽ എൻ. ടി. പി. സി യുടെ ആഭിമുഖ്യത്തിൽ ഉയർന്നുവരുന്ന താപവൈദ്യുതി നിലയം പണിപൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ തന്നെ വൈദ്യുതി പ്രതിസന്ധിക്ക് ഒരു പരിഹാരമാവുന്നതാണ്. 350 മെഗാവാട്ട് വൈദ്യുതി ഉത്പാദനം പ്രതീക്ഷിക്കുന്നു. ഈ താപനിലയത്തിന്റെ നിർമ്മാണം പഞ്ചായത്തിലെ വ്യവസായ പുരോഗതിക്ക് നിർണ്ണായക പങ്കുവഹിക്കുമെന്നാണ് കരുതപ്പെടുന്നത്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ പുതുതായി വ്യവസായങ്ങൾ തുടങ്ങുവാൻ തത്പരരായവരുടെ ലിസ്റ്റ് ശേഖരിക്കുകയും അവരെ വ്യവസായ സംരംഭകരായി വാർത്തെടുക്കുവാനാവശ്യമായ വിദഗ്ധ പരിശീലനം നൽകുക.
2. കയറിനെ അടിസ്ഥാനമാക്കിയുള്ള കയറുൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
3. ചകിരിയുടെ വർധിച്ച ഉപയോഗസാധ്യത കണക്കിലെടുത്ത് കൂടുതൽ
4. കരകൗശലയൂണീറ്റുകൾ ആരംഭിക്കുവാൻ തല്പരരായവർക്ക് യന്ത്ര വത്കൃത ചകിരി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

   രംഗത്ത് വൈദഗ്ധ്യമുള്ളവരിൽ നിന്ന് പരിശീലനം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. വ്യവസായ സംരംഭങ്ങളെപ്പറ്റി വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്നവർക്കുള്ള ആശങ്കയകറ്റുവാൻ അവർക്ക് വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിൽക്കണ്ട് മനസ്സി

ലാക്കുവാൻ സഹായിക്കണം.

6. പഞ്ചായത്ത് വ്യവസായ വളർച്ചയ്ക്കാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സെമിനാർ, വ്യവസായ പ്രദർശനം എന്നിവ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രം, ആലപ്പുഴ ജില്ലാചെറുകിട വ്യവസായ അസോസിയേഷൻ മറ്റു വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം തേടാവുന്നതാണ്.

7. വ്യവസായ സംരംഭകർക്കാവശ്യമായ വൈദ്യുതി ലഭിക്കുന്നതിന് ഉറപ്പുവരുത്തുവാൻ പഞ്ചായത്തു ശ്രമിക്കേണ്ടതാണ്.

8. വ്യവസായ സംരംഭകർക്ക് അവരുടെ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തു തലത്തിൽ സ്വീകരിക്കേണ്ടതാണ്.

9. വ്യവസായങ്ങളെ കുറിച്ച് കൂടുതൽ അറിയുവാനും മറ്റും വ്യവസായ പ്രസിദ്ധീകരണങ്ങളായ "വ്യവസായ കേരളം","ഗ്രാമദീപം" എന്നിവ വായിക്കുവാൻ സംരംഭകർക്ക് അവസരം ഉണ്ടാകേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ അർഹമായ ഗൗരവത്തോടെ പ്രാവർത്തികമാക്കിയാൽ പഞ്ചായത്തിലെ വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്തുകൊണ്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാനും അതുവഴി മെച്ചപ്പെട്ട തൊഴിൽ സാധ്യതകൾ ലഭ്യമാക്കാനും കഴിയും. ഇതുവഴി

പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയും ജീവിതനിലവാരവും മെച്ചപ്പെടുത്തുവാനും അതുവഴി നമ്മുടെ ജനങ്ങളുടെ സാമൂഹിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടാവുന്നതുമാണ്.

7

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഒരു പ്രദേശത്തിന്റെ വികസന പ്രക്രിയയിൽ ഗതാഗത യോഗ്യമായ റോഡുകൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു. 1962 ൽ പഞ്ചായത്തിന്റെ രൂപീകരണം നടന്നപ്പോൾ ഉണ്ടായിരുന്ന ഒരേയൊരു റോഡിന്റെ സ്ഥാനത്തിപ്പോൾ 9.35 കി. മീ. ദൈർഘ്യത്തിൽ ടാർ ചെയ്ത എട്ട് റോഡുകളും 26.65 കി. മീ. ഗ്രാവൽ നടത്തിയ 48 റോഡുകളും 5.2 കി. മീ. ദൈർഘ്യമുള്ള 3 മൺ റോഡുകളുമുണ്ട്. റോഡുകളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവിനെ അടിസ്ഥാനമാക്കി മാത്രം പഞ്ചായത്തിന്റെ വികസനം കണക്കാക്കാൻ ആവില്ലെങ്കിലും റോഡുകൾ പഞ്ചായത്തിൽ എത്രമാത്രം നിർണ്ണായക പ്രാധാന്യം അർഹിക്കുന്നു എന്ന കാര്യത്തിൽ മുൻകാലങ്ങളിൽ കണക്കിൽ എടുത്തിരുന്നു എന്നതിന് തെളിവാണിത്.

ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ ആഗമനത്തിന് വളരെ മുമ്പ് തന്നെ സന്നദ്ധ സേവനവും മാനവശേഷി സമാഹരണവും പുരോഗമന പ്രവർത്തനങ്ങളിൽ ഉള്ള പങ്കാളിത്തവും പഞ്ചായത്തിലെ ജനങ്ങളുടെ ഇടയിൽ വ്യാപകമായി നടന്നിരുന്നു എന്നുള്ളത് വസ്തുതയാണ്. റോഡുകളുടെയും പൊതു വഴികളുടെയും ഇപ്പോഴത്തെ വർദ്ധനവ് അതിന്റെ പ്രത്യക്ഷോ ഉദാഹരണമാണ്.

പഞ്ചായത്ത് രൂപീകരിച്ച് 1962 ൽ കാർത്തികപ്പള്ളി റോഡ് മാത്രമായിരുന്നു ഒരേയൊരു പൊതു റോഡ്. ഈ റോഡ് അന്ന് ടാർ ചെയ്തിരുന്നില്ല ഇതിനുപുറമെ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലൂടെ ഏതാണ്ട് 2 കി. മീ. ദൈർഘ്യത്തിൽ നാഷണൽ ഹൈവേ കടന്നു പോകുന്നു. P.W.D. യുടെ നിയന്ത്രണത്തിലുള്ള കാർത്തികപ്പള്ളി കായംകുളം റോഡ് നങ്ങ്യാർക്കുളങ്ങര തൃക്കുന്നപ്പുഴ റോഡ് എന്നീ രണ്ട് റോഡുകളാണ് പഞ്ചായത്തിലൂടെ കടന്ന് പോകുന്ന രണ്ട് പ്രധാന പാതകൾ. പിന്നീട് പടിപടിയായി ടാർ ചെയ്ത 8 റോഡുകൾ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടു. മാമ്പുമുക്ക് T. K.M.M. കോളേജ് റോഡ്, ഗ്രേസ്സു വില്ല പാങ്ങപ്പുറത്ത് റോഡ്, കാർത്തികപ്പള്ളി വെമ്പുഴ റോഡ്, മുഴിക്കുളം ചിറയിപറമ്പ് റോഡ്, എലുവക്കുളങ്ങര വ്യവസായശാല റോഡ് കുരങ്ങിക്കുഴി ചൂരവിള റോഡ്, അർച്ചന കങ്ങഴികുറ്റി റോഡ്, പഞ്ചായത്ത് ആഫീസ് കാരിശ്ശേരി റോഡ് എന്നിവയാണ് അവ. ഇതിനുപുറമെ രണ്ട് മൺ റോഡുകളുമുണ്ട്. വാഹന ഗതാഗതയോഗ്യമായ 41.2 കി. മീ. റോഡാണ് ആകെ പഞ്ചായത്തിലുള്ളത്. അതായത് 1 ചതു. കി. മീ. വിസ്തീർണ്ണത്തിൽ ശരാശരി 5.68 കി. മീ. റോഡ്. ഇത് സംസ്ഥാന ശരാശരിയായ 3.2 കി. മീ. ചതു. കി. മീ. യിൽ നിന്നും വളരെ ഉയർന്ന് നിൽക്കുന്നു എന്നുള്ളത് എടുത്ത് പറയത്തക്ക സവിശേഷതയാണ്. എങ്കിലും പഞ്ചായത്തിലെ ടാർ റോഡിന്റെ ആകെ ദൈർഘ്യം 9.5 കി. മീ. മാത്രമാണ്. 1 ചതു. കി. മീറ്ററിന് 1.28 കി. മീ. എന്ന തോതിൽ മാത്രമാണിത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ആകെയുള്ള ടാർ റോഡിന്റെ ദൈർഘ്യം കണക്കിലെടുത്താൽ ഒരാൾക്ക് ശരാശരി കേവലം 0.66 സെ. മി. ടാർറോഡ് മാത്രമേയുള്ളു.

വാഹന ഗതാഗതമുള്ള പഞ്ചായത്തിലെ രണ്ട് റോഡുകളിലൂടെ 30 ഓളം ബസ്സുകൾ സർവ്വീസുകൾ നടത്തുന്നുണ്ട ഇതിനുപുറമെ 40 ഓളം കാറുകളും 50 നോട് അടുത്ത് ഓട്ടോ റിക്ഷകളും സർവ്വീസ് നടത്തുന്നു. അപൂർവ്വമായി ടെമ്പോയും, ട്രക്കറും സർവ്വീസ് നടത്തുന്നു. ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് ദിനം പ്രതി വളരെ അധികം മിനി ലോറികളും ടെമ്പോകളും പഞ്ചായത്തിലെ റോഡുകളിലൂടെ സഞ്ചരിക്കുന്നുണ്ട്. പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകളുടെ വിവരങ്ങൾ താഴെ കാണുന്ന പട്ടികയിൽ വിവരിക്കുന്നു.

പട്ടിക I

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി. മീ.	വീതി കി. മീ.	ബസ്സ് യാത്രാ സൗകര്യങ്ങൾ
1.	കാർത്തികപ്പള്ളി - കായംകുളം	P.W.D.			ഉണ്ട്
2.	നങ്ങ്യാർകുളങ്ങര - തൃക്കുന്നപ്പുഴ	P.W.D.			ഉണ്ട്
3.	മാമ്പറമുക്ക് - T.K.M.M.C. ജംഗ്ഷൻ	പഞ്ചായത്ത്	0.500	6	ഉണ്ട്
4.	ഗ്രേസ്സ് വില്ല - പാണ്ടാപ്പുറത്ത്	പഞ്ചായത്ത്	0.400	8	ഉണ്ട്
5.	മുഴിക്കുളം ചിറയിറ പറമ്പ്	പഞ്ചായത്ത്	1.500	8	ഉണ്ട്
6.	കാർത്തികപ്പള്ളി - വെമ്പുഴ	പഞ്ചായത്ത്	2.750	8	ഉണ്ട്
7.	വായനശാല - എലുവക്കുളങ്ങര	പഞ്ചായത്ത്	2.00	8	ഉണ്ട്
8.	പഞ്ചായത്ത് ആഫീസ് - കാരുശ്ശേരി	പഞ്ചായത്ത്	0.500	8	ഉണ്ട്
9.	കുരങ്ങിക്കുഴി - ചൂരവിള	പഞ്ചായത്ത്	1.300	8	ഉണ്ട്
10.	അർച്ചന - കങ്ങലിക്കുറ്റി	പഞ്ചായത്ത്	0.400	6	ഉണ്ട്

റോഡുകളുടെ എണ്ണം കൂടതലുണ്ടെങ്കിലും പൊതുവെ എല്ലാ റോഡുകളുടെയും സ്ഥിതി വളരെ പരിതാകരമാണ്. പല റോഡുകളും സഞ്ചാരയോഗ്യം പോലുമല്ല. വർഷകാലത്ത് പല റോഡുകളിലും വെള്ളം കെട്ടി കിടക്കുന്നത് കാരണം വഴി നടക്കാൻ പോലും കഴിയാതെ പോകുന്നു. കെട്ടി കിടക്കുന്ന വെള്ളം ഒഴുക്കി കളയാൻ ഓവു ചാലുകളും നിഗമന മാർഗ്ഗങ്ങളും വേണ്ടത്ര ഇല്ല ജലസേചന സൗകര്യത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ച കനാലുകൾ റോഡുകളുടെ ഇപ്പോഴത്തെ ശോച്യാവസ്ഥയ്ക്ക് പ്രധാന കാരണമായിട്ടുണ്ടെന്ന് കണ്ടെത്താം. പരമ്പരാഗതമായുണ്ടായിരുന്നു ജല നിർഗമന മാർഗ്ഗങ്ങൾ കനാലുകളുടെ അവിർഭാവത്തോടെ താരുമാറായി പകരമാർഗ്ഗങ്ങൾ കണ്ടുപിടിക്കാത്തിടത്തോളം റോഡുകൾ വെള്ള കെട്ടിന്റെ പിടിയിൽ നിന്ന് മോചിതമാവുകയില്ല. റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്താത്ത് ബന്ധപ്പെട്ടവരുടെ അലംഭാവവും അറ്റകുറ്റ പണികൾക്ക് വേണ്ടത്ര പണമില്ലാത്തതും റോഡുകളുടെ ദനീയാവസ്ഥയ്ക്ക് മറ്റൊരു കാരണമാണ്.

പ്രശ്നങ്ങൾ

1. റോഡ് നിർമ്മാണം.

1. 01 ടാർ റോഡുകളുടെ പ്രശ്നങ്ങൾ

പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകളുടെ അപര്യപ്തത ഒരു പ്രധാന പ്രശ്നമാണ് റോഡുകളുടെ എണ്ണത്തേക്കാൾ ഉപരി അവയ്ക്ക് ഗുണനിലവാരവും മെച്ചപ്പെട്ട് യാത്രാ സൗകര്യങ്ങളും ഉണ്ടായിരിക്കണം എന്ന കാര്യം വ്യപകമായി ചർച്ചാവിഷയമായിട്ടുണ്ട് റോഡുകളിലെ കുണ്ടുകൾ കുഴികൾ നീർകെട്ട് എന്നീ പ്രശ്നങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റോഡിന്റെ സമീപ വാസികൾ ആയവർ റോഡ് കയേറ്റം നടത്തിയതിനാൽ പല റോഡുകളും വീതി കുറഞ്ഞ് കാണപ്പെടുന്നു. യാത്രാ സൗകര്യം തീരെ കുറഞ്ഞ് മത്സ്യ തൊഴിലാളികൾ തിങ്ങി പാർകുന്ന പ്രദേശങ്ങളായ ചൂളത്തെരുവ്, വെമ്പുഴ എന്നീ പ്രദേശങ്ങളെ കാർത്തികപ്പള്ളിയേയും ബന്ധിപ്പിച്ചു കൊണ്ട് തീരദേശ റോഡിലൂടെ ബസ്സ് ഗതാഗതം ആരംഭിക്കാൻ നടപടി വേണം.

1. 02. പുതിയ റോഡുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയതായി റോഡുകൾ നിർമ്മിക്കണമെന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ട് പുതിയ റോഡുകളുടെ വിവരങ്ങൾ അനുബന്ധം B യിൽ കൊടുത്തിരിക്കുന്നു. വാഹന യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താവാനായി നിരവധി നിർദ്ദേശങ്ങളും ഗ്രാമ സഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

1 03. ഗ്രാവൽ റോഡുകളുടെയും മൺ റോഡുകളുടെയും ശോച്യാവസ്ഥ.

പഞ്ചായത്തിലെ നിലവിലുള്ള മൺ റോഡുകളുടെ ശോച്യാവസ്ഥയെ സംബന്ധിച്ച് വളരെയധികം നിർദ്ദേശം ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്നി

ട്ടുണ്ട് താറുമാറായി കിടക്കുന്നതും പെട്ടിപൊളിഞ്ഞ് കിടക്കുന്നതുമായ റോഡുകൾ അടിയന്തിരമായി അറ്റ കുറ്റ പണികൾ നടത്തി അവയെ സഞ്ചായര യോഗ്യ മാക്കി മാറ്റണം. നിലവിലുള്ള ചില ഗ്രാവൽ റോഡു കളെ ടാർ റോഡുകളാക്കി മാറ്റാനുള്ള നിർദ്ദേശങ്ങ ളുണ്ട് അനുബന്ധം A യിൽ ഇവ ഉൾപ്പെടുത്തിയി ട്ടുണ്ട്. വാർഡ് തിരിച്ചുള്ള ഈ പട്ടികയിലെ മുൻഗ ണനാ ക്രമം തയ്യാറാക്കിയത്. അതാത് വാർഡ് മെമ്പ റന്മാരുടെ നിർദ്ദേശമനുസരിച്ചാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ ആ കാര്യം വ്യക്തമാകാതിരുന്നതി ലാണിത്.

1. 04. പുതിയ മൺറോഡുകൾ

പഞ്ചായത്തിൽ പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിന് ധാരാളാം നിർദ്ദേശങ്ങൾ ഉണ്ടായി ട്ടുണ്ട്. നിലവിലുള്ള നടവഴികൾ മൺ റോഡുകളാക്കി മാറ്റാൻ ആവശ്യപ്പെട്ടിട്ടുണ്ട് ഇതോടൊപ്പം നിലവിലി ല്ലാത്ത് പുതിയ മൺ റോഡുകൾ പല വാർഡുകളിൽ വേണമെന്ന് ആവശ്യവും ഉയർന്ന് വന്നിട്ടുണ്ട്. ഈ വിവരങ്ങൾ അനുബന്ധം B യിൽ കൊടുത്തിരി ക്കുന്നു.

1. 05. റോഡ് ശൃംഖലാ വ്യാപനം ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡ് ശൃംഖലയുടെ വ്യാപനവും വർദ്ധ നവും പഞ്ചായത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും വളരെയധികം പാരിസ്ഥി പ്രശ്നങ്ങൾക്ക് ഇത് കാരണായിട്ടുണ്ട്.

പല റോഡുകളുടെയും നിർമ്മാണം മൂലം മുമ്പുട്ടായിരുന്ന ജനിർഗമന മാർഗ്ഗങ്ങൾ താറുമാറാ യിട്ടുണ്ട്. ഇതിനാൽ പല റോഡുകളിലും വെള്ളകെട്ട് അനുഭവപ്പെടുക സാധാരണയാണ്. ഒഴുകി പോകാതെ കെട്ടികിടക്കുന്ന വെള്ളം സമീപങ്ങളിലെ കൃഷിയിട ങ്ങളെയും കാർഷിക വിളകളെയും പ്രതികൂലമായി ബാധിക്കുന്നു എന്നത് ഗുരുതരമായ സ്ഥിതി വിശേ ഷമാണ്. ഇതിനാൽ പല കൃഷിയിടങ്ങളും കൃഷി ചെയ്യുവാൻ കർഷകർക്ക് കഴിയുന്നില്ല.

വൃക്ഷങ്ങൾ വളരെയധികം നശിപ്പിച്ചു കൊണ്ടാണ് റോഡുകൾ നിർമ്മിക്കുന്നത്. അതിനാൽ വ്യാപകമായ വൃക്ഷ നശീകരണം മറ്റൊരു പരിസ്ഥിതി പ്രശ്നമാണ്. മണ്ണൊലിപ്പിനും പരിസ്ഥിതി സംതുലന ത്തിനുമുള്ള കാരണമാകുന്നുണ്ട്.

കൃഷി വയലുകളിലൂടെ പല റോഡുകളും നിർമ്മിച്ചതിനാൽ കൃഷിയിടങ്ങളുടെ വിസ്തൃതി കുറ യുന്നതിനും വ്യാപകമായി പാടങ്ങൾ പുരയിടങ്ങളാ ക്കുന്ന പ്രക്രിയയ്ക്ക് ഇത് ഇടയാക്കി പാരിസ്ഥിതിക പ്രശ്നങ്ങൾ നിമിത്തം പാടങ്ങളിൽ കൃഷി ആദായക രമല്ലാതെ എന്ന വസ്തുതയും ശ്രദ്ധേയമാണ്.

ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മഴക്കാലത്ത് അധിക ജലം താഴ്ന്ന പ്രദേശങ്ങളിലേക്കും പാടശേ ഖരങ്ങളിലേക്കും ഒഴുകി പോന്നിരുന്നത്. പല ഇടവ ഴികളിലൂടെയും കൈതോടുകളിലൂടെയുമായിരുന്നു. പല റോഡുകളുടെയും നിർമ്മാണം ഇങ്ങനെയുള്ള നീർ ഒഴുക്കിന് തടസ്സമാകുകയും റോഡുകളിൽ നീർകെട്ട് സ്വാഭാവികമാവുകയും ചെയ്തു മഴക്കാല ങ്ങളിൽ ഇങ്ങനെയുള്ള റോഡുകളിലൂടെ ഗതാഗതം അസാദ്യമായി തീർന്നിട്ടുണ്ട്.

സാദ്ധ്യതകൾ

1. റോഡ് ഗതാഗതം

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുന്ന തിന് ഗ്രാമ സഭകളിൽ

നിന്ന് ഉയർന്ന് വന്നിട്ടുള്ള നിരവധി നിർദ്ദേശ ങ്ങൾ കണക്കിലെടുത്താൽ പല സാദ്ധ്യതകളും ഉരു തിരിയുന്നുണ്ട്. താഴെ പറയുന്നവയാണ് അവ.

1. റോഡിന്റെ വീതിക്കുറവ് ഒട്ടേറെ അപകട ങ്ങൾക്കും മറ്റും കാരണമാകുന്നുണ്ട്. നിർമ്മാണ ത്തിനു ശേഷം പല റോഡുകളുടെയും വീതി കുറഞ്ഞ് വരുന്നത്. റോഡ് കൈയേറ്റം നടക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഇത്. ഇങ്ങനെ കൈയേറ്റം ചെയ്യപ്പെടുന്ന റോഡ് ഭാഗങ്ങൾ ഒഴിപ്പിച്ചെടുത്ത് റോഡുകളുടെ വീതി വർദ്ധിപ്പിച്ച് നിലനിർത്തേണ്ട താണ്.

2. ടാർ റോഡുകളുടെ വർദ്ധിച്ചു വരുന്ന ഗതാ ഗതത്തിന് ടാർ ചെയ്ത ഭാഗത്തിന്റെയും പാർശ്വ ഭാഗ ത്തിന്റെയും വീതി വർദ്ധിപ്പിക്കേണ്ടതാണ്. റോഡരു കിലെ കൈയേറിയ പുറംപ്പോക്ക് ഭൂമി ഒഴിപ്പിക്കുകയും റേഡ് അരുകിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തീർത്തും ഒഴിവാക്കുകയും വേണം. റോഡിലെ ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ടെലിഫോൺ പോസ്റ്റുകൾ, ഇലക്ട്രിക്ക് പോസ്റ്റുകൾ കുറഞ്ഞത് രണ്ടു മീറ്ററെങ്കിലും അകറ്റി സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

3. യാത്രാ സൗകര്യം തീരെ കുറഞ്ഞ പഞ്ചാ യത്തിലെ തീരദേശ വാർഡുകളെ ബന്ധിപ്പിച്ചുള്ള പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കാൻ റൂട്ടുകൾ അനുവദിക്കേണ്ടതാണ്. കായംകുളത്ത് നിന്ന് കനക ക്കുന്ന് വഴി പഞ്ചായത്തിലെ വെമ്പുഴ കാർത്തിക പ്പള്ളി വഴി ഹരിപ്പാട് റൂട്ടിലും മാവേലിക്കര, ചേപ്പാട്, വെമ്പുഴ റൂട്ടിലുമാണ് സർവ്വീസ് ആരംഭിക്കേണ്ടത് ഇതിനു പുറമെ തോട്ടപ്പള്ളി - തൃക്കുന്നപ്പുഴ - പുളി ക്കീഴ് - വെമ്പുഴ - ചൂളത്തെരുവ് - കിളിമുക്ക് -

കായംകുളം വഴി ബസ്സ് ഗതാഗതം ആരംഭിക്കേണ്ടതാണ്. കൂടാതെ ചൂളത്തെരുവ് വന്തികപ്പള്ളി - വായനശാല - എലുവകുളങ്ങര വഴി മാവേലിക്കരയ്ക്ക് സർവ്വീസ് ആരംഭിക്കണം. മത്സ്യ തൊഴലാളികൾ കൂടുതൽ അധിവസിക്കുന്ന പ്രദേശങ്ങളുടെ വികസനത്തിന് ഉപകരിക്കുന്നതാണ് ഇത്.

4. പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ റോഡുകളോട് അനുബന്ധിച്ച് നടപ്പാതകൾ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കാൻ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്. നടപ്പാതകൾ നിർമ്മിക്കേണ്ടത് താഴെ പറയുന്ന ഭാഗങ്ങളിലാണ്.

1. തോട്ടുപുറത്ത് ഭാഗം (വാർഡ് 3)
2. പോരുട്ടിഭാഗം (വാർഡ് 3)
3. വടുതലപ്പുറത്ത് ഭാഗം (വാർഡ് 3)
4. കണ്ടെംത്തറ ഭാഗം (വാർഡ് 2)
5. പാണ്ടാംപുറത്ത് ചിറ ഭാഗം (വാർഡ് 1)
6. കൊടിക്കകത്ത് ഭാഗം (വാർഡ് 7)
7. പുളിമൂട്ടിൽ പാലം (വാർഡ് 7)
8. മംഗലശ്ശേരിൽ ഭാഗം (വാർഡ് 7)
9. കൃഷ്ണപ്പുരത്ത് ഭാഗം (വാർഡ് 6)
10. നെയ്ശ്ശേരി ഭാഗം (വാർഡ് 6)
11. കുന്നംപ്പള്ളിശ്ശേരി ഭാഗം (വാർഡ് 7)
12. പടന്നയിൽ ഭാഗം (വാർഡ് 8)

2. മെറ്റൽ റോഡുകളും പ്രധാന മൺ റോഡുകളും

1. ടാർ ചെയ്യപ്പെടേണ്ട റോഡുകൾ

പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകളുടെ ദൈർഘ്യം വളരെ കുറവാണ്. ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ച നോക്കുമ്പോൾ ഇത് വളരെ ചെറിയ ഒരു ഭാഗം മാത്രമേയുള്ളു. ആയതിനാൽ പട്ടിക III ൽ കൊടുത്തിട്ടുള്ള ഗ്രാവൽ റോഡുകൾ ടാർ ചെയ്യേണ്ടതാണ്.

2. ഗ്രാവൽ ചെയ്യേണ്ട മൺറോഡുകൾ

നിലവിലുള്ള ചില മൺ റോഡുകൾ അടിയന്തിര പ്രധാന്യത്തോടെ ഗ്രാവലിട്ട് ഗതാഗത യോഗ്യമാക്കണമെന്ന് പ്രധാന ആവശ്യമായിട്ടുണ്ട്. ഗ്രാവൽ റോഡുകളാക്കിമാറ്റാൻ ശുപാർശ ചെയ്യപ്പെട്ട മൺറോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു. (പട്ടിക 4)

റോഡ് വികസനം

പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടിന്റെ നല്ലോരു ശതമാനവും റോഡുനിർമ്മാണത്തിനുവേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്. വളരെ അധികം വിവാദങ്ങൾ ഇതോടൊപ്പം ഉയർന്നു വരാറുണ്ടെന്നുള്ളതും ശരിയാണ്. എങ്കിലും റോഡുകളെ സംബന്ധിച്ച പല വിവരങ്ങളും നമുക്ക് കിട്ടാറില്ല. മാത്രമല്ല ഇത് സംബന്ധിച്ച ധാരണകൾ പലപ്പോഴും വസ്തുനിഷ്ഠമല്ലതാനും.

1. വിവിധതരം റോഡുകൾ

പൊതുവെ റോഡുകളായി കണക്കാക്കപ്പെടുന്നത് 10 അടിയിൽ കുറയാതെ വീതിയുള്ളവയാണ്. പഞ്ചായത്തിലെ റോഡുകൾ പ്രധാനമായും 3 തരത്തിലാണുള്ളത്. ടാർ റോഡ്, ഗ്രാവൽ റോഡ്, മൺ റോഡ് എന്നീങ്ങനെ. ഇവ ചേർന്നുള്ള ശൃംഖലയാണ് റോഡ് ശൃംഖല. റോഡുകളുടെ വീതി കൂടി കണക്കിലെടുത്തിട്ടാണ് മിക്ക പദ്ധതികളിലും അവയ്ക്ക് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ റോഡുകളെ അവയുടെ വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് കാണുന്നതാണ് നന്ന്. റിപ്പോർട്ടിൽ വീതി കൂടി കാണിച്ചിരിക്കുന്നത് ഇത് ലക്ഷ്യമാക്കിയാണ്.

2. റോഡുകളെ സംബന്ധിച്ചുള്ള ആധികാരിക വിവരങ്ങൾ

പഞ്ചയത്തിലെ നിലവിലുള്ള റോഡുരജിസ്റ്റർ. റോഡുകളുടെ വികസന പ്രവർത്തനത്തിന് അടിസ്ഥാനമായി സ്വീകരിക്കുവാൻ കഴിയുകയില്ല. കാരണം ഇപ്പോഴത്തെ രജിസ്റ്ററിന്റെ ഘടന അശാസ്ത്രീയവും കൃത്യക്ഷമമായി സൂക്ഷിക്കാത്തതാണ്.

പഞ്ചായത്തിലെ നിലവിലുള്ള P.W.D റോഡുകൾ പഞ്ചായത്ത് ടാർറോഡുകൾ ഗ്രാവൽറോഡുകൾ, മൺറോഡുകൾ എന്നിവയുടെ ഒരു ആധികാരിക വിവരപ്പട്ടിക (പട്ടിക - A) സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡ് അടിസ്ഥാനത്തിൽ റോഡുകൾക്കു നൽകേണ്ട മുൻഗണനഅനുസരിച്ചാണ് തയ്യാറാക്കേണ്ടത്. എല്ലാറോഡുകൾക്കും കോഡ്നമ്പർ നൽകേണ്ടതാണ്. ഈ കോഡിന്റെ ആദ്യത്തെ രണ്ടക്കങ്ങൾ വർഡ് നമ്പരിനെയും തുടർന്ന് വരുന്ന രണ്ടക്കങ്ങൾ വാർഡിൽ റോഡിനുള്ള മുൻഗണനയെയും സൂചിപ്പിക്കുന്നു.

നിലവിലുള്ള റോഡുകളുടെ സമഗ്ര വിവരപ്പട്ടിക തയ്യാറാക്കുമ്പോൾ ചേർക്കേണ്ട വിവരങ്ങൾ പട്ടിക - A ൽ ചേർത്തിരിക്കുന്നു.

ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്. ഇതുപോലെ പുതായി നിർമ്മിക്കേണ്ടേ റോഡുകളുടെ പട്ടികയും (പട്ടിക - B) തയ്യാറാക്കേണ്ടതാണ്. ഈ പട്ടികയിലും പട്ടിക - A ൽ പറയുന്ന വിവരങ്ങൾ തന്നെയാണ് രേഖപ്പെടുത്തേണ്ടത്. ആവശ്യമായ

പട്ടിക III

ടാർ ചെയ്യപ്പെടേണ്ട മെറ്റൽ റോഡുകൾ

നം	കോഡ്	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട ദൂരം മീ
1		I	കാർത്തികപ്പള്ളി U.P.S., പാണ്ഡാമ്പുറം	300
2		I	സബ് സ്റ്റേഷൻ N.T.P.C. കോർട്ടേഴ്സ്	1500
3		I	കുറുക്കൂട്ട് തെക്കുവശം തെക്കോട്ട്	600
4		II	അർച്ചന - കണ്ടിലിക്കുറ്റി	900
5		II	പുതുപ്പുരക്കൽ - കളരിവാതിക്കൽ	600
6		III	അഞ്ജലി - ഗുരുമന്ദിരം	1000
7		Iv	പഞ്ചായത്ത് ആഫീസ് - പുത്തൻകണ്ടത്തിൽ	1600
8		V	വില്ലേജ് ആഫീസ് കൊച്ചുവീട്	1200
9		VI	ചൂരവിള - പുത്തൻ പറമ്പ്	600
10		VII	കൊച്ചനുജൻ, ജംഗ്ഷൻ, വലിയവീട്	500
11		VIII	പഞ്ചായത്ത് ആഫീസ് കാരിശ്ശേരിൽ	500
12		VIII	സെന്റ് തോമസ്സ് - പതിനെട്ടിൽ	750
13		VIII	കൈതവിള - പന്തപ്ലാവിൽ	1000
14		VI	കണ്ടത്തിൽപ്പുരയിൽ - ചക്കരച്ചിറ	400
15		III	പുന്നക്കുളങ്ങര - സുരേഷ് ഇൻഡസ്ട്രീസ്	600
16		VI	മുക്കുവശ്ശേരിൽ - തുണ്ടിൽ	1000
17		VII	വെമ്പുഴ - പുത്തൻപറമ്പ്	1000
18		II	ശിവാലയം - റോസ് വില്ല	1000
19		II	ശങ്കരമംഗലം - മാളിയേക്കൽ	1500
20		II	പ്രസാദ് സ്റ്റുഡിയോ - ഉള്ളൂരിരുപ്പിൻ	500
21		III	പനയ്ക്ക് കിഴക്കതിൽ - വെട്ടിക്കുളങ്ങര	1000
22		IV	വില്ലേജാഫീസ് - വടക്കോട്ടിൽ	1000
23		VIII	കാവിൽ പടിക്കൽ - കുന്നം പള്ളി	500

എല്ലാ സമ്മതപത്രങ്ങളോടും കൂടെ മൺറോഡുകൾ നിർമ്മിച്ചുകഴിഞ്ഞശേഷം ഇവ പട്ടിക - A ലേക്ക് മാറ്റേണ്ടതാണ്.

5. പരിസ്ഥിതിപ്രശ്നങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

റോഡുകളിലെ വെള്ളക്കെട്ടിന് പരിഹാരമായ ഓടകളും കലുങ്കുകളും നിർമ്മിക്കേണ്ടതുണ്ട്. റോഡുകൾ വേണ്ടയിടങ്ങളിൽ പർശ്വസംരക്ഷണഭിത്തികെട്ടി സംരക്ഷിക്കാവുന്നതുമാണ്. ഇവയൊക്കേ പ്രവർത്തസജ്ജമായി നിലനിർത്തുന്നതിന് ഗുണഭോക്താക്കളായ അയൽക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്.

മൺറോഡുകളെ ഗ്രവൽ റോഡുകളായിമാറ്റുമ്പോൾ ജലനിർഗ്ഗമനത്തിന് ഓടകൾ നിലനിർത്തേണ്ടതാണ്. റോഡുകളിൽ ഗ്രവൽ നിരത്തുന്നത്. വിദഗ്ദ

തൊഴിലാളികളെക്കൊണ്ട് ശാസ്ത്രീയമായരീതിയിലാവണം.

റോഡുകൾ നിർമ്മിക്കുമ്പോൾ കഴിയുന്നത്ര വൃക്ഷങ്ങൾ നശിപ്പിക്കാതെ വേണമെന്നത് നിഷ്കർഷിക്കണം. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ശാസ്ത്രീയമായിവേണം പുതിയറോഡുകൾ നിർമ്മിക്കേണ്ടത്. പരിസ്ഥിതിക്ക് തികച്ചും ഇണങ്ങുന്ന രീതിയിലുള്ള റോഡുകളാവണം താഴ്ന്ന പ്രദേശങ്ങളിൽ നിർമ്മിക്കേണ്ടത്.

നിലവിലുള്ള തോടുകളും നീരോഴുക്ക് മാർഗ്ഗങ്ങളും നിലനിർത്തിക്കൊണ്ടു വേണം പുതിയറോഡു നിർമ്മിക്കാൻ.

5. റോഡുകളുടെ വികസനവും നിർമ്മാണവും

പഞ്ചായത്തിലെ അറ്റകുറ്റ പണിക്കായി ഗ്രമസഭയിൽ നിദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളുടെയും വിശദവിവരം അനുബന്ധം A ൽ കൊടുത്തിരിക്കുന്നു. ഈ റോഡുകളുടെ എല്ലാം പണിയെത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പട്ടിക മുന്നിൽ കാണിച്ചിട്ടുള്ള റോഡുകളുടെ നിർമ്മാണവും നടത്തേണ്ടതാണ്. അതിനു ശേഷം അനുബന്ധം B ൽ കൂടുതൽ മുൻഗണന നൽകിയുള്ള റോഡുകൾ നിർമ്മാണത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്. പൊതുഫണ്ടുകളിൽനിന്ന് ഗ്രാമപഞ്ചായത്തിന്റെ തീരുമാനം അനുസരിച്ച് വാർഡുകളിൽ ചില വഴിക്കപ്പെടുന്ന തുക ആ പരിപാടിയുടെ ഗുണഭോക്താക്കളുടെ ആനുപാതികമായ തോതിലായിക്കേണ്ടതാണ്.

6. പദ്ധതിയുടെ ജനകീയസ്വഭാവവും ജനശക്തിയും

പഞ്ചായത്തിലെ റോഡു ഗതാഗത സൗകര്യങ്ങളുടെ വികസനത്തിൽ ജനകീയസ്വഭാവം കൈവരിക്കാൻ കഴിയണം അതിനായി നാട്ടിലെ ജനശക്തി നമുക്ക കൈമുതലായിയുണ്ട്. പുതിയ റോഡുകളുടെ നിർമ്മാണം ശ്രമദാനത്തിലൂടെ നടത്താൻ കഴിയണം. പഞ്ചായത്തിന്റെ വർദ്ധിച്ച സാമ്പത്തിക ആവശ്യകതയും പരിമിതമായ ധനശേഷിയും സുലഭമായ ജനശക്തിയും ഒരുമിച്ച് പരിഗണിക്കുമ്പോൾ പദ്ധതികൾ ജനകീയസ്വഭാവത്തോടെ നടപ്പാക്കാൻ കഴിയും. റോഡുകളുടെ നിർമ്മാണത്തിന് ആകെ വേണ്ടിവരുന്ന ചെലവിന്റെ മൂന്നിലോന്ന് ഭാഗമെങ്കിലും ശ്രമദാനദിനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാവണം. റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി കഴിഞ്ഞവർഷം(95-96) പൊതുഫണ്ടിൽ നിന്നും 3,34,384 രൂപ ചെലവഴിക്കുകയുണ്ടായി. യാതൊരു തുകയും ഇതിനായി പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുകയുണ്ടായില്ല. എന്നത്. ജനകീയ സ്വഭാവത്തിന്റെ പോരായ്മയായി ചൂണ്ടികാട്ടാം. പഞ്ചായത്തിലെ ജനകീയ വികസന പ്രവർത്തനങ്ങളുടെ സാധ്യത വ്യക്തമാക്കിക്കൊണ്ട് മിക്കവാറും എല്ലാ ഗ്രാമസഭകളുടെ ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണെന്ന് അറിയിച്ചിട്ടുണ്ട്.

അനുബന്ധം – A

നിലവിലുള്ള റോഡുകൾ

(ഗ്രമസഭാ റിപ്പോർട്ടുകളിൽ നിന്നും വർഡുമെമ്പർമാരിൽ നിന്നും പ്രധാന പ്രവർത്തകരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ) കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള അക്കങ്ങൾ വാർഡിലെ മുൻഗണനയെയും സൂചിപ്പിക്കുന്നു.

വാർഡ്	കോഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ഉണ്ടാകുന്ന കുഴികൾ	മെറ്റൽ	ഓട	കലുങ്ക്					ഒരു വർഷത്തിൽ ശ്രമദാനം		
						ചരൽ	ഇഷ്ടിക	മണ്ണ്	സിമന്റ്	മണ്ണ്	സിമന്റ്	ഇഷ്ടിക	സ്ത്രീ	പുരുഷൻ	കുട്ടി
1		T.K.M.M. കോളേജ് ജംഗ്ഷൻ – മർത്തോമാപള്ളി ജംഗ്ഷൻ	0.7	6											
1		U.P.S.പാണ്ഡാം പുറം	0.3	4											
1		സബ്സ്റ്റേഷൻ വളയിക്കകം	0.5	4											
1		കാവിൽപടീക്കൽ ക്ഷേത്രത്തിനു കിഴക്കോട്ട്	0.2	3											
1		ഹരിജൻ സൊസൈറ്റി റോഡ്	0.15	3											
1		കുറുക്കുട്ട് മുക്ക് തേക്കോട്ട്	0.6	3											
2		കണ്ടലിക്കുറ്റി കളപ്പുരയ്ക്കൽ	0.9	4											
2		ശങ്കരമംഗലം കളപ്പുരയ്ക്കൽ	0.7	3											
2		കളപ്പുരയ്ക്കൽ കാട്ടിൽലക്ഷംവീട്	0.2	4											
2		കാഞ്ഞൂർ ശിവാലയം റോഡ്	0.9	6											
2		വെട്ടിക്കുളങ്ങര ഗുരുമന്ദിരം റോഡ്	1.0	6											
2		പുതുപുരയ്ക്കത്ത – കളരിവാതിക്കൽ	0.6	3											
2		കാഞ്ഞൂർ കുമ്പശ്ശേരിൽ റോഡ്	0.6	3											
2		സീമാ ടെയ്ലേഴ്സ് ചക്കുവള്ളി	0.25	3											
3		പുന്നക്കുളങ്ങര കളരകിവാതിക്കൽ	0.7	4											
3		വല്ലാറ്റിൽ മുക്ക് മുതൽ തെക്കോട്ട്	0.25	3											

വാർഡ്	കോഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട്	മെറ്റൽ ഓട കലുങ്ക്							ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	പ്രയോജനപ്പെടുത്തിയത്	സ്ത്രീ	പുരുഷന്മാർ	സംഘടന
3		പി.സി. മംഗലം തോട്ടുപുറം	0.50	3											
3		ശങ്കരമംഗലം പള്ളിപ്പറമ്പ്	1.0	3	5										
4		കാട്ടുപറമ്പിൽ തെക്കുവശം മുതൽ തെക്കോട്ട്	0.25	3											
4		പുത്തൻകുളങ്ങര ജംഗ്ഷൻ കിഴക്കോട്ട്	1.0	4											
4		മംഗലത്ത് വടക്കുവശം മുതൽ കിഴക്കോട്ട്	0.2	4											
4		മങ്ങാട്ട് മുക്ക് മുതൽ പടിഞ്ഞാറോട്ട്	0.25	4											
4		പനയ്ക്കൽ ജംഗ്ഷൻ വെട്ടികുളങ്ങര	0.9	6											
4.		ചെന്നാട്ട് ജംഗ്ഷൻ പടിഞ്ഞാറോട്ട്	0.6	4											
4		തറപ്പറമ്പിൽ തങ്ങളത്ത്	0.4	4											
4		പഞ്ചായത്ത് ആഫീസ് പുതിയവീട്ടിൽ	1.6	6											
5		വായനശാല തയ്യിൽ ക്ഷേത്രം	0.5	3.5											
5		പതിശ്ശേരിൽ കുഴിക്കാല	1.0	4											
5.		കൈലാസം മുതൽ പടിഞ്ഞാറോട്ട്	0.4	4											
5		പുത്തൻകുളങ്ങര കൊച്ചുവീട്ടിൽ	1.0	4											
6		ചൂരവിള പുത്തൻ പറമ്പിൽ	0.7	4											
6		ആയിക്കോമത്ത് കണാങ്കര	1.0	3											
7		വെള്ളിശ്ശേരി ആയിരംചിറ	0.75	3.5											
7		വെമ്പുഴ വടക്കടുത്ത്	0.25	3.5											
7		മുക്കുവശ്ശേരി ചൂരവിള	0.8	3.5											
7		പുളമൂട്ടിൽ ലക്ഷംവീട്	0.25	3.5											
7		വിദ്യാരുപറമ്പിൽ ലക്ഷംവീട്	0.15	3											

വാർഡ്	കോഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട്	മെറ്റൽ ഓട കലുങ്ക്							ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംഭാവന	ശ്രമം	നീളം
7		കണ്ടിള്ളശ്ശേരി ആയിരംച്ചിറ	0.75	3											
8		സെന്റ് തോമസ്സ് H.S. പതിനെട്ടിൽ ജംഗ്ഷൻ	0.4	6											
8		കൈതവിള പന്തപ്ലാവിൽ	0.7	3.5											
8		രാമവിലാസം പന്തപ്ലാവിൽ	0.3	5 3											
8		പന്തപ്ലാവിൽ കാരിശ്ശേരിൽ	0.5	0 6											
8		കാവിൽ കുന്നംപ്പള്ളി	0.40	3.5										പടി	ക്കൽ
8		അയ്യങ്ങാടിൽ പാട്ടത്തിൽ	0.3	0 4											
8		കൊച്ചാലുമൂട് പടിഞ്ഞാറോട്ട്	0.25	2.5											ജം
8		ബാബു കോട്ടേജ് മണ്ണപ്പള്ളിൽ 0.20 6													
8		N.S.S. പോരുകോയിക്കൽ	0.3	4										കര	യോഗം
I		66 KV സബ്സ്റ്റേഷൻ മുതൽ വടക്കോട്ട് 0.3 4													
I		മാർത്തോമ്മാപള്ളി പാർസനേജ്	0.4	3											
II		ഗുരുമന്ദിരം മുതൽ കിഴക്കോട്ട്	0.4	3											
II		വടക്കോട്ട് വടക്കുവശം മുതൽ ചെട്ടിശ്ശേരി വരെ	0.4	3											
II		ശങ്കരമംഗംലം വടക്ക് മുതൽ തെക്കോട്ട്	0.6	3											
II		കളപ്പുരയ്ക്കൽ പടിഞ്ഞാറ് മുതൽ പടിഞ്ഞാറോട്ട്	0.50	3											
III		തുണ്ടിൽമുക്ക് മുതൽ വടക്കോട്ട്	0.15	3											
IV		പുല്ലുംഭാഗത്ത് പടിഞ്ഞാറ് മുതൽ പുത്തൻകണ്ടം	0.15	3											

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ഉണ്ടായിരിക്കുന്ന പൊതുയോഗങ്ങൾ	മെറ്റൽ ഓട കലുങ്ക്							ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംഭാവന രൂപ	ശ്രമദാനം രൂപ	ആകെ രൂപ
V		തയ്യിൽ ക്ഷേത്രം വാത്തി തുണ്ടിൽ	0.75	3											
V		ചൂരവിള സുരേന്ദ്ര ഭവനം	0.25	3											
III		വടുതലപ്പുറത്ത് കിഴക്കുവശം മുതൽ വടക്കോട്ട്	0.25	3											
VI		ചിങ്ങനല്ലൂർ തേണ്ടാപാട്ടത്തിൽ	0.75	3											
IV		തോട്ടുപ്പുറത്ത് പാലം മുതൽ തെക്കോട്ട്	0.30	3											
I		മാമ്പറക്കടമ്പശ്ശേരി	0.5	6											
I		ഗ്രേസു വില്ല പാണ്ടാം പുറത്ത്	0.4	8											
III		മുഴിക്കുളം ചിറയിറമ്പ്	1.5	8											
VII		വെമ്പുഴ കാർത്തികപ്പള്ളി	2.75	8											
IX	II	എലുവക്കുളങ്ങര വായനശാല	2.0	8											
VI	VIII	പഞ്ചായത്ത് ഓഫീസ് കാരുശ്ശേരി	0.50	8											
V		കുരണ്ടിക്കുഴി ചൂരവിള	1.3	8											
II		അർച്ചന കണ്ടിലിക്കുറ്റി	0.4	8											
V		പാലോത്തറ തെക്ക് മുതൽ കൊച്ചു വീട്	0.4	5											
II		കളപ്പുരയ്ക്കൽ മാളിയേക്കൽ													
II		തുണ്ടുറ പോരുട്ടിൽ													
II		കളത്തറ മുറവശ്ശേരിൽ													

അനുബന്ധം 3 പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

വാർഡ്	നിർദ്ദേശിക്കുന്ന റോഡിന്റെ പേര് കോഡ്	ദൂരം മീ.
III	ചെനാട്ട് കിഴക്കുവശം മുതൽ കോരട്ടി തോട് വരെ	400
III	നികത്തിൽ വടക്ക് മുതൽ പടിഞ്ഞാറോട്ട്	150
III	ഗുരുമന്ദിരത്തിൽ വടക്ക് കൂടി കനാലിന് സമാന്തരമായി	2 കി. മീ.
IV	കുറ്റിപ്പുറത്ത് പുത്തൻ വീട്ടിൽ തെക്കുവശത്തുള്ള കനാൽ സൈഡിൽ കൂടി റോഡ്	1 കി. മീ.
VI	കൃഷ്ണൻ ജോത്സ്യൻ പരസരക്കാർക്ക് പഞ്ചായത്ത് റോഡിലേക്ക്	150
V	N.S.S. കരയോഗത്തിനു കിഴക്കുവശം P.W.D. റോഡിൽ നിന്ന് കിഴക്കോട്ട്	250
VI ഉ	പ്പഴത്തിൽ പടിഞ്ഞാറ് മുതൽ ഗുരുമന്ദിരം വരെ	1 കി. മീ.
VI	ചൂരവിള കുട്ടൻതറ ക്ഷേത്രം	1 കി. മീ.
VI	വാട്ടർ ടാങ്ക് N.T.P.C. റോഡ്	500 മീ.
VII	തയ്യിൽക്ഷേത്രത്തിന് തെക്ക് വശത്തുകൂടി പടി. പ്ലാംമൂട് വരെ	750
VII	പുളിമൂട്ടിൽ ക്ഷേത്രത്തിന് തെക്കുവശം മുതൽ വെള്ളിശ്ശേരി റോഡ് വരെ	1 കി. മീ.
VII	ഉപ്പേരി കമ്പനിക്ക് തെക്കുവശത്തു കൂടി പടിഞ്ഞാറോട്ട്	1. കി. മീ.
VII	വല്യവീട്ടിൽ കിഴക്കുവശം മുതൽ തെക്കോട്ട് വായനശാല	2 കി. മീ
VII	വെമ്പുഴ പള്ളിക്ക് വടക്കോട്ട് കൊടിക്കകം വരെ	300 മീ.
VIII	രാമ വിലാസം പന്തപ്ലാവിൽ റോഡ്	250
VIII	കൈതവിള മംഗലപ്പള്ളി റോഡ്	500
VIII	പതിനെട്ടിൽ കഴിവേറ്റിക്കുന്ന്	500
VIII	കൈതവിള മാന്തറ	500
VIII	കളത്തട്ട് മംഗല പ്പള്ളി.	500
VIII	കരീൽ കഴുവേറ്റികുന്നേൽ	900
I	പാണ്ടപ്പുറത്ത് ചുറ	300
I	സബ് സ്റ്റേഷനും കിഴക്കുവശം മുതൽ തെക്കോട്ട്	600
IV	മങ്ങാട്ട് തെക്കുവശം കിഴക്കോട്ട്	500
IV	എടിശ്ശേരത്ത് കിഴക്കോട്ട്	300
IV	വെട്ടികുങ്ങര പടിഞ്ഞാറുവശത്തു കൂടി മുല്ലേത്ത് കിഴക്ക് കൂടു മീനത്തേരി റോഡ്.	300
V	പോസ്റ്റാ ആഫീസ് ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട്	450

ഊർജ്ജം

പഞ്ചായത്ത് രൂപീകൃതമായ ശേഷം 33 വർഷങ്ങൾകഴിഞ്ഞിട്ടും ആധുനിക പുരോഗതിയിലൂടെ അടിസ്ഥാന ഊർജ്ജശക്തിയായ വൈദ്യുതി വാർഡുകളിലെ മുഴുവൻ പ്രദേശത്തും എത്തിയിട്ടില്ല. വൈദ്യുതീകരണം നടത്താത്ത വളരെ യേറെ വീടുകൾ പഞ്ചായത്തിലുണ്ട്. വയറിംഗ് പൂർത്തിയാക്കിയ ഒട്ടനവധി ഗാർഹിക ഉപഭോക്താക്കൾക്ക് പോലും വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടിയപ്പോൾ രൂക്ഷമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം

പഞ്ചായത്ത് നിവാസികൾ അനുഭവിക്കുന്ന മറ്റൊരു ശാപമാണ്.

പഞ്ചായത്തിലെ ഗതാഗത സൗകര്യമുള്ള റോഡുകളിൽ പോലും വൈദ്യുതീകരണം നടത്തുവാൻ കഴിഞ്ഞിട്ടില്ല.വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പല വാർഡുകളിലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള 10 ട്രാൻസ്ഫോർമറുകളിൽ ഒന്നുപോലും അധികഭാരം വഹിക്കുന്നവയല്ല. ഗാർഹിക ഉപ ഭോക്താക്കളിൽ ഭൂരിഭാഗം പേരും പോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. ഇക്കാരണം കൊണ്ട് മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 30%ത്തിലധികവും കേടായവയാണെന്ന് വൈദ്യുതീ ബോർഡധികൃതർ തന്നെ സമ്മതിച്ചിട്ടുണ്ട്. വൈദ്യുതി ഉപയോഗത്തിലെ എടുത്തു പറയത്തക്ക മറ്റൊരു വസ്തുത. കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ചു കൊണ്ട് ചില ഉപഭോക്താക്കൾ നടത്തുന്ന വൈദ്യുതി ചൂഷണമാണ് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ബോർഡിന്റെ ഒരു 66 KV സബ് സ്റ്റേഷനും ഒരു അസിസ്റ്റന്റ് എൻജിനീയർ ഓഫീസും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചേപ്പാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്ത് കൂടു ഉൾപ്പെടുന്നുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി വിതരണം നടത്തുന്നത് നങ്ങ്യാർകുളങ്ങര 66 KV സബ് സ്റ്റേഷനാണ്.

പഞ്ചായത്ത് പ്രദേശത്തിലുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടിക A യിൽ കൊടുത്തിരിക്കുന്നു.

പട്ടിക A

നമ്പർ	ട്രാൻസ്ഫർമോറുടെ പേര്	കപ്പാസിറ്റി
1	നങ്ങ്യാർകുളങ്ങര	
2	കാർത്തികപ്പള്ളി	
3	കാർത്തിക്കപ്പള്ളി മിനി	
4	കാർത്തികപ്പള്ളി പാലം	
5	ചിങ്ങോലി	
6	എലുവക്കുളങ്ങര	100 KVA
7	കാഞ്ഞൂർ	100 KVA
8	ചൂരവിള	100 KVA
9	വന്ദികപ്പള്ളി	100 KVA
10	വെമ്പുഴ	100 KVA

പഞ്ചായത്തിലെ ആകെ വൈദ്യുതി ലൈനുകളുടെ നീളം 52 കി. മി. ആണ്. പ്രദേശത്തെ 9 ട്യൂബുകളും 268 ബൾബുകളും അടക്കം 277 സ്ട്രീറ്റ് ലൈറ്റുകളാണ് പ്രവർത്തിക്കുന്നത്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡ് പോലും പൂർണ്ണമായും വൈദ്യുതീകരണം നടന്നിട്ടില്ല.

2. വൈദ്യുതി ഉപഭോക്താക്കൾക്ക് തുടർച്ചയായി അനുഭവപ്പെടുന്ന വിഷമങ്ങൾക്ക് ഫലപ്രദമായ പരിഹാരം വൈദ്യുതി ബോർഡിന്റെ ഓഫീസുകളിൽ നിന്ന് ലഭിക്കുന്നില്ല

3. വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും വീണ് കിടക്കുന്നത്. സമയാസമയങ്ങളിൽ നീക്കെ ചെയ്യാത്തത് പ്രസരണത്തിന് നഷ്ടം സംഭവിക്കുന്നു.

4. പഞ്ചായത്തിലെ ഒരു വാർഡിന് ശരാശരി 34 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത് ഇത് എണ്ണത്തിൽ കുറവാണ്. പ്രധാനപ്പെട്ട പല റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

5. പഞ്ചായത്തിലെ സമ്പന്ന കുടുംബങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റെപ്പ് അപ്പ് ഇൻവർട്ടർ മുതലായ സംവിധാനങ്ങൾ മറ്റുള്ളവർക്ക് ദേഷകരമാകുന്നു.

6. വൈദ്യുതി ബോർഡ് ,ജീവനക്കാരിൽ ചിലരുടെ അനാസ്ഥയും പ്രശ്നങ്ങൽ പരിഹരിക്കുന്നതിനുള്ള വിമുകതതയും വ്യാപകമായ അഴിമതിയും ഉപഭോക്തക്കളുടെ വിഷമതകൾ വർദ്ധിപ്പിക്കുന്നു.

7. പഞ്ചായത്തിലെ ഇപ്പോഴുള്ള സ്ട്രീറ്റ് ലൈറ്റുകൾ പലതും കാര്യക്ഷമമല്ല.

8. പഞ്ചായത്തിലെ ബഹുഭൂരിഭാഗം വീടുകളും ഇന്ധനം വിറകുകളായി ഉപയോഗിക്കുന്ന അടുപ്പുകളാണ്. വിറകിന്റെ ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്.

സാധ്യതകൾ

വൈദ്യുതി ബോർഡ് ആഫീസുകളിലെ രജിസ്റ്റർ ചെയ്തിട്ടുള്ളതിനെക്കാൾ വളരെ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപഭോകം. സമ്പന്ന കുടുംബങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്ന സ്റ്റെപ്പ് അപ്പ് ഇൻവർട്ടർ സംവിധാനങ്ങൾ മറ്റ് വീടുകളിൽ വോൾട്ടേജ് കുറയ്ക്കുന്നതിന് കാരണമാകുന്നു. മരച്ചില്ലകളാലും മറ്റ് ലൈനുകളിൽ തട്ടിയുണ്ടാകുന്ന പ്രസരണ നഷ്ടം സ്ഥിരം സംഭവങ്ങളാണ് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാൻ പ്രാദേശിക അടിസ്ഥാനത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഗുണകരമായിരിക്കും.

വൈദ്യുതി കരണം നടക്കാത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി വേണ്ട പ്രവർത്തനങ്ങൾ അടിയന്തിരമായി സ്വീകരിക്കണം.

ബോർഡ് ജീവനക്കാരിൽ ചിലർ സാമൂഹ്യ പ്രതിബദ്ധത ഇല്ലാത്തവരും അഴിമതിക്കാരും ആണെന്ന രീതിയിലാണ് പല ഗ്രാമസഭകളിലും വിലയിരുത്തിയിരിക്കുന്നത്. വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളാനും ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമക്കുവാനുള്ള സംവിധാനം ഉണ്ടാകുന്നതിനും പഞ്ചായത്തുകൾക്ക് വൈദ്യുതി മേഖലയിൽ അതാതു തലത്തിൽ നിയന്ത്രണം ഉണ്ടായിരിക്കണം.

പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളുടെയും

പ്രവർത്തന പരിധി

ഒരു ഓഫീസിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തണം. വൈദ്യുതി ലഭിക്കുവാനായി വൈദ്യുത ബൾബുകൾക്ക് പകരം ട്യൂബുകൾ ഉപയോഗിക്കുവാൻ നടപടികൾ ഉണ്ടാകണം. വോൾട്ടേജ് ക്ഷാമ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്യൂബുകൾ കത്തുന്നതിയി ഇലക് ട്രോണിക്സ് ചോക്കുകൾ സബ്സിഡി നിരക്കിൽ വിതരണ ചെയ്യേണ്ടതാണ്.

അടിയന്തിരമായി പഞ്ചായത്തിൽ വൈദ്യുതി കരണത്തിനു വേണ്ടി നടത്തേണ്ട പ്രവർത്തനങ്ങലും അവയോട് ബന്ധപ്പെട്ട ചിലവുകളും ജനവിഹിതവും വാർഡ് തിരിച്ചുള്ള വിവരങ്ങളായി പട്ടിക ൽ കൊടുത്തിരിക്കുന്ന പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും വിറക്ക് ഇന്ധനമായി ഉപയോഗിക്കുന്നതിനാൽ അനുഭവപ്പെടുന്ന ഇന്ധന ക്ഷാമം ഒരളവ് വരെ പരിഹരിക്കുവാൻ ഇന്ധന ക്ഷമതുള്ള വിറക് അടുപ്പുകൾക്ക് കഴിയും ഇതിനായി പരിഷത്ത് അടുപ്പുകളും ഉപയോഗം വ്യാപകമാക്കണം. കേരള ശ്സ്ത്ര സാഹിത്യ പരിഷത്ത്, അനർട്ട് എന്നീ ഏജൻസികളിലൂടെ ഇത് പ്രാവർത്തികമാക്കാവുന്നതാണ്. ഇതിനാവശ്യമായ ബോധവൽക്കരണം പഞ്ചായത്ത് മുൻകൈ എടുത്ത് നടത്തേൺതാണ്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും ഇന്ധന ക്ഷാമം പരിഹരിക്കാവുന്നതാണ്. പ്രഷർ കുക്കറുകളുടെ ഉപയോഗം പഞ്ചായത്തിൽ വ്യാരകമാക്കേണ്ടതാണ്. ഇപ്പോൾ തന്നെ അനർട്ട് ഇക്കാര്യത്തിൽ പ്രോത്സാഹന ജനകമായരീതിയിൽ സബ്സിഡി നൽകി വരുന്നുണ്ട്. അനർട്ടിന്റെ ഏജൻസി ഈ ജില്ലയുടെ വടക്കേ അറ്റത്ത് ആയതിനാൽ മറ്റ് പ്രദേശത്തുള്ളവർക്ക് പ്രയോജനപ്പെടുന്നില്ല അതിനാൽ ജില്ലയിൽ ഹരിപ്പാട് കേന്ദ്രമാക്കി മറ്റൊരു ഓഫീസ് പ്രവർത്തികേണ്ടത് ആവശ്യമാണ്.

വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് വൈദ്യുതി ബോർഡും സന്നദ്ധസംഘടനകലും ചേർന്ന് വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വൈദ്യുതി ധൂർത്ത് നടത്തുന്നത് കണ്ടെത്തി ധൂർത്ത്

ഒഴിവാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

വൈദ്യുതി ഉപഭോക്താക്കൾക്ക് ഇലക്ട്രിസിറ്റി ബോർഡുകൾക്ക് നൽകാൻ ബാദ്ധ്യസ്ഥമായ സേവനം ഇപ്പോൾ ഒട്ടും തൃപ്തികരമല്ല. അതിനാൽ ഉപഭോക്താക്കൾ അടിസ്ഥാനപരമായി നൽകണ്ട സേവനം വൈദ്യുതി ബോർഡ് നിർബന്ധമായ ഉറപ്പു വരുത്തണം.

പട്ടിക I

വൈദ്യുതീകരണത്തിനായി നടത്തേണ്ട പ്രവർത്തനങ്ങൾ

വാർഡ്	പുതിയ ലൈൻ വേണ്ട സ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ	പ്രതീക്ഷ ചെലവ്	ജന വിഹതം സംഖ്യ രൂപ
1	ചിറയിപറമ്പ് തെക്ക്	100 മീ.	1 Phase			
2.	ഇടശ്ശേരി മുറവശ്ശേരിൽ	200 മീ.	,,			
3.	ഗുരുമന്ദിരം മുഴിക്കളം	300 മീ.	,,			
3.	തോട്ടുപുറത്ത് പോരട്ടിൽ	150 മീ.	,,			
4.	വെട്ടികുളങ്ങര പടിഞ്ഞാറ് വശം	300 മീ.	,,			
4	തുണ്ടിൽ മുക്ക് കിഴക്കോട്ട്	100 മീ.	,,			
5	വാലേത്ത് കൊച്ചുവീട്ടിൽ	400 മീ.	,,			
6	വാലേത്ത് ലക്ഷംവീട്	200 മീ.	,,			
7	പുളിമൂട്ടിൽ ലക്ഷംവീട്	200 മീ.	,,			
7	പുളിമൂട്ടിൽ കോളനി	150 മീ.	,,			
7	പുളിമൂട്ടിൽ ക്ഷേത്രം തെക്കോട്ട്	150 മീ.	,,			
7	വെള്ളിശ്ശേരി പടിഞ്ഞാറോട്ട്	200 മീ.	,,			
7	പഴയചാലിൽ പടിഞ്ഞാറോട്ട്	300 മീ.	,,			
7.	കാഞ്ഞിരംമൂട്ടിൽ പടിഞ്ഞാറോട്ട്	20 മീ.	,,			
8	കൈതവിള കിഴക്കുവശം	120 മീ	,,			

മാർക്കറ്റ്

14000 ത്തിലധികം ജനങ്ങൾ അതിവസിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ഒരു മാർക്കറ്റ് പോലും നിലവിലില്ല എന്നതാണ് സ്ഥിതി വുപണനത്തിന് പര്യാപ്തമായ രീതിയിൽ പച്ചക്കറികളോ മറ്റ് കാർഷികോൽപ്പന്നങ്ങളോ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. പ്രധാന കാർഷിക വിളകൾ നാളീകേരം, കശുഅണ്ടി നെല്ല്, എള്ള്, അടയ്ക്ക എന്നിവയാണ്, പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ നിന്ന് ലഭിക്കുന്ന കായൽ മത്സ്യം വിപണന യോഗ്യമാണ്. മാർക്കറ്റിന്റെ അഭാവം കാരണം. വിപണനം നടത്താൻ കഴിയാത്തതിനാൽ ന്യമായ വില ഈ തൊഴിൽ ചെയ്യുന്നവർക്ക് ലഭിക്കുന്നില്ല.

പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് അത്യാവശ്യമാണ്. വ്യാപകമായ പ്രചരണ പ്രവർത്തനത്തിലൂടെ പഞ്ചായത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ച് നടപ്പാക്കുന്നത് വഴി ഉൽപ്പാദനം വർദ്ധിപ്പിച്ച് വാർഡുതല ആഴ്ച ചന്തകൾ രൂപീകരിക്കാവുന്നതാണ്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്ന മാർക്ക

റ്റുകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വാർഡ് നിർദ്ദേശങ്ങളും പ്രശ്നങ്ങളും

II ആഴ്ച ചന്ത സ്ഥാപിക്കുന്നത് വാർഡിന് പ്രയോജനകരമാണ് അരീക്കത്തറ ജംഗ്ഷൻ ഇതിന് അനുയോജ്യമാണ്.

III കുന്നേൽ ജംഗ്ഷൻ കേന്ദ്രമായി ആഴ്ച ചന്ത രൂപീകരിക്കണം.

IV വിപണന സാദ്ധ്യതയുള്ള കാർഷികോ ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയുടെ വിപണനത്തിനായി ആഴ്ച ചന്തകൾ ഉണ്ടാവണം.

VII വാർഡിൽ ഒരു പൊതുമാർക്കറ്റ് ഉണ്ടാവുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഴ്ച ചന്തകൾ പ്രവർത്തിക്കുന്നതിലൂടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ലഭ്യമാവുന്ന മത്സ്യം, കാർഷികോ ഉൽപ്പന്നങ്ങൾ, തഴപ്പായ്, പാലും പാൽ ഉൽപ്പന്നങ്ങളും, കൂടിൽ വ്യവസായോൽപ്പന്നങ്ങളായ കുട്ട, മുറം, ഈർക്കിൽ ചൂൽ, ചിരട്ടത്തവി തുടങ്ങിയവ വിപണനം നടത്തുവാൻ കഴിയും ഇതിലൂടെ ഉൽപ്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായമായ വിലയ്ക്ക് വിൽക്കുവാനും വാങ്ങുവാനും കഴിയും.

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റെയും അധിക ലഭ്യതയും ഇല്ലായ്മയും സംതുലനം ചെയ്ത് കരുത്തുറ്റ ഒരു വിപണന സംവിധാനത്തിലൂടെ സ്വായ ശ്രയ ഗ്രാമമാക്കുവാൻ നാം ശ്രമിക്കേണ്ടതാണ്.

നിർദ്ദേശം

വായനശാല കേന്ദ്രീകരിച്ച് ഒരു പൊതുമാർക്കറ്റ് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

8
വിദ്യാഭ്യാസം

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി പഞ്ചായത്തിന്റെ ഭാഗമായിരുന്ന ഇപ്പോഴത്തെ ചിങ്ങോലി പഞ്ചായത്ത് പ്രദേശത്ത് ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിൽ ഉണ്ടായിരുന്നത് കുടിപ്പള്ളികുടങ്ങൾ മാത്രമായിരുന്നു. കാർത്തികപ്പള്ളി പ്രദേശത്ത് ഉണ്ടായിരുന്ന സർക്കാർ ആൺ പള്ളിക്കുടവും (മലയാളം മീഡിയം) വടക്ക് റീത്ത് പള്ളിക്ക് സമീപം ഉണ്ടായിരുന്ന പെൺ പള്ളികുടവും (മലയാളം മീഡിയം) കഴിഞ്ഞാൽ മാവേലിക്കര സർക്കാർ ഇംഗ്ലീഷ് ഹൈസ്കൂളിനെ ആശ്രയിച്ചായിരുന്നു ഇവിടുത്തെ ജനങ്ങൾ വിദ്യാഭ്യാസം നടത്തിയിരുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്. പഞ്ചായത്ത് ഏരിയായിലുള്ള ആളുകൾ N.S.S. സ്ഥാപിച്ച കരുവാറ്റാ ഹൈസ്കൂൾ, ക്രിസ്ത്യൻ പള്ളി അധികരികൾ സ്ഥിപിച്ച് ചേപ്പാട് ഹൈസ്കൂൾ, ഹരിപപാട് സർക്കാർ ഹൈസ്കൂൾ ഇവയെ ആശ്രയിച്ചിരുന്നു.

ഈ പഞ്ചായത്തിൽ ആദ്യം നടത്തിയ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്ന കാർത്തികപ്പള്ളി U.P.S. ആണ്. ഇത് സർക്കാർ മേഖലയിൽ ഉണ്ടായിരുന്ന കാർത്തികപ്പള്ളി ആൺ പള്ളികുടം മാറ്റി സ്ഥാപിച്ചതാണ്. അതിനുശേഷം നിലവിലുണ്ടായിരുന്ന പെൺ പള്ളികുടം കൂടി യോജിപ്പിച്ചു. അതിനുശേഷം പന്ത്രണ്ടാം നമ്പർ സൊസൈറ്റി ഭാരവാഹികൾ ചിങ്ങ നല്ലൂർ L.P.S. സ്വന്തമായി സ്കൂൾ വേണമെന്ന ആഗ്രഹത്തിന്റെ ഫലമായി രൂപീകരിക്കപ്പെട്ടു തുടർന്ന് S. N.D.P. യുടെ അഭിമുഖ്യത്തിൽ പാലപ്ര ശ്രീ. പി.ആർ. കേശവന്റെ നേതൃത്വത്തിൽ ചൂരവിള L.P. സ്കൂൾ സ്ഥാപിച്ചു. അതിനുശേഷം സ്രാമ്പിക്കൽ തറയിൽ മഠം ശ്രീ. ആർ. സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിൽ ഗണപതി വിലാസം L.P.S. സ്ഥാപിച്ചു.

കാർത്തികപ്പള്ളി ഓർത്തഡോക്സ് പള്ളി അധികാരികൾ 30 വർഷം പഴക്കമുള്ള U.P.S. 1949 ൽ സെന്റ് തോമസ് H.S. ആയി ഉയർത്തി. സെന്റ തേമസ്സ് H.S. മാത്രമാണ് ഇപ്പോൾ പഞ്ചായത്ത് അതിർത്തിയിലുള്ള ഏക ഹൈസ്കൂൾ.

പട്ടിക 1 (B)

L.P.S. U.P.S., H.S. വിഭാഗത്തിലെ പെൺ കുട്ടികളുടെ വിവരം

ആകെ	U.P.S.			U.P.S.			H.S.		
വിദ്യാർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
3540	764	611	44.43	597	441	42.48	637	490	43.47
ആകെ									43.55%

പട്ടിക 1 (A) (വിദ്യാർത്ഥികൾ അദ്ധ്യാപകർ)

ക്ര.	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
ന.			ആൺ	പെൺ	ആകെ	പുരു.	സ്ത്രി	ആകെ
1	സെന്റ് തോമസ്സ് H.S.	എയിഡഡ്	977	689	1666	16	44	60
2	കാർത്തികപ്പള്ളി U.P.S.	സർക്കാർ	298	276	574	1	22	23
3	ചൂരവിള U.P.S.	എയിഡഡ്	100	86	186	2	7	9
4	ചിങ്ങനല്ലൂർ L.P.S.	എയിഡഡ്	132	117	249	-	10	10
5	ഗണപതി വിലാസം L.P.S.	എയിഡഡ്	62	74	136	-	4	4
6	ചൂരവിള L.P.S.	സർക്കാർ	90	86	176	-	7	7
7	സെന്റ് തേമസ്സ് L.P.S.	അൺ എയിഡഡ്	133	108	241	1	4	5
8	ബിഷപ്പ് മൂർ വിദ്യാപീഠം	അൺ എയിഡഡ്	307	191	498	-	19	19

പട്ടിക 1 (C)

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ	L.P.S.			U.P.S.			H.S.	
	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1375 ആകെ	120	8.7	1038	104	10.01	1127	112	9.9 9.49%

പട്ടിക 1 (D)

പഠനം നിർത്തിയവരുടെ കണക്ക്

ആൺ	SC/ST		മറ്റുള്ളവർ ആകെ		
	പെൺ	ആകെ	ആൺ	പെൺ	ആകെ
1 ആകെ	2	3	20	4	24 27

പഞ്ചായത്തിൽ ആകെ 8 സ്കൂളുകളാണ് ഉള്ളത് ഇതിൽ രണ്ടെണ്ണം സർക്കാർ അതീനതയിൽ ഉള്ളതും 4 എണ്ണം എയിഡഡ് സ്കൂളും രണ്ടെണ്ണം ആൺ എയിഡഡ് സ്കൂളും ആണ്. ആകെ 8 സ്കൂളുകളിലായി 3726 വിദ്യാർത്ഥികൾ പഠിക്കുന്നു. അദ്ധ്യാപകരുടെ എണ്ണം 137 പട്ടിക 1 (A), 1 (B), 1 (C) സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ചെറിയ ഒരു ശതമാനം കുട്ടികൾ ഇടയ്ക്ക് വച്ച് പഠിത്തം നിർത്തുന്നുണ്ട് 1995-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞ് പോയവരുടെ വിവരം പട്ടിക 1 (D) യിൽ കൊടുത്തിരിക്കുന്നു.

പട്ടിക II

ഗവ: സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	രണ്ട് ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ: അദ്ധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ: സ്കൂളിലെ വിദ്യാർത്ഥികൾ	%
137	30	21.89%	3726	750	20.12 %

പഞ്ചായത്ത് ഏരിയായിൽ സാങ്കേതിക വിദ്യാഭ്യാസം നടത്താൻ ഒരു I.T.C., 2 കമ്പ്യൂട്ടർ കേന്ദ്രങ്ങൾ, ലാബക് ലിറ്ററിസി & വൊക്കേഷണൽ സെന്ററിന്റെ കീഴിൽ ഒരു തയ്യൽ പരിശീലന കേന്ദ്രവും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളും ഉണ്ട്. ലാബക് ലിറ്ററിസ് & വൊക്കേഷണൽ സെന്ററിന്റെ വിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമാണ്. ചിങ്ങോലി പോസ്റ്റ് ഓഫീസിനു സമീപം ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് ഉണ്ട്. ലാബക് സെന്റർ വൈയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും നടത്തുന്നു.

10 അംഗൻവാടികളും ഗ്രാന്റ് വാങ്ങിക്കുന്ന 11 നിലത്തെഴുത്ത് ആശാൻമാർ നടത്തുന്ന കുടിപ്പള്ളികുടവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

കൂടാതെ ഒരു പാരലൽ കോളേജും നാല് ട്യൂട്ടോറിയലും പട്ടികജാതി പട്ടികവർഗ്ഗകാർക്കായി ഒരു നൈത്ത് പരിശീലന കേന്ദ്രവും പഞ്ചായത്ത ഏരിയായിൽ പ്രവർത്തിക്കുന്നു.

ഉപരിപഠനത്തിന് പഞ്ചായത്ത് ഏരിയായിലുള്ള നങ്ങ്യാർകുളങ്ങര T. K.M.M. കോളേജ്, കായംകുളം എം.എസ്.എം. കോളേജ്, ആലപ്പുഴ S. D. കോളേജ് ബിഷപ്പുമൂർ മാവേലിക്കര എന്നിവയെ ആശ്രയിക്കുന്നു.

രണ്ട് നഴ്സറി സ്ഥാപനങ്ങൾ (ഇംഗ്ലീഷ് മീഡിയം) ഇവിടെ പ്രവർത്തിക്കുന്നു. മൂന്ന് വയസ്സിനും ആഞ്ച് വയസ്സിനും ഇടയിലുള്ള കുട്ടികൾ അധികവും സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗവാടികളിൽ പോകുന്നു. ജനസംഖ്യ ആനുപാതികമായി കണക്കാക്കുമ്പോൾ ഏകദേശം അഞ്ച് അംഗനവാടികൾ കൂടി അനുവദിച്ച് കിട്ടേണ്ടതായുണ്ട്. ആകെ നിലവിലുള്ള 10 അംഗൻവാടികളിൽ രണ്ടെണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത് പഞ്ചായത്ത് തലത്തിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ അധികാരികൾ സ്വീകരിക്കണം.

നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പനരും ഉണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിരക്ഷരരായ അനേകം സഹോദരങ്ങളെ കാണാം. 1990 ലെ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവ സാക്ഷരർ ക്രമേണ നിരക്ഷരരായി എന്നതാണ് ദുഖസത്യം

അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അദ്ധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടു പോകും. ഇത്തരുണത്തിൽ അദ്ധ്യാപകനും രക്ഷിതാവും മാനേജറും ബഹുജനങ്ങളുമെല്ലാം അടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കുവാൻ നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ അമാന്തിക്കരുത്. സെന്റെ തേമസ്സ് H.S. ൽ P.T.A. അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. N.N.S. കരയോഗങ്ങൾ, ചിങ്ങോലി 239-ാം S.N. D.P. ശാഖായോഗം എന്നീ സംഘടനകൾ S.S.L.C. യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് ക്യാഷ് അവാർഡ് ഏർപ്പെടുത്തിയുട്ടുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വതിദീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചുകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 8 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജ്ജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക്ക് നിലവാരം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തുന്നതായി കാണാം. അക്കാഡമിക്ക് നിലവാര തകർച്ച, സമരം കൊണ്ടും മറ്റും ഉണ്ടാകുന്ന അദ്ധ്യന നഷ്ടം പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി

അനുപാതം, ഭൗതിക സാഹചര്യങ്ങൾ, അദ്ധ്യാപക രക്ഷകർത്തൃ സമിതി, ഉച്ചക്കഞ്ഞി, പുതിയ അംഗൻവാടികളുടെ ആവശ്യകത, നിലവിലുള്ള കാർത്തികപ്പള്ളി ഗവ: U.P.S. ന്റെ അപ്ഗ്രഡേഷൻ, അദ്ധ്യാപകരുടെ പുന പരിശീലനം, കൂട്ട ക്ലാസ്സ് കയറ്റം, DIET തുടങ്ങിയവ യുടെ സേവന ലഭ്യത, മാസാന്ത പരീക്ഷകൾ മൂല്യ നിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ കുറിച്ചെല്ലാം ഓരോ ഗ്രാമ സഭയിലും ചർച്ചകൾ നടന്നതായി കാണുന്നു. ഗ്രാമ സഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന ആഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച പ്രാഥമിക്ക ദ്വതീയ വിവരങ്ങൾ സഹായകമായി.

ഇത്തരം ഒരു റിപ്പോർട്ടിൽ പ്രഥന പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക്ക് സൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പര മപ്രധാനമാണ്. ക്ലാസ്സ് മുറിയിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്ന സൗകര്യങ്ങൾ ലഭ്യമാക്കണം. , ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. ഇവിടുത്തെ വിദ്യാലയങ്ങിലെ സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക 4-ൽ ചേർക്കുന്നു.

ലാബറട്ടറി ലൈബ്രറി സൗകര്യം ഇല്ലാത്ത് സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക പ്രത്യേകിച്ചും അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മ ആണ്. മുത്രപ്പുര, കക്കൂസ്, കുടിവെള്ളം എന്നിവയുടെ ലഭ്യത പട്ടി 5 ൽ ചേർക്കുന്നു. കക്കൂസും മുത്രപ്പുരയും ഇല്ലാത്ത ഒരു സ്കൂളും കുടിവെള്ളമില്ലാതെ 2

പട്ടിക 4

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത	ലാബ്	പ്രവർത്തിക്കാത്തത	പാഠോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡ്	ടി.വി.	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക് ബോഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	ക്ലാസ്സ് P.T.A. പ്രവർത്തിക്കുന്നുണ്ട്.
ഉള്ളത്	6	3	3	1	7	5	2	-	1 കേടായി	1	8	6	-
ഇല്ലാത്തത്	2	-	5	-	1	3	6	8	7	7		2	8

പട്ടിക 5

ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുത്
സെന്റ് തോമസ്സ് H.S.	1666	60	6	3	ഉണ്ട്	ഉണ്ട്
കാർത്തികപ്പള്ളി U.P.S.	574	23	1	1	ഉണ്ട്	ഉണ്ട്
ചൂരവിള U.P.S.	186	9	2	1	ഉണ്ട്	ഉണ്ട്
ചിങ്ങനല്ലൂർ L.P.S.	249	10	2	1	ഉണ്ട്	ഉണ്ട്
ഗണപതി വിലാസം L.P.S.	136	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ചൂരവിള L.P.S.	176	7	1	1	ഇല്ല	ഇല്ല
സെന്റ് തേമസ്സ് L.P.S.	241	5	2	1	ഉണ്ട്	ഇല്ല
ബിഷപ്പ് മൂർ വിദ്യാപീഠം	498	19	2	1	ഉണ്ട്	ഇല്ല

സ്കൂളും വൈദ്യുതി ഇല്ലാത്ത് 3 സ്കൂളും പഞ്ചായത്തിലുണ്ട്. ശരാശരി 230 പേർക്ക് ഒരു മൂത്രപ്പുരയും 465 ഒരു കക്കൂസുമാണ് നിലവിലുള്ളത്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവകമല്ല. കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയ ശതമാനവും 1995 - 96 ലെ പാദവാർഷിക പരിക്ഷയ്ക്ക് 3 മുതൽ 10 ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ മാർക്കും യഥാക്രമം പട്ടിക 6 (A) യിൽ പട്ടിക 6 (B) എന്നിവയിൽ ചേർത്തിരിക്കുന്നു.

പട്ടിക 6(A)

സ്കൂൾ	91-92	92-93	93-94	94-95	95-96
സെന്റ് തോമസ്സ് H.S.	45%	46%	48%	60%	47%

പട്ടിക 6 (B)

ക്ലാസ്സുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30-40% ഇടയിൽ മാർക്ക് ലഭിച്ചവർ	40-50 വരെ മാർക്ക് നേടിയവർ	50-60% വരെ മാർക്ക് ലഭിച്ചവർ	60% മുകളിൽ മാർക്ക് ലഭിച്ചവർ
3	19	43	45	58	177
4	13	33	64	48	179
5	46	161	51	25	60
6	46	161	61	28	37
7	57	196	32	26	76
8	86	263	30	21	32
9	84	256	28	21	31
10	66	208	23	14	25

അവലംബം സ്കൂൾ രേഖകൾ

നിരവധി കാരണങ്ങൾ വിദ്യാഭ്യാസ നിലവാരം താഴ്ത്തുന്നതിന് ഇടയായിട്ടുണ്ട്. ദൃശ്യ മാദ്ധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം എന്നിവ അനഭിവിഷണീയമായ പ്രവണത വിദ്യാർത്ഥികളിൽ ഉളവാക്കുന്നു.

നല്ലൊരു വിഭാഗം കുട്ടികളും ഗൈഡുകളെയും, ട്യൂഷൻ ക്ലാസ്സുകളെയും ആശ്രയിക്കുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാസ്ത്ര മാസികകളായ യുറീക്കയും ശാസ്ത്ര കേരളവും ശാസ്ത്ര ഗതിയും യഥാക്രമം 30 ഉം 25 ഉം 10 ഉം പഞ്ചായത്തുകളിൽ വിറ്റഴിയുന്നു.

ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

a. കാർത്തികപ്പള്ളി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ H.S. ആയി ഉയർത്തണം.

b. L.P. സ്കൂളുകളോട് അനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ-പ്രൈമറികൾ ആരംഭിക്കുക.

c. സ്കൂളുകളിൽ പാഠ പുസ്തകങ്ങൾ യഥാ സമയം എത്തിക്കുവാൻ നടപടികൾ സ്വീകരിക്കുക.

f. L.P. സ്കൂളികളിലെ പ്രാഥമിക സൗകര്യങ്ങളായ ബഞ്ച് ഡസ്ക്ക് ആവശ്യമായ കളിസ്ഥലങ്ങൾ ഉപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

e. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.

f. ജനസംഖ്യം ആനുപാതികമായി അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കു.

g. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

h. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

I. വിദ്യാഭ്യാസ നിലവാരം നിരീക്ഷിക്കുന്നതിന് പഞ്ചായത്ത് തല സമിതി രൂപീകരിക്കുക.

j. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും തുടർ വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

k. അദ്ധ്യാപക രക്ഷകർത്ത സമിതിയും മാതൃ സംഗമവും ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുക.

l. S.S.L.C. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകുക.

m. വിദ്യാഭ്യാസ രംഗം ചടുലമാക്കുവാൻ സ്കൂൾ കോംപ്ലക്സ് സംവിധാനം ഉണ്ടാക്കണം.

വിദ്യാലയങ്ങളിലേ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്ന് കൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ വർദ്ധിപ്പിക്കുകയും പഠന പ്രവർത്തനങ്ങൾക്ക് അവരെ നയിക്കുകയും ചെയ്യുണം. സ്കൂൾ പാർലമെന്റുകൾ, ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, പൂന്തോട്ട് പച്ചക്കറി തോട്ടങ്ങൾ കായിക പരിശീലന പരിപാടികൾ, വിനോദ യാത്രകൾ, തുടങ്ങി അനേകം പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്.

സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൽ വർദ്ധിപ്പിക്കുകയും മാസാന്തര പരീക്ഷകളും മാതൃ സംഗമങ്ങളും അദ്ധ്യാപക രക്ഷകർത്താ സമിതികളും ഒത്ത് ചേർന്നാൽ ഇന്ന് വിദ്യാഭ്യാസ മേഖലയിൽ നിൽക്കുന്ന ശോച്യാ അവസ്ഥ പരിഹരിക്കാം. സ്കൂളുകളിലേ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കഴിഞ്ഞാൽ അസാസ്ത്രിയമായ ട്യൂട്ടോറിയൽ വിദ്യാഭ്യാസത്തിൽ നിന്നും ഗൈഡുകളിൽ നിന്നും വിദ്യാർത്ഥികളെ മോചിപ്പിക്കാനാവും അങ്ങനെ ലഭിക്കുന്ന സമയം കുട്ടികൾക്ക് പാഠ്യേതര പ്രവർത്തനങ്ങൾ വ്യാപൃതരാകുവാൻ കഴിയും.

സംസ്കാരം

ചരിത്രാതീത കാലം മുതൽ സമ്പൽ സമൃദ്ധിയുടെ വിലനിലമായ ഒരു കൊച്ചു ഗ്രാമം പൊന്നിൻ ചിങ്ങ മാസത്തിന്റെ പ്രസക്തി നിലനിർത്തി പോന്നിരുന്ന "ഓണം ഊട്ടുത്ത കര" യിലെ മുഖ്യകര ചിങ്ങോലി ആയതിൽ നമ്മുക്ക് അഭിമാനിക്കാം. ആലപ്പുഴയുടെ തെക്ക് ഭാഗത്തായി കായംകുളം കായലിനോട് തൊട്ടുരുമ്മി സ്ഥിതി ചെയ്തിരുന്ന പ്രകൃതി രമണിയമായ ഗ്രാമം. ഒരു കാലത്ത് കയർ പിരിക്കുന്ന റാട്ടുകളുടെ സംഗീതവും തൊണ്ട് തല്ലിന്റെ താളക്രമവും കൊണ്ട് അദ്ധ്വാന ഭാരം മറന്നിരുന്ന ജനങ്ങളും വള്ളവും വലയുമായി കായലിൽ പോയി മത്സ്യസമ്പത്തു ശേഖരിച്ച് യഥേഷ്ടം ജീവിച്ചിരുന്നവർ, പകൽ മുഴുവൻ വയലേലകളിൽ പണിയെടുത്തും കൊയ്ത്തു മെതികൾ നടത്തി സമ്പൽ സമൃദ്ധിയോടെ കഴിഞ്ഞിരുന്ന കുറെ മനുഷ്യർ ചിങ്ങോലിയുടെ പ്രതീകമായി കഴിഞ്ഞിരുന്നുവെങ്കിൽ, കായൽകരയായതിനാലും N.T.P.C. യുടെ അവിർഭാവത്താലും നമ്മുടെ മേച്ചിൽ പുറങ്ങൾ നഷ്ടപ്പെട്ട

തിന്റെ ദുഖ സ്മരണകൾ ഉൽകൊള്ളാൻ വിധികപ്പെട്ട് ഒരേയൊരു ഗ്രാമം.

തീരദേശ പഞ്ചായത്തായ ചിങ്ങോലിയിൽ വളരെ മുമ്പ് കാർത്തികപ്പള്ളി രാജാവും പാനിയപ്പള്ളി രാജാവും ഈ നാടു ഭരിച്ചിരുന്നതായി ചരിത്രമുണ്ട്. പിന്നീട് ചെറിയ രാജ്യങ്ങളെല്ലാം തിരുവിതാംകൂർ രാജ്യത്തിൽ ലയിച്ചപ്പോൾ ഇവിടവും തിരുവിതാം കൂറിന്റെ ഭാഗമായി. പോർട്ടുഗീസുകാർ ഈ സ്ഥലത്ത് കച്ചവടത്തിനായി വന്നിരുന്നതായി രേഖകളുണ്ട്. കാർത്തികപ്പള്ളി കച്ചവട കേന്ദ്രമായിരുന്നു. ഈ ഗ്രാമ ത്തിലും ചുറ്റുമുള്ള പ്രദേശങ്ങളിലുമായി നിലകൊ ള്ളുന്ന ഹിന്ദു മുസ്ലീം ക്രിസ്തിയ ആരാധനാലയങ്ങൾ മഹസൗഹാർദ്ദത്തിന്റെ മകുടോദാഹരണങ്ങളാണ്.

നാം എത്തി നിൽക്കുന്ന ദിശയിൽ നിന്നും തിരിഞ്ഞ് നോക്കുമ്പോൾ സവർണ്ണ - സമ്പന്ന നാടു വാഴികളുടെ അധികാരത്തെ ചെറുത്ത് നിന്ന് പോരാ ട്ടതിന്റെ ഐതിഹ്യങ്ങൾ ഗ്രാമ പഴമയായി ഇന്നും പ്രചാരത്തിലുണ്ട്. നമ്മുടെ കർമ്മഭൂമിയുടെ പശ്ചാ ത്തലം പരിശോധിച്ചാൽ പല മേഖലകളിലും വ്യക്തി പ്രഭാവം നിലനിർത്തിയിരുന്ന കർമ്മധീരന്മാരെ നമ്മുക്ക് മറക്കാൻ പറ്റുമോ? അവരിൽ പ്രമുഖർ സംസ്കൃത പണ്ഡിതനായിരുന്ന ചിങ്ങോലി വടക്കേ ഇല്ലത്തെ ശ്രീ ചേപ്പാട് അച്യുത വാര്യർ, നീലവന മാധ വൻ നായർ, പാലപ്ര ശ്രീ. പി. ആർ. കേശവൻ, തണ്ട ളത്തു ശ്രീ. അച്യുതൻ പിള്ള ഡോക്ടർ പബ്ളിക്ക് പ്രോസിക്യൂട്ടർ ആയിരുന്ന കൈമുട്ടിൽ പരമേശ്വരൻ ഉണ്ണിത്താൻ, കണിയാത്തറ കുട്ടൻപിള്ളോ, കെ.കെ. ശ്രീനിവാസൻ, സാഹിത്യകാരൻ കൂടിയായ N.P. ചെല്ല പ്പൻ നായർ എന്നിവർ മൺ മറഞ്ഞെങ്കിലും സാമ്പ ത്തിക ശാസ്ത്രജ്ഞനായ ശ്രീ. ജേക്കബ്ബ് ഈപ്പൻ ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ശ്രീ. സി.പി. നായർ ജില്ലാ ജഡ്ജി ശ്രീ. സദാനന്ദൻ, എന്നിവർ നമ്മോ ടൊപ്പം ഉണ്ട്. ഇന്ന് നിലവിലുള്ള ചിങ്ങനല്ലൂർ L.P.S., ചൂരവിള U.P.S., L.P.S., ഗണപതി വിലാസം L.P.S., കാർത്തികപ്പള്ളി U. P.S., സെന്റ് തോമസ്സ് H.S. എന്നിവ വളരെ മുമ്പ് തന്നെ സ്ഥാപിച്ച ഔപചാരിക സ്ഥാപ നങ്ങളാണ്. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായ നശാലയും ഗ്രന്ഥശാലകളും. ഇതിൽ ഏറ്റവും പഴക്ക മേറിയത് ചിങ്ങോലി യുവജന സമാജം വായനശാ ലയും ഗ്രന്ഥശാലയുമാണ്. അതിനുശേഷം സ്ഥാപി തമായത് കാർത്തികപ്പള്ളി ജംഗ്ഷനു സമീപത്തായി സ്ഥിതി ചെയ്യുന്ന വായനശാലയും ഗ്രന്ഥ ശാലയും. പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക നില യവും ഉണ്ട്. ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ഗ്രാമശ്രീ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മാതൃഭൂമി സ്റ്റഡി സർക്കിൾ, ശാസ്ത്ര സാഹിത്യ പരിഷത്ത്, ബാലസംഘം, സൗഹൃദ സംസ്കാര വോളിബോൾ ക്ലബ്ബുകൾ, വനിതാ സംഘടനകൾ എന്നിവയും നിലവിലുണ്ട് നിരവധി കലാസമിതികളും കായിക സമിതകൾ, വനിതാ സംഘടനകൾ, അമച്ചർ കലാസമിതികൾ ജന്മം കൊള്ളുകയും അകാല മൃത്യു വരിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട സമിതികളായിരുന്നു ലോട്ടസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, രാഗഭവൻ തിയറ്റേഴ്സ് എന്നിവ. സുപ്രസിദ്ധ ചലച്ചിത്ര നടനായ അശോകൻ, ഗാന രചിയതാവ് സി.കെ. ദേവദാസ് ഗാന സാഹിത്യ അംഗമായ ചോപ്പാട് സോമനാഥ് തുടങ്ങിയ കലാകാരന്മാരും ചിങ്ങോലിയുടെ പരിവേഷമണിഞ്ഞവരാണ്. കൂടാതെ പ്രൊഫഷണൽ കാലരംഗവുമായി ബന്ധപ്പെട്ടവരും കഥകളിരംഗത്തു പ്രവർത്തിക്കുന്നവരുമായ കലാകാ രൻമാരും ഈ ഗ്രാമ പശ്ചാത്തലത്തിൽ തെളിഞ്ഞു നില്ക്കുന്നുണ്ട്. കൂടാതെ സാംസ്കാരിക കേന്ദ്രങ്ങ ളായ ശ്രീ കാവിൽ പടിക്കൽ ദേവീ ക്ഷേത്രം, കൂട്ട ന്തറ ദേവീ ക്ഷേത്രം, തയ്യിൽ ഭുവനേശ്വരി ദേവി ക്ഷേത്രം, തുറവശ്ശേരി ക്ഷേത്രം കരുമരത്തിങ്കൽ ക്ഷേത്രം, വേണാട്ടുശ്ശേരിൽ ക്ഷേത്രം, പുളിമൂട്ടിൽ, കള പ്പുരക്കൽ, പറവടക്കതിൽ ക്ഷേത്രം, വരിക്കോലിൽ ക്ഷേത്രം, എന്നിവയും മുസ്ലീം ആരാധനാലയമായ വന്ദിക പ്പള്ളി പള്ളി, മുക്കുവശ്ശേരി പള്ളിയും, ക്രിസ്തീയ ആരാധനാലയമായ കാർത്തികപള്ളി ഓർത്തഡോക്സ് പള്ളിയും വെമ്പുഴയിലുള്ള പള്ളി യുമാണ്. സമീപപ്രദേശങ്ങളിലായി സ്ഥിതിചെയ്യുന്ന , വലിയകുളങ്ങര ദേവി ക്ഷേത്രം, കാഞ്ഞൂർ ദേവീ ക്ഷേത്രം എന്നിവയുമാണ്. ഗ്രമാന്തിരീക്ഷത്തിലുള്ള ക്ഷേത്രത്തോട് അനുബന്ധിച്ചും അല്ലാതെയും അനു ഷ്ഠാന കലകളായ കോലം തെയ്യം, ആൾപ്പിണ്ടി, പൂപട, മുടിയേറ്റ്, കളമെഴുത്തും പാട്ട്, സർപ്പം പാട്, നാടൻ പാട്ടുകൾ, ഉടുക്കുപാട്ടുകൾ, മറ്റ് പ്രാചീന കലാ രൂപങ്ങൾ നിലനിന്നു പോരുന്നു. പ്രധാന ആഘോഷ ങ്ങൾ, ഓണം, ദീപാവലി, വിഷു, ഭരണി എന്നിവയാണ്. മുക്കുവശ്ശേരി പള്ളിയിലെ ചന്ദക്കുടം ഇപ്പോഴില്ല.

ക്ഷേത്രങ്ങളെയും സമിതികളെയും സംബ ന്ധിച്ച മറ്റ് വിവരങ്ങൾ പട്ടിക അന്യത്ര ചേർത്തിരി ക്കുന്നു.

പൗരാണികമായി നിലനിന്നു പോരുന്ന അന്ധ വിശ്വാസങ്ങളും ദുരാചാരങ്ങളും മറ്റ് മതങ്ങളുടെയും വൈദേശിക സംസ്കാരത്തിന്റെ സാമിപ്യവും സഹ വർത്തിത്വം മൂലവും ഹിന്ദു മതത്തിൽ തന്നെയുണ്ടായ നവോത്ഥാന പ്രസ്ഥാനത്തിന്റെയും ശ്രമഫലമായി മാറിയെങ്കിലും ഇപ്പോഴും നമ്മുടെ ഗ്രാമത്തിൽ അന്ധ വിശ്വാസങ്ങളെയും മറ്റും പരിപോഷിപ്പിക്കുവാൻ ശ്രമി

ക്കുന്ന ചില ഒറ്റപ്പെട്ട് സ്ഥാപനങ്ങൾ നിലനിൽക്കുന്നു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകര മല്ല. സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും സാർവ്വത്രികമായി നിലനിൽക്കുന്നു. ഇതിനെതിരെ ജനകീയ ശക്തി ഉണർത്തുവാൻ സാംസ്കാരിക സ്ഥാപനങ്ങൾക്കു കഴിയണം.

നമ്മുടെ ഗ്രാമ പഞ്ചായത്ത് തലത്തിൽ സെന്റർ ഫോർ ആർട്സ് & കൾച്ചറൾ അസോസ്സിയേഷൻ (C.A.C.A.) എന്ന പേരിൽ ഒരു' കലാസാംസ്കാരിക സംഘടനയ്ക്കും കേന്ദ്ര കായിക സമിതിയും പ്രാവർത്തികമാക്കി ഗ്രാമ പഞ്ചായത്ത് വികസന സമിതിയുടെ പരിപൂർണ്ണ നിയന്ത്രണത്തിന് വിധേയമാക്കി നിലവിലുള്ള സംഘടനകൾ എല്ലാ C.A.C.A. യിൽ അഫിലിയേറ്റ് ചെയ്ത് സാമൂഹിക മുന്നേറ്റം ഉന്നമാക്കി സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഗുണപരമായ നേതൃത്വം ഇതിന്റെ ലക്ഷ്യമാക്കണം.

നിർദ്ദേശങ്ങൾ

1. അജ്ഞതയ്ക്കും അന്ധവിശ്വാസത്തിനും എതിരായി മതേതരത്തിൽ വിശ്വസിക്കുന്ന നവീന ജനതയായി ഉയർത്തുവാൻ ഈ ഗ്രാമ പഞ്ചായത്തിലെ കലാ സാംസ്കാരിക വനിതാ സംഘടനകളുടെ ഐക്യ നിര സൃഷ്ടിക്കുക.
2. പ്രാക്തന സംസ്കൃതിയുടെ നിദർശനങ്ങളായ പ്രാചീന കലാരൂപങ്ങളെ നിലനിർത്തുക. പ്രോത്സാഹിപ്പിക്കുക.
3. ഗ്രന്ഥപാരായണോത്സുകരുടെ പരിപോഷണത്തിനും സാഹിത്യ പുരോഗതിക്കും ജനവിദ്യാകേന്ദ്രങ്ങളിലെയും, ഗ്രന്ഥ ശാലകളിലെയും, വായനശാലകളിലെയും പ്രവർത്തകരുടെ കർമ്മ മേഖല ഏകോപിപ്പിച്ച് കാര്യക്ഷമത വളർത്തുവാൻ പ്രോത്സാഹനം നൽകുക.
4. C.A.C.A യുടെ ഘടക സംഘടനകളുടെ വർഷാന്ത്യത്തിലെ പ്രവർത്തന റിപ്പോർട്ട് ശാസ്ത്രീയമായി വിലയിരുത്തി ഏറ്റവും നല്ല സംഘടനയ്ക്ക് അവാർഡ് നൽകുക.
5. അംഗസംഘടനകൾക്ക് പത്രങ്ങൾ അനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുവാൻ ആവശ്യമായ സാമ്പത്തിക സഹായം ധനസമിതിയോട് ശുപാർശ ചെയ്യുക.
6. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത വാർഡുകളിൽ സർവ്വേ നടത്തി ആവശ്യമെങ്കിൽ അവ നടപ്പാക്കുക.
7. ഓണാഘോഷം, കേരളോത്സവം എന്നിവയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുക.
8. വനിതകളുടെയും, പട്ടികജാതി പട്ടികവർഗ്ഗം മറ്റ് ദുർബ്ബല വരുമാനക്കാരുടെയും സാമൂഹ്യ പുരോഗതി ഉറപ്പു വരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
9. പഞ്ചായത്ത് തലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ്ഗ വാസനയെ പ്രോത്സാഹിപ്പിക്കുക.

ഈ ഗ്രാമത്തിൽ പ്രബല രാഷ്ട്രീയ പാർട്ടികളായ സി. പി. ഐ(എം), കോൺഗ്രസ്സ് (ഐ), കോൺഗ്രസ്സ് (എസ്) CPI, ജനാതാദൾ കേരളാ കോൺഗ്രസ്സ് - ജെ., BJP, R.S.P., എന്നീ രാഷ്ട്രീയ പാർട്ടികളും ഇവയുടെ ഒക്കെ യുവജന വിഭാഗവും ഇന്ന് നിലവിലുണ്ട്.

കായിക രംഗം

കായികരംഗങ്ങളിൽ നിർണ്ണായക സ്ഥാനം അവകാശപ്പെടുവാൻ കഴിഞ്ഞില്ലെങ്കിലും ചുരുക്കം ചിലരെ സംഭാവന നൽകുവാൻ കഴിഞ്ഞിട്ടുണ്ട് പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കുവാൻ കഴിയണം വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുവാൻ സ്കൂൾ തലത്തിലുള്ള പ്രവർത്തനം നടപ്പാക്കുന്നില്ല. സർക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമുടെ പഞ്ചായത്തിന് കഴിയുകയും അർപ്പണ ബോദ്ധമുള്ള വിദ്യാർത്ഥികളെ കണ്ടെത്താൻ കഴിയണം. കേന്ദ്രകായിക സമിതിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്വത്തിൽ കായിക മേള സംഘടിപ്പിക്കുക. അവധികാല സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകളിൽ പ്രഗത്ഭരെ പങ്കെടുപ്പിക്കേണ്ടതാണ്. കേന്ദ്ര കായിക സമിതിയുടെ അഭിമുഖ്യത്തിൽ സ്ഥിരം കോച്ചിംഗ് സെന്റർ സ്ഥാപിക്കുക.

ചുരുങ്ങിയ 200 മീ. ട്രാക്ക് എങ്കിലും തുടങ്ങാവുന്ന സ്റ്റേഡിയം ഈ സംഘടനകൾക്ക് ലഭ്യമാക്കുക.

പ്രശ്നങ്ങൾ

1. പല വാർഡുകളിലും വായനശാലകളോ ഗ്രന്ഥ ശാലകളോ ഇല്ല സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഉള്ളതിൽ വൈദ്യുതിയും ഇല്ല. 2. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം നടത്തുന്നതിനാവശ്യമായ പ്രവർത്തനം നടത്തുക.

3. കായിക രംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യം നിന്നു പോയിരിക്കുന്നു. കാർഷിക സംസ്കാരത്തിന്റെ ഭാഗമായ കാളപൂട്ട്, ചക്രം ചവിട്ട്, പ്രോത്സാഹനം ലഭിക്കാത്തതിനാൽ നാശോന്മുഖമായിരിക്കുന്നു.

4. സാഹിത്യ അഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ ഉന്നതിക്ക് സർഗ്ഗാത്മക ഭാവനകൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

5. ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര വായനയ്ക്ക് വേണ്ടത്ര പ്രോത്സാഹനം ഇല്ല.

6. പഞ്ചായത്തിൽ ഒരു വിവര ഗ്രഹണ കേന്ദ്രം (Information Centre) ഇല്ലാത്തതിനാലുള്ള അസൗകര്യങ്ങളുണ്ട്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ അവിടുത്തെ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ വായനശാല തുടങ്ങുക. അതുവരെ നിലവിലുള്ള ലൈബ്രറികളെ ഡിസ്ട്രിബ്യൂട്ടിങ്ങ് ലൈബ്രറികളാക്കി പ്രവർത്തനം ലൈബ്രറി ഇല്ലാത്ത വാർഡിലേക്ക് വ്യാപിപ്പിക്കുക. എല്ലാ ഗ്രന്ഥാലയങ്ങൾക്കും മൂന്ന് വർത്തമാനപത്രം അനുവദിക്കുക. വൈദ്യുതി ഇല്ലാത്ത വായനശാലകളിൽ വൈദ്യുതി എത്തിക്കുക.

2. മദ്ധ്യവേനൽ അവധിയിൽ കലാസാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തു ചേരലിന് അവസരം സൃഷ്ടിക്കുക. പരിശീലനം നൽകുക

3. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് ജന വിദ്യാകേന്ദ്രങ്ങൾ സജ്ജമാക്കുകയും ചെയ്യുക. ആധുനികമായ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങളുടെ രംഗപ്രവേശനം അന്യരാഷ്ട്രങ്ങളിലെ ഗ്രാമങ്ങളും നമ്മളും തമ്മിലുള്ള അകലം നന്നേ കുറച്ചിരിക്കുന്നു. പരിവർത്തനത്തിന്റെത് എന്ന് പ്രശംസിക്കുന്ന ഈ കാലവും ലോകവും മൂല്യ അപജയത്തിന്റെ അഗാധ ഗർത്തത്തിലേക്ക് അനുപദം നീങ്ങുന്ന കാഴ്ച ദീതീതമാണ്. ചിങ്ങോലിയും ഇതിൽ നിന്നും വ്യത്യസ്തമല്ല. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഗുണപരമായ മാറ്റം 5 വർഷം കൊണ്ട് വരുത്താൻ സാംസ്കാരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേൽപ്പു കൊണ്ട നമുക്ക് സാധിക്കും. അമൂല്യം എന്ന് കരുതിയിരുന്ന ഭൗതിക മൂല്യങ്ങൾക്ക് സംഭവിച്ച് കൊണ്ടിരിക്കുന്നു അപചയങ്ങൾക്കെതിരെ ജാഗരൂകരാകുക. പ്രതിരോധ നിര പടുത്തുയർത്തി പ്രതിലോമ ശക്തികളെ നമുക്ക് ചെറുത്ത് തോൽപ്പിക്കാം. ഇതാണ് നമ്മുടെ കർത്തവ്യം.

നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പറന്മാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം
1.	മൈത്രി അർട്സ് & സ്പോർട്സ് ക്ലബ്ബ്, ചിങ്ങോലി	1987	75	വാടക
2.	കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കാർത്തികപ്പള്ളി യൂണിറ്റ്	1985	20	
3.	കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ചിങ്ങോലി യൂണിറ്റ്	1991	20	
4.	സൗഹൃദ ചിങ്ങോലി	1984		
5.	മാതൃഭൂമി സ്റ്റഡി സർക്കിൾ			
6.	ശ്രീനാരായണ കലാപീഠം	1994-95		3.5 സെന്റ് സ്ഥലം സ്വന്തം
7.	ചിങ്ങോലി കിഴക്ക് ആയിക്കാട്ട് ഗുരുമന്ദിരം	1983	350	
8.	കല്ലുംമൂട് ഗുരുമന്ദിരം ചിങ്ങോലി			
9.	വയക്കര ഗുരുമന്ദിരം ചിങ്ങോലി			
10.	മുക്കുവശ്ശേരി ഗുരു മന്ദിരം ചിങ്ങോലി			

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പറന്മാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം
1.	ചിങ്ങോലി യുവജന സമാജം വായനശാലയും ഗ്രന്ഥശാലയും	1119		സ്വന്തം

9

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. മൊത്തം 1323 കിണറുകൾ ഉള്ളതിൽ 752 എണ്ണവും വേനൽക്കാലത്ത് വറ്റുന്നവയാണ് വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളും സ്വകാര്യ വ്യക്തികളും പഞ്ചായത്തും സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറും മാത്രമാണ് പ്രധാന ശുദ്ധജല സ്രോതസ്സുകൾ പഞ്ചായത്തിലെ കായലിനോട് ചേർന്ന് കിടക്കുന്ന 5, 6, 7, 8 വാർഡുകളിലെ കിണറുകളിലും കുളങ്ങളിലും പൂർണ്ണമായി ഓരു ജലമാണ്.

ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ കുഴൽ കിണറുകൾ 110

പൊതുകിണറുകൾ		സ്വകാര്യകിണറുകൾ	
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്
16	ഇല്ല	445	752

ആകെ 1323

1995-96 വർഷത്തിൽ മാത്രം 13602 ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് പഞ്ചായത്തിലെ ശുദ്ധജല ലഭ്യതക്കുറവ് ഗൗരവതരമായ പ്രശ്നമാണെന്ന് കാണിക്കുന്നു.

ജലവിതരണ പദ്ധതി

ചൂരവിള	പൊതുടാപ്പ്	സ്വകാര്യ കണക്ഷൻ
	136	350

കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ

പരിഹാര നിർദ്ദേശങ്ങളും

കായംകുളം കാർത്തികപ്പള്ളി റോഡിന് കിഴക്കുവശം ഉപ്പു വെള്ളം കയറുന്ന പ്രശ്നമില്ല കിണറുകൾ കുഴൽ കിണറുകൾ ഇവയുടെ നിർമ്മാണത്തിന് മുൻഗണന നൽകി കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. റോഡിന് പടിഞ്ഞാറുള്ള കിണറുകളിലും കുഴൽ കിണറുകളിലും ഓര് വെള്ളമുള്ളതിനാൽ പൈപ്പ് ലൈൻ നീട്ടുക മാത്രമാണ് ഏക പരിഹാര മാർഗ്ഗം.

പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. കാർത്തികപ്പള്ളി U.P.S. ചൂരവിള U.P.S. എന്നിവടങ്ങളിൽ കുഴിച്ചിട്ടുള്ള കിണറുകളോട് അനുബന്ധിച്ച് ഓവർ ഹെഡ് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ദീർഘിപ്പിച്ചാൽ പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാനാകും.

2. കാഞ്ഞൂർ കന്നിട്ട തോട് ആഴം കൂട്ടുകയും തടണകൾ കെട്ടി സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജലവിതാനം ഉയർത്തുകയും ചെയ്യുക ഇത് ഫലപ്രദമാകുന്നതിന് മുന്നോടിയായി. പുന്തോട്ട് മുട്ട് ചീപ്പ് (V.C.B.) അടിയന്തിര പരിഗണന നൽകി

പണിഞ്ഞ് ഉപ്പ് വെള്ളം കയറുന്നത് തടയണം.

ആരോഗ്യം

പഞ്ചായത്തിൽ 50 വർഷം മുമ്പ് മുതൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമായിരുന്നു വെമ്പുഴ വൈദ്യന്മാർ, ആലപ്പുഴ വൈദ്യൻമാർ, ചേലപ്പള്ളി വൈദ്യൻ എന്നീ ആയുർവ്വേദ വൈദ്യന്മാരും 75 വർഷത്തോളവുമായി ചികിത്സ നടത്തിയിരുന്നു. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലത്തും ചരട് ജപിച്ചു കൊടുക്കൽ മന്ത്രം ജപിക്കുക, വഴിപാടുകൾ നേടുക തുടങ്ങിയ അന്ധവിശ്വാസ ജഡിലമായ പ്രാകൃത ചികിത്സാ രീതി ചുരുക്കം ചിലരിലെങ്കിലും തുടരുന്നുണ്ട്. ഒരു പ്രൈമറി ഹെൽത്ത് സെന്റർ അടക്കം 5 ആലോപ്പതി ചികിത്സാ കേന്ദ്രങ്ങളും ഒരു ഗവ: ആയുർവ്വേദ ഡിസ്പ്പൻസറി ഉൾപ്പെട് മൂന്ന് ആയുർവ്വേദ ചികിത്സാലയങ്ങളും ഗവ: ഹോമിയോ ഡിസ്പ്പൻസറിയും ഒരു സ്വകാര്യ ഹോമിയോ ഡിസ്പ്പൻസറിയും കൂടി മൊത്തം 10 സ്ഥാപനങ്ങൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ വിദേശങ്ങളിൽ അടക്കം പേരുക്കേട്ട ആയുർവ്വേദ സ്ഥപനമാണ് ശ്രീ കൃഷ്ണാ ഫാർമസി & നഴ്സിംഗ് ഹോം. ഇത്രയേറെ സ്ഥാപനങ്ങൾ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ ആരോഗ്യ നിലവാരം ഇതിനനുസരിച്ച് ഉയർന്നു എന്ന് പറയുവാൻ കഴിയില്ല ജലജന്യ രോഗങ്ങൾ 13602 വായുവിലൂടെ പകരുന്ന രോഗങ്ങൾ 12775 പ്രാണികൾ ഉണ്ടാക്കുന്ന രോഗങ്ങൾ 2732 എന്നിവയുടെ എണ്ണത്തിലുള്ള വർദ്ധന ആരോഗ്യ നിലവാര തോതിലുള്ള പോരായ്മ ബലപ്പെടുത്തുന്നു.

പ്രഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കണം. ആയുർവ്വേദ, ഹോമിയോ ഡിസ്പ്പൻസറികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമല്ല. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ, ആവശ്യപ്പെടുന്ന ലിസ്റ്റനുസരിച്ച് കൃത്യമായി എത്തിക്കുന്നതിന് സംവിധാനം ഉണ്ടാകണം.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളെക്കാൾ ഏറെ ബോധവൽക്കരണത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് പകർച്ചവ്യാധികളുടെ കണക്ക് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഹെൽത്ത് വർക്കറന്മാരുടെ ഇടയിൽ ചിലരുടെ താൽപ്പര്യക്കുറവ് ബോധവൽക്കരണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പ്രൈമറി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ലേഡി ഹെൽത്ത് ഇൻസ്പക്ടർ അധികമായി സൃഷ്ടിച്ചു കൊണ്ടും ഒഴിവുള്ള തസ്തികയിൽ ആളെ നിയമിച്ചും ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്താം.

കക്കൂസ്

പഞ്ചായത്തിലെ 2994 വീടുകളിൽ 60% വീടുകളിലും ആരോഗ്യകരമായ കക്കൂസില്ല. 6, 7, 8 വാർഡുകളിൽ ആപൽക്കരമായ ഒരു ആരോഗ്യ പ്രശ്നം നിലനിൽക്കുന്നു. സാമ്പത്തിക ശേഷിയുള്ളവർ അടക്കം കക്കൂസുകൾ പൊതു ജലാശയങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത്. പണം മുടക്കി കക്കൂസ് പൂരയും ക്ലോസറ്റും സ്ഥാപിക്കുന്നവർ ടാങ്ക് പണിയുന്നതിന് പകരം പൊതു ജലാശയത്തിലോട്ട് കുഴൽ സ്ഥാപിച്ചിരിക്കുന്നു ജലത്തിലൂടെയും വായുവിലൂടെയും പകരുന്ന രോഗങ്ങളുടെ ക്രമാതീതമായ വർദ്ധന, മേൽ സൂചിപ്പിച്ച പ്രശനത്തിന്റെ സാമൂഹിക വിരുദ്ധവശം വെളിവാക്കുന്നു. ആരോഗ്യ ബോധവൽക്കരണവും ആരോഗ്യ രക്ഷാ നിയമങ്ങളും കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ പതിയുകയും വേണം.

സർക്കാർ, അർദ്ധസർക്കാർ സന്നദ്ധ സംഘങ്ങൾ തുടങ്ങിയ ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി വ്യക്തികൾക്ക് കക്കൂസ്, പൊതുകക്കൂസ് എന്നീ തരത്തിൽ യുദ്ധകാല അടിസ്ഥാനത്തിൽ പരിഹാരം കാണണം.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

ക്ര.ന.	സ്ഥാപനം	വാർഡ്	സ്ഥാപിച്ച് വർഷം	ജീവനക്കാർ
1.	പ്രൈമറി ഹെൽത്ത് സെന്റർ	4	1991	13
2.	ആയുർവ്വേദ ഡിസ്പ്പൻസറി	8	1982	4
3.	ഹോമിയോ ഡിസ്പ്പൻസറി	7	1974	3
4.	സബ് സെന്റർ (M.C.H.)	2	1991	P.H. സെന്റർ
5.	സബ് സെന്റർ (M.C.H.)	6	1991	സ്റ്റാഫ്

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	കാണപ്പെട്ട് പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താൻ ഉദ്ദേശം
1		ഗണപതി മെമ്മോറിയൽ ഹോമിയോ ക്ലിനിക്ക്	വയറിളക്കം മഞ്ഞപ്പിത്തം	നല്ല രീതിയിൽ നടക്കുന്നു	ഇല്ല
2	ഹെൽത്ത് സെന്റർ	S.M.M. ആശുപത്രി നങ്ങ്യാർക്കുളങ്ങര അനിരുദ്ധൻ മെമ്മോറിയൽ ഹോമിയോ ക്ലിനിക്ക്	ഹൃദ് രോഗം ആസ്മ പ്രമേഹം വയറിളക്കം	നല്ല രീതിയിൽ നടത്തുന്നു പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ്	ഹെൽത്ത് സെന്ററിനുള്ള പ്രാഥമിക സൗകര്യങ്ങൾ ഉടനെ ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കണം
3	ഇല്ല	H.V.M. വൈദ്യശാല	വയറിളക്കം, വാതം, തൃക്ക് രോഗം, പനി.	ചെറിയ രീതിയിൽ ഉള്ള ചികിത്സ മാത്രം ഒരു പകുതി സമയ ഡോക്ടർ	ഇല്ല
4	P.H. സെന്റർ	സഹകരണ ആശുപത്രി	ജലജന്യരോഗങ്ങൾ - വയറിളക്കം, മഞ്ഞപ്പിത്തം	P.H. സെന്ററിന് പ്രാഥമിക സൗകര്യങ്ങൾ ഇല്ല. സഹകരണ ആശുപത്രി പ്രവർത്തനം ഇല്ല	ഡ്രസ്സിംഗ് റൂം സബ് സെന്ററിന് രോഗികളെ പരിശോധിക്കാനുള്ള സൗകര്യങ്ങൾ വേണം
5	ഹെൽത്ത് സെന്റർ	പീതാംബരൻ വൈദ്യൻ	ടൈഫോയിഡ് വയറിളക്കം	ഇല്ല	പ്രഥമിക - അത്യാവശ്യ സൗകര്യങ്ങൾ വേണം.
6	ഇല്ല	ഇല്ല	വയറിളക്കം മഞ്ഞപ്പിത്തം	ഇല്ല	ഇല്ല
7	സർക്കാർ ഹോമിയോ ഡിസ്പ്പൻസറി	ഇല്ല	വയറിളക്കം ചെങ്കണ്ണ്	ഇല്ല	ആവശ്യത്തിനു മരുന്ന് ലഭ്യമാക്കണം. രോഗികളെ പരിശോധിക്കാൻ സൗകര്യം വേണം
8	സർക്കാർ അയുർവ്വേദ ഡിസ്പ്പൻസറി	S.R.K. ഫാർമസി കാർത്തിക്ക് ഹോമിയോ S.R.K. ആയുർവ്വേദ ആശുപത്രി T.R. ജോസ് ഗമാലിയോൽ ഷാലോം ക്ലിനിക്ക്	വയറിളക്കം വാതം തൃക്ക് രോഗം	നല്ല രീതിയിൽ പ്രവർത്തിക്കുന്നു.	ആവശ്യത്തിന് മരുന്നും രോഗികളെ പരിശോധിക്കാനുള്ള സൗകര്യവും അടിയന്തിരമായി ഉണ്ടാകണം.

പരിസര ശുചിത്വം

തൊണ്ടഴുക്കൽ കക്കാനീറ്റ്, ചില ചെറുകിട വ്യവസായ യൂണിറ്റിൽ നിന്നുള്ള മാലിന്യങ്ങൾ, ജലാശയങ്ങളിലെ കക്കൂസ്, മൂന്നാം വാർഡിലെ അറവ് ഇവയാണ് പ്രധാന പ്രശ്നങ്ങൾ. ചായക്കടകൾ ശീതള പാനിയ ശാലകൾ ഇവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കണം. കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുക് നശികരണം എന്നിവ പകർച്ച വ്യാധികൾ പടർന്നു പിടിക്കുവാൻ സാദ്ധ്യതയുള്ള കാലങ്ങളിൽ കൃത്യമായി നടത്താൻ സംവിധാനമുണ്ടാകണം. അടുക്കളയിലെ അവശിഷ്ടങ്ങലും ചപ്പ് ചവറുകളും കമ്പോസ്റ്റാക്കി അടുക്കള തോട്ടങ്ങലിൽ വളമായി ഉപയോഗിക്കുന്നത് ബോധവൽക്കരണം നടത്തണം.

നിർദ്ദേശങ്ങൾ

1. പൊതു ശ്മശാനം

പഞ്ചായത്തിൽ ശ്മശാനത്തിനായി വേർതിരിച്ചിട്ടിരുന്ന സ്ഥലം താപനിലയത്തിന്റെ ടൗൺ ഷിപ്പിനായി അക്വെയർ ചെയ്തു. അടിയന്തിരമായി പ്രത്യേക സ്ഥലം വാങ്ങി ശ്മശാനം നിർമ്മിക്കേണ്ടതാണ്.

2. നവീന അറവുശാല – പഞ്ചായത്തിലെ മൂന്നാം വാർഡിൽ അശാസ്ത്രീയമായ രീതിയിൽ അറവുകൾ നടക്കുന്നത് നിരവധി മലിനീകരണ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു ചേപ്പാട്, കാർത്തികപ്പള്ളി, പള്ളിപ്പാട്, കരിപ്പുഴ പ്രദേശങ്ങളിൽ വിൽക്കുന്ന മാംസം ഈ പഞ്ചായത്തിൽ അറുക്കുന്ന മൃഗങ്ങളുടേതാണ്. നിരവധി ആരോഗ്യ രക്ഷാപരമായ പ്രശ്നങ്ങളും പരിസര മലിനീകരണ പ്രശ്നങ്ങളും മറ്റ് സാമൂഹ്യ പ്രശ്നങ്ങളും സൃഷ്ടിച്ചു കൊണ്ടാണ് ഇവിടെ അറവ് നടത്തുന്നത്. ആയതിനാൽ ആധുനിക സൗകര്യങ്ങളുള്ള ഒരു അറവുശാല മൂന്നാം വാർഡിൽ അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്. ഈ പ്രശ്നം സമീപ പഞ്ചായത്ത് പ്രദേശങ്ങളിലെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളുന്നതിനാലും ഈ പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതിക്ക് ഉൾകൊള്ളാൻ കഴിയായ്കയാലും ബ്ലോക്ക് പഞ്ചായത്തിന്റെ നടപ്പ് പദ്ധതിയിൽ ഉൽപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ മുഖ്യ വിഭാഗമായി വൃദ്ധ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കണമെന്ന് പലഗ്രാമ സഭകളിൽ ആവശ്യമുന്നയിച്ചിരിക്കുന്നു. ആയതിനാൽ പ്രായമായവരുടെ മാനസികവും ശാരീരകവുമായ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം പരിശീലനം നേടിയവരെ നിയമിച്ച് ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനില രക്തഗ്രൂപ്പ് മരുന്നുകളോടുള്ള പ്രതികരണം പാരമ്പര്യരോഗങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു കാർഡ് രോഗ നിർണ്ണയും ചികിത്സയും കുറ്റമറ്റതാക്കുവാൻ സഹായിക്കും. ഹെൽത്ത് കാർഡിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തി സന്നദ്ധ പ്രവർത്തകരെയും ആരോഗ്യ പ്രവർത്തകരെയും എകോപിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

കാലഹരണപ്പെട്ട നിയമങ്ങൾ

പ്രയോഗ ക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുനായ ട്രാവൻകൂർ, കൊച്ചിൻ പബ്ളിക്ക് ഹെൽത്ത് & മദ്രാസ് പബ്ളിക്ക് ഹെൽത്ത് ആക്ട് എന്നീ നിയമാവലികൾ കലോചിതമായി പരിഷ്കരിച്ച് പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൂടുതൽ നിയന്ത്രണാധികാരം നൽകി ഫലപ്രദമാക്കേണ്ടതാണ്.

ഔഷധ സസ്യകൃഷി

ആയുർവ്വേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും ആദായകരമായി തൊഴിലായി വികസിപ്പിക്കുന്നതിനും പഞ്ചായത്തിൽ ഏറെ സാദ്ധ്യതയുള്ളതാണ് ഔഷധ സസ്യകൃഷി. അയൽകൂട്ടങ്ങളായോ സഹകരണ സംഘംഗളായോ സംഘടിപ്പിക്കാവുന്നതാണ് "ഔഷധ സസ്യകൃഷി. ആരോഗ്യ രക്ഷകർക്കും ആദായത്തിനും" എന്ന മുദ്രാവാക്യം സ്വീകരിക്കാം.

പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പുകവലി മുറുക്ക്, മയക്കുമരുന്ന്, മദ്യപാനം എന്നീ അപത്തിനെക്കുറിച്ചുള്ള ബോധവൽക്കരണം ശക്തിപ്പെടുത്തണം. രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വം ബോധ്യപ്പെടുത്തണം അന്ധവിശ്വാസങ്ങളും ഭയാശങ്കളും ദൂരീകരിക്കുവാനുള്ള ബോധവൽക്കരണം സംഘടിപ്പിക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്ത് സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടി ഇണക്കിയാൽ ശുചിത്വഗ്രാം, ആരോഗ്യ ഗ്രാമം എന്ന സ്വപ്നം അനായാസമായി യാഥാർത്ഥമാക്കാവുന്നതാണ്.

10

പട്ടികജാതി പട്ടികവർഗ്ഗം

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവർ 1970 പേരുണ്ട്. ഇതിലുൾപ്പെട്ട ഒരു കോളനിയും ഉണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ട മൂന്ന് കുടുംബങ്ങളും ഉണ്ട്. ഭൂരിപക്ഷം പേരും സ്ത്രീകളും ബാക്കി പുരുഷൻമാരും ആണ്. ഒരു ലക്ഷംവീടുകോളനിയും അംഗീകരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഏതാണ്ട് പത്ത്ശതമാനത്തോളം ഈ വിഭാഗത്തിൽ പ്പെട്ടവരാണ്.

വിദ്യാഭ്യാസ സാമൂഹ്യക മേഖലയിൽ ചുരുക്കം ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന്റെ കൂടികിടപ്പ് അവശാത്തിലൂടെയാണ് ചുരുക്കം ചിലർക്കെങ്കിലും ഭൂമിസ്വന്തമാക്കാൻ കഴിഞ്ഞത്. മുൻ കാലങ്ങളിൽ പൂർണ്ണമായും അനുഭവിച്ചിരുന്നു. ഉച്ച നീചത്വങ്ങളിൽ നിന്നും ഭാഗികമായി മോചനംനോടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം പടങ്ങുകളിലും പങ്കെടുപ്പിക്കുകയും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിനെ സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കോളനിവാസികൾക്കാണ്. ഇവയിൽത്തന്നെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്നു. അംഗീകരത്തിന് സമർപ്പിച്ച കോളനി അംഗീകരിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C ക്കു ശേഷം തുടർന്ന് പഠിക്കന്നതിന് പലകുട്ടികളും താൽപ്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നതിനാൽ പഠനം നിർത്തേണ്ടിവന്ന കുട്ടികൾ നിരവധിയുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. S.S.L.C ക്ക് പരാജയപ്പെട്ടാൽ പഠിക്കുന്നതിന് തയ്യാറാവുന്നില്ല. പൊതുവേ S.S.L.C ക്ക് ഉപരിയായ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കുറവാണ്. ഈ അവസ്ഥക്ക് ഒരു മാറ്റം ഉണ്ടാകണം.

തൊഴിൽ

ജനസംഖ്യയിൽ ഭൂരിപക്ഷംപേരും കാർഷിക മേഖലയിൽ പണിയെടുക്കുന്നു. കാർഷിക മേഖലയുടെ തകർച്ച ഇവരെ തൊഴിൽരഹിതരാക്കുകയോ മറ്റ് മേഖലകളിലേക്ക് കുടിയേറുകയോചെയ്യുന്നു. കാർഷിക മേഖലയിൽ തന്നെ പണിയെടുക്കുന്നവർക്ക് സീസണിൽ മാത്രം തൊഴിൽ ലഭിക്കുന്നു. അതു പോലെ, പരമ്പരാഗത മേഖലകളിൽ പണിയെടുത്തു ഉപജീവനം നടത്തുന്നവർക്ക് (പായ്, കുട്ട, വട്ടി, മുറം) അതിനുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കണം.

പാർപ്പിടം

പാർപ്പിട പ്രശ്നം മുഴുവനായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹയകമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭാച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പയെടുത്ത് കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റുആനുകൂല്യങ്ങൾ നിഷേധിക്കപ്പടുന്ന അവസ്ഥയിലാണ് വീടു നിർമ്മാണത്തിന് അനുവദിക്കുന്നു. തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തികരിക്കാതെ കിടപ്പുണ്ട്. കടക്കെണിയിൽ അകപ്പെട്ടു സ്വന്തമായിയുള്ള ഭൂമിയും നഷ്ടപ്പെട്ടവർ ഈ പഞ്ചായത്തിലുണ്ട്. സർക്കാരിന്റെ തന്നെ വീടുകളിൽ ഭൂരിപക്ഷത്തിനും വൈദ്യുതി, കക്കുസ്, കുടിവെള്ളം മുതലായവയുടെ അപര്യാപ്തത നിലനിൽക്കുന്നു. പുനരധിവാസ പദ്ധതി പ്രകാരം വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടിനുള്ള സഹായവും അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. ഒന്നിച്ചു താമസിക്കുന്ന കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. മിക്ക വീടുകളിലും കക്കുസ് നിലവിലില്ല. കക്കുസ് നിർബന്ധമായും അനുവധിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

കോളനിയിലെ വീടിന്റെ കണക്ക്

വാർഡ്	കോളനിയുടെ പേര്	വീട്	അംഗങ്ങൾ
2	മങ്ങാട്ടുകോളനി	9	25

അംഗീകാരത്തിനു സമർപ്പിച്ചത്

വാർഡ്	കോളനിയുടെ പേര്	വീട്	അംഗങ്ങൾ
6	മാലേത്ത് ലക്ഷം വീട് കേളനി	25	113

പ്രശ്നങ്ങൾ

1. വിദ്യാഭ്യാപുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരർ നിലവിലുണ്ട്. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞതു കാരണം ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെയ്ക്കാൻ സ്ഥലമില്ല. വീടു വെയ്ക്കുവാൻ നല്കുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ദർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. പൊതുശ്മശാനം ഇല്ല.

5. കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടില്ല.

6. ആരോഗ്യ സംരക്ഷണ സമ്പ്രദായം മെച്ചപ്പെട്ടതല്ല.

7. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും മക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

8.പുരകെട്ടി മേയുന്നതിനുള്ള സഹായം മുഴുവൻ വീട്ടുകാർക്കും എല്ലാവർഷവും കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

9. I.R.D.P. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടിക ജാതി വികസന കോർപ്പറേഷനും

11. പട്ടിക ജാതി ക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക ു നല്കുന്ന വായ്പകളും സഹായവും ലക്ഷ്യം നേടുന്നില്ല.

12. പട്ടിക ജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി സഹകരണ സംഘത്തിൽ തിരഞ്ഞെടുത്ത സ്വയം തൊഴിൽ വായ്പയിൽ ചെറിയ ഒരു സംഖ്യ മാത്രം അനുവദിക്കുന്ന പ്രവണത നിലനില്ക്കുന്നു. മറ്റുള്ളവർ കൂടുതൽ സംഖ്യ എടുത്ത് കാര്യങ്ങൾ നടത്തുന്നു. ഇതിന് മാറ്റം ഉണ്ടാക്കണം.

13. കടക്കെണിയിൽപ്പെടുകയും ചെയ്യുന്നു.

14. പൊതു ശ്മശാനം, കമ്മ്യൂണിറ്റിഹാൾ, വായനശാലകൾ ഇവ ലഭ്യമാക്കണം.

സാദ്ധ്യതകൾ

വൈദ്യുതി

പഞ്ചായത്തിൽ മങ്ങാട്ടുകോളനിയിലുള്ള മുഴുവൻ വീടുകൾക്കും വൈദ്യുതി ഏർപ്പെടുത്തുകയും, മറ്റുള്ള വീടുകയും വൈദ്യുതി എത്തിച്ചുകൊടുക്കേണ്ടതാണ്. മാലേത്ത് ലക്ഷം വീടിന് വൈദ്യുതി എത്തിക്കണം.

കുടിവെള്ളം

നിലവിലുള്ള കോളനിക്ക് കുടിവെള്ളം കക്കുസ് അനാരോഗ്യകരമായ കുഴി നികത്തണം. കോളനിയിലേക്ക് റോഡില്ല. മാലേത്ത് ലക്ഷം വീടുകളിൽ ഭൂരിപക്ഷത്തിനും കുടിവെള്ള പ്രശ്നം നില

നില്ക്കുന്നു. അല്ലാതെയുള്ള വീടുകൾക്കും കൂടി വെള്ളം ലഭ്യമാക്കണം.

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവതകരണം ആവശ്യമാണ്. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയും. ഇവ ഗ്രാമ പഞ്ചായത്തു വഴിയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയൂ.

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക, തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയുക.

പാനെയ്ത്ത്, കുട്ട, പനമ്പ്,വട്ടി, മുറം എന്നിവയും വ്യവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

ഈ വിഭാഗത്തിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് എല്ലാവിധ സഹായങ്ങളും ചെയ്യുക.

കുടിവെള്ള പ്രശ്നം പരിഹരിക്കുക.

സഹകരണ മേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

അഭ്യസ്ഥ വിദ്യർക്ക് സർക്കാർ നല്കിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുകയും മാനദണ്ഡം ലഘൂകരിച്ച് മേൽനോട്ടം പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

വ്യവസായ പരിശീലനം നല്കുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ. ദുരുപയോഗമാണെങ്കിൽ അത് തടയുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക. പട്ടിക ജാതി സർവ്വീസ് സഹകരണസംഘങ്ങൾ വഴി സ്ത്രീകളെ ഉൾപ്പെടുത്തി റെഡി മെയ്ഡ്, പായ നെയ്ത്, കയർ ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി സംവിധാനം ഉണ്ടാക്കുക.

പാട്ട വ്യവസ്ഥയിൽ സ്ത്രീകളെ ഉൾപ്പെടുത്തി കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുകയും അപ വിറ്റഴിക്കാൻ ചന്തകൾക്കു രൂപം കൊടുക്കുകയും ചെയ്യുക. കൃഷിഭവൻ മുഖേന നല്കി വരുന്ന സഹായങ്ങൾ പച്ചക്കറി ഉല്പാദനത്തിതായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിച്ച് കൃഷിഭവൻ നല്കി വരുന്ന ഉപകരണങ്ങളുടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയണം.

വീടുനിർമ്മാണത്തിന് ധനസഹായം വർദ്ധിപ്പിച്ച് വീടു വെയ്ക്കുന്നതിനോടൊപ്പം കക്കൂസിനുമുള്ള ധനസഹായം ലഭിക്കണം.

വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്നാക്കൾക്ക് അനുവാദം കൊടുക്കുക.

ലക്ഷം വീടു കോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കിമാറ്റുക.

വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്ത് നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത് കുടുംബങ്ങളെ സഹായിക്കണം. വീട് പുതുക്കി പണിയുന്നതിനും ഓഡ് മേയുന്നതിനും ധനസഹായം ലഭിക്കണം.

ശ്മശാനം നിർമ്മിക്കുക

5 - 10 വരെ സ്റ്റാൻഡേഡിൽ പ്രീ ഡിഗ്രിക്ക് ഹോസ്റ്റൽ അനുവദിക്കുക.

ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുക.

വായനശാലകൾ സ്ഥാപിക്കുക

കുടുംബ ബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സഹായം നൽകാൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

S.S.L.C. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പദ്ധതി പഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ്)

ബോധവൽക്കരണത്തിന്റെ ഭാഗമായി മങ്ങാട്ടും വാല്ലേത്ത് കേളനിയിലും ടി.വി. സെന്ററുകൾ സ്ഥാപിക്കുക.

ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുകയും അതാത് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം മറ്റ് അഭിരുചിയുള്ള വിശയങ്ങളിൽ താൽപ്പര്യമുള്ളവരുടെ ഉന്നമനം കണക്കിലെടുത്ത് പ്രോത്സാഹന സഹായം നൽകുക.

11

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

വിദ്യാഭ്യാസ പരമായും സാംസ്കാരികമായും ഏറെ മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിലെ സാമ്പത്തിക മേഖലയിലെ ഒരു നിർണ്ണായ ഘടകമാണ് ഗൾഫ് പണം. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു.

കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് ഈ പഞ്ചായത്തിൽ കൂടുതലും. അതു കൊണ്ട് തന്നെ കൂടിലുകളും ഇടത്തരം വീടുകളുമാണ് ഭൂരിപക്ഷവും, ഇതിൽ കൂടുതലും കർഷക തൊഴിലാളികളാണ്. 5,6,7, വാർഡുകളിലായി കയർ തൊഴിലാളികളും, മത്സ്യതൊഴിലാളികളും തിങ്ങി പാർക്കുന്നു.

ഈ പഞ്ചായത്തിലെ 3220 വീടുകളിൽ 1991 വീടുകൾ ഭേദപ്പെട്ടതും 808 വീടുകൾ ഇടത്തരവും ബാക്കി 1121 വീടുകൾ കുടിലുകളോ ഓല മേഞ്ഞതോ ആണ്.

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

പട്ടിക I

വാർഡ്	ഓട്	ടെറസ്	ഓല	ടെറസ്സ് & ഓട്	ഇരുനില	കുടിൽ	ആകെ
I	140	120	13	-	10	132	415
II	130	86	12	-	5	136	390
III	134	118	14	-	4	130	392
IV	136	106	12	-	2	125	383
V	145	111	15	-	11	135	417
VI	163	86	13	-	3	176	436
VII	135	76	15	-	1	151	372
VIII	153	105	14	-	10	136	415
ആകെ	1136	808	108	-	46	1121	3220

P.W.D. റോഡിനു സമീപത്ത് ലക്ഷങ്ങൾ മുടക്കി വലിയ വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിൽ വ്യാപകമാണ്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വിരളമാണ്. അഥവാ ഉണ്ടെങ്കിൽ തന്നെ അമിതമായ പലിശയും. സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പകൾ ലഭിക്കുകയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഈ ഭവന വായ്പകൾ സാധാരണക്കാരുനും ലഭിക്കത്തക രീതിയിൽ ഭവന വായ്പകൾ ഉദാരമാക്കേണ്ടതുണ്ട്. അതിനു താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന ഈടായി സ്വീകരിച്ച് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശ നിരക്ക് 8% ആക്കി നിജപ്പെടുത്തുക.
3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട് കൂടി വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ 1121 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണ് എന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന ലഭ്യമായ വീടിന്റെ എണ്ണം വളരെ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുൽപ്പാദന രംഗങ്ങലിൽ ആത്മാർത്ഥതയോടെയും, ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.

പട്ടിക II

ഭവന ലഭ്യത പട്ടിക ചിങ്ങോലി പഞ്ചായത്ത്

വർഷം	RLEGP	NREP	LAY	MWS	JRY	UNITED FINANCE	ആകെ
1991-92							
1992-93							
1993-94							
1994-95							
1995-96							
ആകെ എണ്ണം							26

വിവിധ സ്കീം ആനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1984-85 കാലയളവ് മുതൽ 95-96 വരെ 8 വാർഡുകളിലായി 26 വീടുകൾ എന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികലുടെ അമിതമായ വിലകയറ്റം കാരണവും, കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തവും പാവപ്പെട്ടവന്റെ സ്വന്തമായ ആ വീട് എന്ന് ആഗ്രഹം വെറുമൊരു ആഗ്രഹമായിതന്നെ ശേഷിക്കുന്നു. കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത് അവസ്ഥയാണുള്ളത്.

72-73 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 10 രൂപ കൂലി ഉണ്ടാവുമ്പോൾ അവിദഗ്ധ തൊഴിലാളികൾക്ക് 8 രൂപയായിരുന്നു കൂലിനിരക്ക് അത് 92-93 വർഷങ്ങളിൽ 80, 90 രൂപയും 60, 70 രൂപയും 95-96 കാലയളവിൽ വിദഗ്ധ തൊഴിലാളികൾക്ക് 100 - 125 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 90 - 100 രൂപാ വരെയും എത്തിനിൽക്കുന്നതായി കണക്കാക്കപ്പെടുമ്പോൾ സ്ത്രീ തൊഴിലാളികൾ വിദഗ്ധ തൊഴിലാളികളായി പഞ്ചായത്തിൽ അറിയപ്പെടുന്നില്ല. അവിദഗ്ധ തൊഴിലാളികളായ സ്ത്രീകൾ ധാരാളം കണക്കാക്കപ്പെടുന്നു. പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമെന്റ് 87-88 ൽ 70 രൂപയും 89 - ൽ 100 രൂപയും 92-94 വർഷങ്ങളിൽ 150 രൂപയും 95-96 വർഷങ്ങളിൽ 180 രൂപയിലും എത്തിനിൽക്കുന്നു. കമ്പിയുടെ വിലയും ഇതുപോലെ വർദ്ധിച്ചിട്ടുണ്ട്. ഇഷ്ടിക വില - കല്ല് വില ഇതെല്ലാം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഫസ്റ്റ് ക്ലാസ്സ് ഓടിന് 95 ൽ 1000 ത്തിന് 500 രൂപ ഉണ്ടായിരുന്നത് 96 ൽ 5500 എത്തി നിൽക്കുന്നു. കൂലി നിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലകയറ്റവും കാരണം. വീടിനു സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്ക് വഴി നൽകുന്ന RLEGP, NREP, LAY, JRY, MWS, മൈത്രി എന്നീ പദ്ധതികളുടെ വായ്പാ പരിധിയും, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ പരിതിയും വർദ്ധിപ്പിക്കാനും, വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. റവന്യൂ വകുപ്പ് വഴി പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം വളരെ മോശപ്പെട്ട കണക്കുകളാണ് കാണിക്കുന്നത്.

പഞ്ചായത്തിൽ ഒരു ഹരിജൻ കോളനിയിൽ 9 കുടുംബങ്ങളും പഞ്ചായത്തിലാകെ 419 വീടുകളിലായി 1390 അംഗങ്ങളും താമസ്സിക്കുന്നതായി കണക്കുകൾ കാണിക്കുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി എടുക്കലും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും, സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്ക് ഇത് മാറ്റി എടുക്കാൻ കഴിയു എന്ന് നാം തിരിച്ചറിയുന്നു. ഇതനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടകളെയും സംയുക്തമായി വിളിച്ച് ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും, അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിനു പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചയാത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എൻജിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപ്പെടുക (സിമെന്റ് - കമ്പി മുതലായവ)
3. നിർമ്മാണ ചെലവ് രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
4. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാത്താക്കുക.

a) അപേക്ഷകൾ ഗ്രാമപ്പഞ്ചായത്തുവഴി വിതരണം ചെയ്യുക

b) രജിസ്ട്രേഷനിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

c) കാലതാമസം ഇല്ലാതാക്കുക

d) സ്റ്റേജ് സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം ഗ്രാമപ്പഞ്ചായത്തു മെമ്പരന്മാർക്കു നൽകുക.

5) സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തു തലത്തിൽ സൂക്ഷിക്കുക

6) ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക

7) സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണവായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

a) Iay-MWS-JRY-RLEGP-മൈത്രി എന്നിവ 15800 രൂപായിൽ നിന്ന് 30000 രൂപയായി ഉയർത്തുക

b) രാജീവ് ദശലക്ഷപാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 50000 ആയി ഉയർത്തുക

c) പ്രകൃതിക്ഷേമ പുനരധിവാസ പദ്ധതി 15000 രൂപയിൽ നിന്ന് 25000 രൂപയായി ഉയർത്തുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാധമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള മിച്ച ഭൂമിയും സർക്കാർ പുറമ്പോക്ക്, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമി വീതം സൗജ്യമായി നൽകുകയും അവിടങ്ങളിൽ L.I.C തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശയ്ക്കുള്ള വായ്പകൾ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യുക.

ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു നൽകുകയും വേണം.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമാണ്. കൊച്ചുകൂരകളിലെ ജനബാഹുല്യമാണ് ഇതിനു കാരണം. വീടുകൾ തൊട്ട് തൊട്ട് കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശ്മശാന പ്രശ്നം കൂടിവെള്ളം കക്കൂസ് ഇതെല്ലാം പ്രശ്നങ്ങൾക്ക് കാരണമാകുന്നു പരിഹരിക്കണം.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായില്ലെങ്കിലും പരമാവധി പരിഹരിക്കൽ ആകട്ടെ അതിനുള്ള കൂട്ടായ്മയ്ക്കായി നമുക്ക് ഒന്നിക്കാം. ഒരുമിക്കു.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി – തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസന രംഗത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായ മറ്റ് പദ്ധതികളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക. ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടില്ല. ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതികമായ നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടിയിരുക്കുന്നു.

തൊഴിലാളി – തൊഴിലുടമ സഹകരണത്തോടുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കയർ തൊഴിലാളികൾ – കെട്ടിട നിർമ്മാണ തൊഴിലാളികൾ കർഷക തൊഴിലാളികൾ – മത്സ്യ തൊഴിലാളികൾ എന്നിവർ കൂടുതലുണ്ട് എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ സാധാരണ സ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യ ലഭിക്കാരില്ല. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചു കൊണ്ട് പഞ്ചായത്തിന് സഹായം നൽകി കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസിൽ കൂടെയാണ്. ഇതുവഴി പഞ്ചായത്തിന് ലഭ്യമായ പദ്ധതികളുടെ കണക്ക്.

വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ചിങ്ങോലി പഞ്ചായത്തിൽ 87 പേർക്ക് പെൻഷൻ ലഭിക്കുന്നു.

വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കേറ്റിന് ബുദ്ധിമുട്ടുകയാണ്. ഈ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള പ്രയാസം കുറയ്ക്കണം മെഡിക്കൽ സർട്ടിഫിക്കറ്റ് താലൂക്ക് ആശുപത്രിയിൽ നിന്ന് ലഭ്യമാക്കണം.

കർഷക തൊഴിലാളി പെൻഷൻ

അനർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നുണ്ട് അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനും നൽകണം. അർഹരെ തെരഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

തൊഴിലില്ലായ്മ വേതനം.

ചിങ്ങോലി പഞ്ചായത്തിൽ തൊഴില്ലിലായ്മ വേതനം പറ്റുന്ന 95-96 ലെ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

അംഗൻവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 8 വാർഡുകളിലായി 10

എണ്ണം പ്രവർത്തിക്കുന്നു. 1000 പേർക്ക് ഒരു അംഗൻവാടി എന്നതാണ് ICCS ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റ പെട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. നിലവിലുള്ള അംഗൻവാടികളിടെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദേഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടങ്ങളില്ലാത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വർക്കർ, ഹെൽപ്പർ എന്നീ തസ്തികളാണ് ഇതിനുള്ളത്. കാലത്ത് ഒമ്പത് മുതൽ മൂന്ന് മുപ്പത് വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹ സന്ദർശനം ഉൾപ്പടെ നടത്തേണ്ടതായും ഉണ്ട്. എന്നാൽ ഇവരുടെ വേതനം തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണണം.

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ JRY ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റ പണി നടത്തുകയും ചെയ്യുക.

2. പഞ്ചായത്ത് ഭൂമിയോ മിച്ച ഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. 40 കുട്ടികൾ നിജപ്പെടുത്തി കൊണ്ട് അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

4. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

5. ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി എല്ലാ അംഗൻവാടികളിലും മലിനവസ്തുക്കൽ നീക്കം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.

6. അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സജ്ജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

7. അംഗൻവാടി വർക്കർ മാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

ക്ഷേമനിധി

കയർ തൊഴിലാളി ക്ഷേമനിധി

കയർ തൊഴിലാളികൾ മുഴുവൻ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമ വിഹിതം പിരിച്ചെടുക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് 60 വയസ്സ് പൂർത്തിയായാൽ പെൻഷൻ നൽകുന്നില്ല. അംഗങ്ങളായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നില്ല. അംഗങ്ങളായവർ മരിച്ചാൽ മരണാനന്തരമുള്ള അനുകൂല്യം നൽകുന്നില്ല ഇത് ഈ സ്കീമിന്റ അപാകതയാണ്.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കുറെപേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം പിരിക്കുന്നില്ല. കർഷക തൊഴിലാളി ക്ഷേമ നിധി

പഞ്ചായത്തിൽ ധാരാളം കർഷക തൊഴിലാളി ഉണ്ട്. എല്ലാവരും ക്ഷേമനിധിയിൽ ചേർന്നിട്ടില്ല ക്ഷേമ നിധി വ്യവസ്ഥയിൽ പലപാളിച്ചകളുാ അനുഭവപ്പെടുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പൊതു വിതരണ കേന്ദ്രം

പഞ്ചായത്തിലാകെ 10 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ ആകെ കാർഡുകളുണ്ട്. പൊതു വിതരണ രംഗത്ത് ഒരു മാവേലിസ്റ്റോർ പോലും ഇല്ല എത്രയും വേഗം ഒരു മാവേലിസ്റ്റോർ ഉണ്ടാകണം. അവശ്യ സാധനങ്ങളുടെ വിലകയറ്റം പിടിച്ചു നിർത്തുന്നതിനും സാധാരണക്കാരനു സാധനങ്ങൾ വാങ്ങുവാനും ഇത് വളരെ കൂടുതൽ സഹായകമാണ്. ഓണക്കാലങ്ങളിൽ നടത്തുന്ന വിവിധ ഓണച്ചന്തകൾ ഒരു പരിധി വരെ ജനങ്ങൾക്ക് സഹായകമാണ്. ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ നിലവിലുള്ള ഉപഭോക്തൃ സംരക്ഷണ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കാവുന്നതാണ്.

12

വനിതാക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ 52.14% സ്ത്രീകളാണ്. അവരുടെ ഇടയിലെ സാക്ഷരത 81.73% ആണ്. ദേശീയവും അന്തർദേശീയവുമായി വനിതാ പ്രസ്ഥാനങ്ങൾ സജീവമായി പ്രവർത്തിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിൽ ഏതാണ്ട് 90% വും ഇതൊന്നും ശ്രദ്ധിക്കാതെ കഴിയുകയാണ്.

കർഷകത്തൊഴിലാളിക്ക് പ്രാമുഖ്യമുള്ള ഈ പഞ്ചായത്തിൽ സാമൂഹ്യ പിന്നോക്കകാരണം ഭൂരിപക്ഷം സ്ത്രീകൾക്കും വിദ്യാഭ്യാസവും തൊഴിലും മാന്യമായ ജീവിതവും അപ്രാപ്യമായിരുന്നു. കാർത്തികപ്പള്ളിയിൽ ഒരു മലയാളം പെൺപള്ളിക്കൂടം ഉണ്ടായിരുന്നതിനാൽ സാമൂഹികമായി ഉയർന്ന കുറെ സ്ത്രീകൾ വിദ്യാഭ്യാസം നടത്തുകയും അദ്ധ്യാപക വൃത്തിയിലും മറ്റ് തൊഴിലുകളിലും പ്രവേശിക്കുകയും ചെയ്തു. 90% സ്ത്രീകളും നിലത്തെഴുത്ത് മാത്രം പഠിച്ച് വിദ്യാഭ്യാസം അവസാനിപ്പിക്കുകയോ, നിരക്ഷരരായി കഴിയുകയോ ചെയ്തു.

പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമായതോടുകൂടി പെൺകുട്ടികൾക്കും വിദ്യാഭ്യാസസൗകര്യം ലഭിച്ചെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവർ ചെറിയ ശതമാനമാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലി പണ്ട്മുതൽക്കേ നൽകിയിരുന്നത് ഇപ്പോഴും തുടരുന്നു.

കയർ നിർമ്മാണ തൊഴിൽ കാർഷിക മേഖല തുടങ്ങിയവയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇപ്പോഴും പുരുഷന്മാരെക്കാൾ കുറഞ്ഞ കൂലിയാണ്. കൂലി വ്യത്യാസം പട്ടികയിൽ കാണിച്ചിരിക്കുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നു റിപ്പോർട്ടുകൾ ധാരളമായുണ്ടെങ്കിലും ഈ പഞ്ചായത്തിൽ അങ്ങനെയിള്ള സംഭവം നടക്കുന്നില്ല.

തൊഴിലാളി സംഘടനകൾ മഹിളാ സംഘടനകൾ എന്നിവയുടെ പ്രവർത്തനം കാരണം കുറെ സ്ത്രീകളിൽ അവകാശ ബോധവും പൗരബോധവും ഉള്ളവായിട്ടുണ്ട്. പാർലമെന്റ് അസംബ്ലി, പഞ്ചായത്ത് ഭരണ സംവിധാനത്തിലും അദ്ധ്യാപക മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്വം കൂടി വരുന്നുണ്ട്. സ്ത്രീകൾക്കിടയിലെ നിരക്ഷരത ഇല്ലായ്മ ചെയ്യാൻ സാക്ഷരതാ പ്രവർത്തനം സഹായിച്ചിട്ടുണ്ട്.

പുരുഷന്മാരുമായുള്ള കൂലി വ്യത്യാസം, തൊഴിലില്ലായ്മ സാമൂഹ്യമായ പിന്നോക്കാവസ്ഥ സാമൂഹ്യ അംഗീകാരം നൽകൽ സ്ത്രീധന സമ്പ്രദായം തുടങ്ങിയവ സ്ത്രീകളുടെ മുന്നോട്ടുള്ള പ്രയാണത്തിലെ തടസ്സങ്ങളാണ്.

സ്ത്രീ പീഡനം, സ്ത്രീധന നിരോധനം സ്ത്രീകളുടെ സാമൂഹ്യ പദവിയുയർത്തൽ, എന്നീ കാര്യങ്ങളിൽ ബോധവൽക്കരണം വേണം. വനിതാ സംഘടനകളുടെ പ്രവർത്തനം ശക്തമാക്കണം. തഴപ്പായ് നെയ്ത്ത് ആട് വളർത്തൽ, കോഴി വളർത്തൽ, വസ്ത്ര നിർമ്മാണം അച്ചാർ നിർമ്മാണം പട്ടുനൂൽ കൃഷി പച്ചക്കറി കൃഷി പുഷ്പ സസ്യകൃഷി കയർ മേഖല മത്സ്യമേഖല എന്നിവടങ്ങളിൽ സ്ത്രീകൾക്കുള്ള തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി എന്നിവ പോലുള്ള സംരഭങ്ങൾ ആരംഭിച്ച് സ്ത്രീകളുടെ വരുമാനവും തൊഴിൽ സൗകര്യങ്ങളും വർദ്ധിപ്പിക്കാം. അപ്പോൾ സമൂഹത്തിലും കുടുംബത്തിലും അവർക്ക് അർഹമായ പദവിലഭിക്കും. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുങ്ങണം. വിധവാ പെൻഷൻ അർഹരായവർക്കെല്ലാം പെട്ടെന്ന് ലഭിക്കാൻ സൗകര്യമുണ്ടാവണം. വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള നടപടി ക്രമം ലഘൂകരിക്കണം.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകൻ		
കർഷക തൊഴിലാളി	850	700
മൃഗസംരക്ഷണം		
ചെറുകിട വ്യവസായം		
കെട്ടിട നിർമ്മാണം		
ഗതാഗതം		
വ്യപാരം		
മറ്റുള്ളവ		

വേതന നിലവാരം

തൊഴിൽ മേഖല		സ്ത്രീ (രൂപ)	പുരുഷൻ (രൂപ)
കർഷക തൊഴിലാളി		35 (5 മണിക്കൂർ)	75 (ഉച്ചപ്പണി)
നിർമ്മാണ തൊഴിലാളി			
	മൈക്കാട്	80	94.50
	റോഡുപണി	84.50	130
	കയർ തൊഴിലാളി	18 - 25	50 - 70

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിലെ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹിക സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജമായി രംഗത്ത് വരുന്നില്ല.
3. സ്വയം തൊഴിൽ സംരഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
4. തുല്യ ജോലിക്ക് തുല്യവേതനം ഏട്ടിലെ പശുവാണ് നീചമായ വിവേചനം പഞ്ചായത്തിലെങ്ങും കാണാം.
5. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എതിരായ സ്ഥായിയായ തടസ്സമാണ്.
6. സർക്കാർ സഹായ പദ്ധതികൾ എതൊക്കെയാണെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
7. അംഗനവാടി വർക്കർ ഹെൽപ്പർ, എന്നിവർക്ക് ന്യായമായ ശമ്പളം ലഭിക്കുന്നില്ല അംഗനവാടികളിൽ പലതിനും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല
8. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിലെ പെൺ കുട്ടികളുടെ പങ്കാളിത്തം കുറവ്.
9. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.

നിർദ്ദേശങ്ങൾ

1. ഉൽപ്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. വിഭവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നല്കുക.

4. തൊഴിൽയൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

5. വിധവ പെൻഷൻ അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ അനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും നൽകുക.

6. തുല്യജോലിക്ക് തുല്യവേദനം നടപ്പാക്കുവാൻ ശ്രദ്ധിക്കുക.

7 അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യ സംരക്ഷണത്തിനും വേണ്ട സംവിധാനമുണ്ടാകണം.

8. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യണം.

13

സഹകരണം

"സ്വന്തം സാമ്പത്തിക താൽപര്യങ്ങളുടെ ഉന്നമനത്തിനായി വ്യക്തികൾ, മനുഷ്യർ എന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വമേദയാ സംഘടിക്കുകയും അതിന്റെ ഭരണം നീതിനിഷ്ഠമായ രീതിയിൽ നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണ പ്രസ്ഥാനം." - കാത്തിവർട്ട്.

സഹകരണ പ്രസ്ഥാനത്തിൻറെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജർമ്മാൻകാരൻ റോബർട്ട് വോവൺ അദ്ദേഹത്തിന്റെ ജന്മ നാട്ടിൽ 28 തുണിനെയ്ത്തുകാരെ സംഘടിപ്പിച്ച് കൊണ്ട് റോക്ഡൈൽ പയനിയയേഴ്സ് എന്ന് നാമധേയത്തിൽ ആരംഭിച്ച ഒരു സഹകരണ സംഘമാണ്. ഇന്ന് ഒരു മഹാപ്രസ്ഥാനമായി ലോകത്ത് ആകമാനം പടർന്നു പന്തലിച്ചു നിൽക്കുന്ന ഇന്നത്തെ സഹകരണ പ്രസ്ഥാനം. നീതിപൂർവ്വകമായ ലാഭ വിഭജനം ലക്ഷ്യമിട്ട് ആരംഭിച്ച് ഈ പ്രസ്ഥാനം ഇന്നൊരു ജനകീയ പ്രസ്ഥാനമായി മാറി കഴിഞ്ഞു.

1904 ൽ ഇന്ത്യയിൽ നടപ്പിലായ സഹകരണ നിയമത്തിന്റെ (അക്ട് X ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്) പിൻബലത്തോടെ കടകെണിയിൽ മുച്ചൂടും അകപ്പെട്ട നമുടെ നാട്ടിൻ പുറങ്ങളിലെ കർഷക ജന സാമാന്യത്തെ രക്ഷിക്കുന്നതിനായി രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാർഷിക വായ്പാ സംഘങ്ങൾ രൂപീകൃതമായി. കർഷകരെ കൈപിടിച്ചുയർത്താനും കാർഷിക വൃത്തി ഒരു പരിധിവരെ ഭാരമായി തോന്നാതിരിക്കാനും സഹായകരമായ ഈ സംഘങ്ങളുടെ ഉത്ഭവമാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം. ഈയൊരു ചരിത്ര പശ്ചാതലത്തിൽ നിന്നു കൊണ്ടു വേണം ചിങ്ങോലി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ജന്മവും വളർച്ചയും വിശകലനം ചെയ്യാൻ.

തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിരിക്കെ 1917 ൽ (കൊല്ലവർഷം 1091 ൽ) ചിങ്ങോലി വില്ലേജിൽ മുതുകുളം വില്ലേജും അടക്കം വരുന്ന ഒരു പ്രദേശം പരിതിയാക്കി ചിങ്ങോലി തെക്ക് കരയിൽ കേന്ദ്രീകരിച്ച് 12-ാം നമ്പറായി രജിസ്റ്റർ ചെയ്യപ്പെട്ട് "സന്മാർഗ്ഗ സന്ദായനി പരസ്പര സഹായ സഹകരണ സംഘം" എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച് സഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം.

ആദ്യത്തെ ആലോചനാ യോഗത്തിൽ 25 പേർ പങ്കെടുത്തിരുന്നു. ഇവരിൽ സർവ്വശ്രീ എ.വി. കുമാരപിള്ള ആലക്കോട്, സി.കെ. ഗോവിന്ദപിള്ള തണ്ടളത്ത് നാരായണ പണിക്കർ പുതുപുരയ്ക്കൽ ഗോവിന്ദപിള്ള പുളിവേലിൽ, രാമൻ നായർ കിഴക്കേടത്ത് ഉമ്മർകുഞ്ഞ് കരുവംപ്പള്ളി, മാധവൻ താങ്കൾ, അമരേത്ത് എന്നീ 7 പേർ അടങ്ങിയ ഒരു കമ്മിറ്റിയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് പോരുന്നത്.

(ശ്രീ. കിഴക്കേടത്ത് രാമൻ നായർ പ്രസിഡന്റ്, പുതുപുരയ്ക്കൽ നാരായണ പണിക്കർ സെക്രട്ടറി, ആലക്കോട് എ.വി. കുമാരപിള്ള ഖജാൻജി.).

ആദ്യം പ്രധാന സഹകാരികളുടെ വീടുകളിലും 1960 മുതൽ 1962 വരെ രണ്ട് വർഷക്കാലം കൈലാസത്ത് മുക്കിനോട് അടുത്ത് ഒരു വാടക വീട്ടിലുമായി ആരംഭകാലത്ത് ഇത് പ്രവർത്തിച്ച് പോന്നു. ഇതോടടുത്ത കാലത്ത് തന്നെ ആയിക്കാട്ട് കരയിൽ മറ്റൊരു സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തിച്ചിരുന്നു.

വസ്തു ഇടായിപിടിച്ചും കെട്ടുതെങ്ങ് വ്യവസ്ഥയിലും അംഗങ്ങൾക്ക് വായ്പ നൽകി പൗര പ്രമുഖരുടെ നിയന്ത്രണത്തിൽ ആയിക്കാട് പ്രദേശത്ത് പ്രവർത്തിച്ച വന്നിരുന്ന സംഘം കൂടി ലയിപ്പിച്ചു കൊണ്ട് 1959 മുതൽ 1962 വരെ ചിങ്ങോലി വില്ലേജ് സഹകരണ ബാങ്കായി മാറുകയും മുതുകുളം വില്ലേജ് പ്രവർത്തന പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു കൊണ്ടായിരുന്നു തുടർന്നുള്ള കാലം പ്രവർത്തിച്ചിരുന്നത് ഈ കാലത്ത് വിവിധോദ്ദേശ സഹകരണ പ്രസ്ഥാനമായി അറിയപ്പെട്ടു.

പരിധിയുടെയും പുരോഗതിയുടെയും അടിസ്ഥാനത്തിൽ 1985 മുതൽ സർവ്വീസ് സഹകരണ ബാങ്കായി മാറുകയുണ്ടായി ഇന്നത്തെ പഞ്ചായത്തിന്റെ 1 - 4 വരെ വാർഡുകളും 5-ാം വാർഡിന്റെ കുറെ ഭാഗങ്ങളും ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലാണ്. ക്രെഡിറ്റ് സൊസൈറ്റിയായിരുന്ന ഈ സംഘത്തിൽ 1785 അർഹരായ അംഗങ്ങൾ നിലവിലുണ്ട്.

1930 കളോടെ (കൊല്ലവർഷം 1105 കുംഭം) പ്രവർത്തനം ആരംഭിച്ച് 1887-ാം നമ്പർ സർവ്വീസ് സഹകരണ സംഘമാണ് ഈ പഞ്ചായത്ത് എടുത്ത് പറയാവുന്ന രണ്ടാമത്തെ സഹകരണ സംഘം. 1962 കാലഘട്ടത്തിലാണ്. ഇതും ഒരു സർവ്വീസ് സഹകരണ സംഘമായി മാറിയത്. അതുവരെ ക്രെഡിറ്റ് സൊസൈറ്റിയായിരുന്നു. 1970 കളോടെ വളർച്ചയുടെ പാരമ്യത്തിലെത്തി ആലപ്പുഴ ജില്ലയിലെ സർവ്വീസ് സഹകരണ സംഘങ്ങളിൽ ലീഡിംഗ് സൊസൈറ്റിയായി പ്രശസ്തിയാർജ്ജിച്ച ഈ സംഘം 1970 - 1980 കളോടെ ഭരണ സമിതിയുടെ കെടുകാര്യസ്ഥത കൊണ്ടും ജീവനക്കാരുടെ പണാപഹരണ ദുർനടപടികൾ കൊണ്ടും പ്രവർത്തന മാന്ദ്യ സംഭവിക്കുകയും തകർച്ചയുടെ പടുകുഴിയിൽ പതിക്കുകയും ചെയ്തു. പേരിന് പ്രവർത്തിച്ചു വരുന്ന ഈ സംഘം കഴിഞ്ഞ ഒരു വർഷമായി തീവ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പ്രവർത്തിച്ചു വരുന്ന മറ്റ് രണ്ട് സഹകരണ സംഘങ്ങൾ 1977 ൽ രജിസ്റ്റർ ചെയ്യപ്പെട്ട 207-ാം നമ്പർ ചിങ്ങോലി വടക്ക് കയർ വ്യവസായ സകഹകരണ സംഘവും 1980 ൽ രജിസ്ടർ ചെയ്യപ്പെട്ട A 695-ാം നമ്പർ ചിങ്ങോലി വെസ്റ്റ് കയർ വ്യവസായ സഹകരണ സംഘവുമാണ്. രജിസ്റ്റർ ചെയ്യപ്പെട്ട C.V.C.S. A 654 ഏറെ വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്നു.

കൂടാതെ പഞ്ചായത്തിലെ 1,4,5,7 വാർഡുകളിൽ ഓരോ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ ഒരെണ്ണം ഡിപ്പാർട്ട്മെന്റിലും 3 എണ്ണം അപ്പ്കോസ് മേഖലയിലുമാണ്.

പ്രവർത്തന രഹിതമായി കിടക്കുന്ന മൂന്നാം വാർഡിലെ സിറി കൾച്ചർ സഹകരണ സംഘം പഞ്ചായത്തിൽ പുനരുദ്ധാരണം ആവശ്യമായ മറ്റൊരു സഹകരണ സംഘമാണ്. ഹരിജൻ വനിതാ കൈത്തറി സഹകരണ സംഘം കൈകുത്തരി സഹകരണ സംഘം, തഴപ്പായ് നെയ്ത്ത് സഹകരണ സംഘം, അഴികോടൻ സ്മാരക തീപ്പെട്ടി നിർമ്മാണ സഹകരണ സംഘം എന്നിവയും പഞ്ചായത്തിലെ ഈ മേഖലയിൽ എടുത്തു പറയാവുന്ന ചില സംരഭങ്ങളായിരുന്നു. ഇതിൽ കൈത്തറി സഹകരണ സംഘം മാത്രമേ ഇന്ന് പേരിനെങ്കിലും പ്രവർത്തിക്കുന്നുള്ളു.

4-ാം വാർഡിൽ വായനശാലയ്ക്ക് സമീപം പ്രവർത്തിച്ചിരുന്ന സഹകരണ ആശുപത്രി പ്രവർത്തനം നിലച്ച് ജീർണ്ണാവസ്ഥയായിലായിരുക്കുന്നു. കടബാദ്ധ്യതയിൽ നിന്നും മുക്തി നേടാനാവാതെ ഇത് ഇന്ന് ജപ്തി നടപടികളുടെ വക്കിലാണ്. ഒരു കാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സഹകരണ സ്ഥാപനം കെടു കാര്യസ്ഥതയിലും ശാസ്ത്രീയ വിക്ഷണത്തോടെയുള്ള പ്രവർത്തന ശൈലി ആർജിക്കാൻ കഴിയാതെ പോയതിനാലും വിദഗ്ധരുടെ ഉപദേശങ്ങൾ ലഭ്യമല്ലാതെ പോയതിനാലും നാശോന്മുഖമായതാണ്.

ഇവയ്ക്കെല്ലാം പുറമെ 3 സ്കൂൾ ഗ്രൂപ്പ് സഹകരണ സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഇവ പുസ്തക വിതരണം മാത്രമാണ് ഏറ്റെടുത്ത് നടത്തി വരുന്നത്. കുട്ടികൾക്ക് ആവശ്യമുള്ള നോട്ട് ബുക്കുകളും പഠനോ ഉപകരണങ്ങളും സമാഹരിച്ച് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കഴിഞ്ഞാൽ അത് രക്ഷകർത്താക്കൾക്ക് ഏറെ ആശ്വാസകരമായിരിക്കും. അതിന് സൊസൈറ്റികൾക്ക് കഴിഞ്ഞിട്ടില്ല.

വിവിധ മേഖലകളിലായി 18 സഹകരണ

സംഘങ്ങൾ ഈ പഞ്ചായത്തിന്റെ പരിധിയിൽ രൂപീകരിച്ചി പ്രവർത്തനം ആരംഭിച്ചിരുന്നു എങ്കിലും നിലവിൽ ആദ്യകാലത്തെ രൂപീകൃതമായ 12-ാം സഹകരണ സംഘവും 207-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘവും 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുമാണ് പരിമിതമായിട്ടെങ്കിലും ജനോപകരാര പ്രദമായി ഇന്ന് സാമാന്യം ഭേദപ്പെട്ട നിലവാരത്തിൽ പ്രവർത്തിച്ചു വരുന്നത്. മറ്റുള്ളവയെല്ലാം സാമ്പത്തിക തകർച്ച, പ്രവർത്തന മൂലധന കുറവ്, ജനപങ്കാളിത്തം ഇല്ലായ്മ, കെട്ടുകാര്യസ്ഥത, അഴിമതി ധനാപഹരണം ഇവയിൽ ഏതെങ്കിലും കാരണങ്ങളാൽ ആണ്. ഇതിൽ 1887-ാം നമ്പർ സർവ്വീസ് സഹകരണ സംഘം തീവ്രവും സമയബന്ധിതവുമായി പുനരുദ്ധാരണത്തിന്റെ ഘട്ടത്തിൽ ആണ്.

ഇതോടൊപ്പം കാർത്തികപ്പള്ളി താലൂക്ക് സഹകരണ കാർഷിക വികസന ബാങ്ക് നമ്പർ A 326, ജില്ലാ സഹകരണ ബാങ്ക് എന്നിവയിൽ നിന്നും പഞ്ചായത്തിലെ ജനങ്ങൾക്ക് (വളരെ കുറഞ്ഞ ഒരു ശതമാനം പേർക്ക്) കാർഷിക വായ്പ ഭവന നിർമ്മാണ വായ്പ, വ്യവസായ ലോൺ എന്നിവ പരിമിതമായിട്ട് ലഭിച്ച് വരുന്നു. ഗുണഭോക്താക്കളുടെ എണ്ണം കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇവയുടെ പ്രവർത്തനവും തൃപ്തികരമല്ല. കാർത്തികപ്പള്ളി താലൂക്ക് കൺസ്യൂമേഴ്സ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ വക്കിലാണ്.

സഹകരണ സംഘങ്ങളുടെ നിലവിലുള്ള സ്ഥിതി

ചിങ്ങോലി പഞ്ചായത്തിലെ കർഷക ജനസാമാന്യത്തെ സംബന്ധിച്ചിടത്തോളം 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 12-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കും, 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 1887-ാം നമ്പർ സർവ്വീസ് സഹകരണ സംഘവും മാത്രമാണ് ആശ്രയമായിട്ടുള്ളത്. 15000 ഓളം ജനസംഖ്യയും 9000 ത്തോളം കുടുംബങ്ങളുമുള്ള ഈ പഞ്ചായത്തിൽ 4000 ഓളം ചെറുകിട കർഷകർ ഉണ്ട്. ഇവരുടെ ആവശ്യങ്ങൾ ഭാഗികമായിട്ടു പോലും നിറവേറ്റാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല. കാർഷിക വായ്പയും ഭവന നിർമ്മാണ വായ്പയും സാധാരണ വായ്പയുമാണ് പ്രധാനമായും ഇവ വിതരണം ചെയ്യുന്നത്. എങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പകൾ പരിമിതമായിട്ടെങ്കിലും യഥാവസരം നൽകാൻ ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. മുഴുവൻ കർഷകരെയും അംഗങ്ങളാക്കാനും ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയിൽ ആകയാൽ ഇവയുമായി വ്യാപാര ഇടപാടുകൾ നടത്താൻ സഹകാരികളും മറ്റു ജനവിഭാഗങ്ങളും അറച്ചു നിൽകുന്നു. നീതി നിഷ്ഠമായ തീരുമാനങ്ങൾ എടുക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാലും ഇവയുമായ് ബന്ധം പുലർത്താൻ ജനങ്ങൾ മടിക്കുന്നു. സെന്റിന് 25000 രൂപ വിലമതിക്കുന്ന 32.5 സെന്റ് വസ്തുവും 500000 രൂപ വിലമതിക്കുന്ന രണ്ട് കെട്ടിടവും അടക്കം വരുന്ന ആസ്ഥി 1857-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിനുണ്ടെങ്കിലും. പ്രവർത്തനം പേരിന് മാത്രമാണുള്ളത് 12-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന് ആസ്തി തുലോം കുറവാണ്. എന്നാൽ കുറച്ച് ഭേദപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് കഴിഞ്ഞ കാലങ്ങളിൽ ഏറെ കുറെ ഭംഗിയായും ചിട്ടയായും പ്രവർത്തിച്ചിരുന്നവെങ്കിലും കഴിഞ്ഞ ഒരു വർഷകാലമായി സ്തംഭനാവസ്ഥയിലാണ്.

പ്രവർത്തിച്ചു വരുന്ന കയർ വ്യവസാ സഹകരണ സംഘങ്ങളിൽ ഒരെണ്ണത്തിനെ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളു. ഇവയുടെ പ്രവർത്തനവും തൊഴിലാളികൾക്ക് തൊഴിൽ അവസരം കുറച്ചു കൊണ്ടുള്ളതാണ്. തൊണ്ട് സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് പകരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലോഡ് കണക്കിന് ചകിരി കൊണ്ടുവന്നാണ് കയർ ഉൽപ്പാദനം നടത്തുന്നത്. ഇത് ഈ മേഖലയുമായി ബന്ധപ്പെട്ട ജനങ്ങൾക്ക് അവർ പ്രതീക്ഷിക്കുന്ന പ്രയോജനം ലഭിക്കുന്നില്ല കൂടുതൽ അംഗങ്ങളെ ചേർത്ത് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനും ഈ മേഖല പുഷ്ടിപ്പെടുത്താനും ഇവയ്ക്ക് കഴിഞ്ഞിട്ടില്ല.

4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലും കൂടിയുള്ള വ്യക്തിഗത അംഗത്വം കേവലം 690 നും താഴെയാണ് ഇവരിൽ 175 ൽ താഴെ കർഷകർ മാത്രമാണ് സംഘത്തിൽ നേരിട്ട് പാൽ നൽകുന്നത്. ഈ സംഘങ്ങളുടെ ദിനം പ്രതിയുള്ള സംഭരണ ശേഷി ശരാശരി 800 ലിറ്റർ. മാത്രമാണ്. ലാഭ നഷ്ട കണക്കുകളും വ്യാപാര ഇടപാടുകളും പരിശോധിച്ചാൽ തന്നെ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല എന്നിടത്താണ്.

മറ്റുള്ളവയെല്ലാം ലിക്വിഡേറ്റ് ചെയ്യപ്പെട്ടവയോ പ്രവർത്തനം നിലച്ചവയോ ആണ് സഹകരണ സംഘങ്ങളുടെ കണക്കുകൾ അന്യത്ര ചേർത്തിരിക്കുന്നു.

കാർഷിക മേഖലയിലെ ഇടപെടൽ

ദീർഘകാല ഹ്രസ്വകാല വായ്പകൾ

1. ചിങ്ങോലി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 12 : ഉദ്ദേശം 3500 ഓളം കുടുംബങ്ങൾ കാർഷിക വൃത്തിയിൽ ഏർപ്പെട്ടു കഴിയുന്നവരായി ഈ സംഘത്തിന്റെ പരിധിയിൽ വരും ഇവരിൽ ഏതാണ്ട് 1785 പേർ മാത്രമാണ് നിലവിൽ ഇതിൽ അംഗങ്ങളായി ചേർന്നിട്ടുള്ളത് ഇതിൽ തന്നെ

കർഷകർ ആയിരത്തിലും താഴെ വരും. മുഴുവൻ കർഷകരെയും അംഗങ്ങളാക്കൻ കഴിഞ്ഞിട്ടില്ല പ്രവർത്തന സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും 80 വർഷത്തെ പ്രവർത്തന പാരമ്പര്യം അവകാശപ്പെടുന്ന ഈ സഹകരണ സംഘത്തിന് കാലോചിതമായി പ്രവർത്തന മേഖല വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയാണ് എടുത്ത് കാണിക്കാനുള്ളത്. കൃഷിക്കാരായ അർഹരായ അംഗങ്ങളുടെ മാത്രം സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ 1.25 കോടി രൂപയെങ്കിലും വേണ്ടിവരും സ്ഥിതി ഇതായിരിക്കെ 1995 - 1996 സാമ്പത്തിക വർഷം കാർഷിക വായ്പ ഇനത്തിൽ 322800 രൂപയും മറ്റിനത്തിൽ 414900 രൂപയും അടക്കം 737700 രൂപ മാത്രമാണ് ഇതിന് വായ്പ നൽകാൻ കഴിഞ്ഞത്. ഇത് സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്ന് മാത്രം നൽകിയതാണ്. മൊത്തം അംഗങ്ങളിൽ 7% പേർക്ക് മാത്രമേ സാമ്പത്തിക സഹായ ഇക്കഴിഞ്ഞ വർഷം നൽകാൻ കഴിഞ്ഞുള്ളു എന്നാണ് ഈ കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നത്. സംഘാങ്ങൾ പ്രതീക്ഷിക്കുന്ന രീതിയിൽ വായ്പാ വിതരണം സാദ്ധ്യമാകണമെങ്കിൽ നബാർഡ് നിലവിലുള്ള കാർഷിക വായ്പാ വിവരണ സംവിധാനത്തിൽ മാറ്റം വരുത്തണം. കൂടാതെ വായ്പാ തിരിച്ചടവ് വീഴ്ച കൂടാതെ നടക്കുകയും വേണം കാലാവധി കഴിഞ്ഞിട്ടും 674000 ത്തിൽ പരം രൂപ വായ്പാ തിരിച്ചടവ് കുടിശ്ശിക കിടക്കുന്നതും സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമായി കാണുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ബാങ്കാക്കി ഉയർത്തിയെങ്കിലും അത്തരത്തിലുള്ള യാതൊരു പ്രയോജനങ്ങളും ജനങ്ങൾക്ക് ഈ സ്ഥാപനത്തിൽനിന്നും ലഭിക്കുന്നില്ല. എന്നാൽ ക്ലാസ്സിഫിക്കേഷൻ പ്രകാരം ഇതിലെ ജീവനക്കാർ ആനുകൂല്യങ്ങൾ പറ്റുന്നുണ്ട്.

2. ചിങ്ങോലി സർവ്വീസ സഹകരണ സംഘം നമ്പർ 1887

2000 ത്തോളം കുടുംബങ്ങൾ ഇതിന്റെ പ്രവർത്തന പരിധിയിൽ വരും 66 വർഷത്തെ പ്രവർത്തന പാരമ്പര്യമേ ഇതിനുള്ളു വെങ്കിലും 1970 കളിൽ അർഹരായ ഒട്ടു മിക്ക അംഗങ്ങൾക്കും സംഘത്തിന്റെ പരിധിയിൽ നൽകാവുന്ന പരമാവധി വായ്പകൾ നൽകിയും കൃത്യമായി തിരിച്ചടവ് നടന്ന് പ്രവർത്തിച്ചു വന്നിരുന്ന സംഘം തുടർന്നുള്ള കാലം ഭരണ പങ്കാളികളും സംഘം ജീവനക്കരും കൂടി ചേർന്ന് സഹകരണ പ്രസ്ഥാനത്തിന് ബഹുജന പ്രസ്ഥാനത്തിനും ആക്ഷേപം വരുത്തി വയ്ക്കും വിധം അഴിമതിയും പണാപഹരണവും വഴിവിട്ടുള്ള നടപടികളും കൊണ്ട് സംഘത്തെ സാമ്പത്തിക അരാചകത്വത്തിന്റെ അഗാധ ഗർത്തത്തിൽ താഴ്ത്തിക്കളഞ്ഞു. അടുത്തകാലം വരെ സ്വന്തസ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ പോലും കഴിയാത്ത അവസ്ഥയിൽ സംഘം സാമ്പത്തിക പ്രതിസന്ധിയുടെ കയത്തിലായിരുന്നു. 2512 അംഗങ്ങൾ ഉള്ള ഈ സംഘത്തിന് മുഴുവൻ അംഗങ്ങൾക്കും കാർഷിക വായ്പാ വിതരണത്തിനായി മാത്രം ഏതാണ്ട് ഒരു കോടി രൂപയെങ്കിലും വേണ്ടി വരും എന്നാൽ 1995-96 കാലയളവിൽ 125000 രൂപ മാത്രമാണ്. ഇതിന് വായ്പ നൽകാൻ ആയത്. അതാകട്ടെ ഹ്രസ്വകാല വായ്പകളും..

മുൻകാല പ്രവർത്തന വൈകല്യങ്ങളുടെ ഭാഗമായി ജില്ലാ സഹകരണ ബാങ്കിന് ഭീമമായ സംഖ്യ മുതലായും പലിശയായും തിരിച്ചടവ് നടത്താൻ ബാക്കി നിൽക്കുന്നതും അംഗങ്ങളിൽ നിന്നും സ്ഥിരമായോ ഹ്രസ്വകാലമായോ നിക്ഷേപം ലഭിക്കാത്തതും മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നും വായ്പകൾ ലഭിക്കാത്തതും സംഘത്തിന്റെ പ്രവർത്തന പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജനങ്ങൾക്ക് ഈ സംഘത്തെ വിശ്വാസത്തിലെടുക്കാൻ കഴിയാതെ പോകുന്നു. ഇതും ഒരു തടസ്സമായി കാണേണ്ടതുണ്ട്. നാളീകേരം സംഭരിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്ന ഒരു പ്രവർത്തനവും റേഷൻ കടയുമാണ് പ്രധാന വ്യാപാര ഇടപാടുകൾ.

നിലവിൽ ആദ്യത്തെ സംഘം മാത്രമാണ് ദീർഘകാല വായ്പകൾ പരിമിതമായിട്ടെങ്കിലും നൽകിയിട്ടുള്ളത്.

കയർ വ്യവസായ സഹകരണ സംഘങ്ങൾ

നിലവിലുള്ള പ്രവർത്തിക്കുന്ന രണ്ട് കയർ വ്യവസായ സഹകരണ സംഘങ്ങളിൽ നിന്നും 6, 7, 8 വാർഡുകളിൽ കായംകുളം കായലിന്റെ സമീപവാസികളായ 200 ൽ താഴെ തൊഴിലാളികൾക്കു മാത്രം ഭാഗീകമായി തൊഴിൽ നൽകാനേ ഇവയ്ക്ക് കഴിയുന്നുള്ളു. ഇതു വഴി ലഭിക്കുന്ന വായ്പകൾ ഈ മേഖലയിൽ തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ തീരെ പര്യാപ്തമല്ല. C.V.C.S. നമ്പർ A 695 ന് 225000 രൂപ പ്രവർത്തന മൂലധനമായി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതായി കണക്കുകൾ ബോധ്യപ്പെടുത്തുന്നു. C.V.C.S. നമ്പർ 207 ന് പ്രവർത്തന മൂലധനമായി 75758 രൂപയും ഓഹരി മൂലധനമായി 236500 രൂപയും സർക്കാരിൽ നിന്ന് ലഭിച്ചിരുന്നു. യന്ത്രവൽകൃത കയർ നിർമ്മാണത്തിന് വായ്പയായി സർക്കാരിൽ നിന്നും മുതൽമു

ടക്കിന് സാദ്ധ്യതകൾ ഉണ്ടായിട്ടുണ്ടെങ്കിലും അത് ലഭ്യ മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല. കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ ആളു കളെയും അംഗങ്ങളാക്കി യഥാർത്ഥ ഗുണഭോക്താ ക്കൾ ഈ വിഭാഗം തന്നെയാണെന്ന്. ഉറപ്പു വരു ത്താൻ കഴിയത്തക്ക വിധത്തിൽ ഇവയുടെ പ്രവർത്ത നങ്ങൾ കൂടുതൽ അടുക്കും ചിട്ടയുമായി നടപ്പാക്കേ ണ്ടതുണ്ട്. ഈ മേഖലയുമായി യാതൊരു ബന്ധവും സ്ഥാപിച്ചിട്ടില്ലാത്തവർ ഇതിൽ അംഗങ്ങളായി കാണുന്നു. കയറും അതിന്റെ അനുബന്ധവുമായി ബന്ധപ്പെട്ടവരെ മുഴുവൻ ഇനിയും അംഗങ്ങളാക്കാൻ ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. C.V.C.S. A 695 ന് ഇപ്പോഴും ഒരു ആസ്ഥാനം സ്വന്താമായിട്ടില്ലന്നത് ഈ മേഖല യുടെ തകർച്ചയെ ആണ് കാണിക്കുന്നത്. പരമ്പരാഗ തമായി ഈ പഞ്ചായത്തിൽ കായംകുളം കായൽ തീര ത്തോട് അടുത്ത് താമസിച്ചിരുന്നവരുടെ ഒരു മുഖ്യ തൊഴിൽ മേഖലയായിരുന്നു ഇതെങ്കിലും ഇന്നും ഒരു വലിയ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ് സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പരമ്പ രാഗതമായ ഈ തൊഴിൽ മേഖല പുഷ്ടിപ്പെടുത്താൻ ഉതകും വിധം ഈ സംഘങ്ങൾ സമയ ബന്ധിതമായി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

ഹരിജൻ വനിതാ കൈത്തറി സഹകരണ സംഘം

1981-ൽ രജിസ്റ്റർ ചെയ്യപ്പെട്ടതെങ്കിലും സർക്കാർ ഇതിനായി അനുവദിച്ച പണം കൊണ്ട് സ്ഥലവും കെട്ടിടവും സൗകര്യപ്പെടുത്തി കിട്ടുന്നതി ലുണ്ടായ കാലതാമസം കൊണ്ട് 10 വർഷത്തിനു ശേഷം മാത്രമാണ് ഇതിന്റെ പ്രവർത്തനം ആരംഭി ക്കാൻ കഴിഞ്ഞത്. ആദ്യകാലത്ത് കുറച്ചു കാലം ചിട്ട യായ പ്രവർത്തനങ്ങൾ നടന്നിരുന്നു. ഇതിൽ തൊഴി ലെടുക്കുന്ന അംഗങ്ങൾക്ക് വളരെ തുഛമായ ഒരു തുകയാണ് കൂലിയായി ലഭിക്കുന്നത്. ഒരു മീറ്റർ തുണി നെയ്താൽ നിലവിൽ പരമാവധി 3 രൂപ 50 പൈസ യാണ് കൂലി പരമാവധി 5 മീ. തുണിയാണ് ഒരു തൊഴി ലാളിക്ക് ഒരു ദിവസം നെയ്ത് തീർക്കാൻ ആകുക. കുറഞ്ഞ കൂലിനിരക്കായതിനാൽ സ്ഥായിയി നിൽക്കാൻ മടിക്കുന്നു. ഇവിടെ പരിശീനലനത്തിന് എത്തുന്ന തൊഴിലാളികളും പരിശീനം പൂർത്തി യാക്കി കഴിഞ്ഞാൽ പിരിഞ്ഞുപോകുകയാണ് പതിവ്. തറിയിൽ ഓയിലിംഗിന് വേണ്ടിവരുന്ന മണ്ണെണ്ണ 9 രൂപ മുതൽ 11 രൂപ വരെ ലിറ്ററിന് വില നൽകിയാണ് വാങ്ങുന്നത്. പ്രതിമാസം ശരാശരി 30 ലിറ്റർ മണ്ണെണ്ണ എങ്കിലും ഈ ആവശ്യത്തിനു വേണ്ടിവരും. കെടുകാ ര്യസ്ഥതയാൽ നിലവിലുണ്ടായിരുന്ന മണ്ണെണ്ണ പെർമിറ്റ് പുതുക്കാതെ റദ്ദ് ചെയ്യപ്പെട്ടു. അതും ഇതിന്റെ വികസനത്തിന് തടസ്സമായിട്ടുണ്ട്. കൂടുതൽ തൊഴിലാ ളികളെ ആകർഷിക്കത്തക്ക് വിധത്തിൽ കൂലി നിരക്ക് വർദ്ധിപ്പിച്ചും ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ചും സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താവുന്ന താണ്.

സെറി കൾച്ചർ സഹകരണ സംഘം

പഞ്ചായത്തിൽ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സെറി കൾച്ചർ സഹകരണ സംഘം നിലവിൽ പ്രവർത്തന രഹിതമാണ്. ചിങ്ങോലി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറെ സാദ്ധ്യതകളുള്ള ഒരു മേഖലയാണ് ഇത്. മൾബറി കൃഷി വ്യാപകമാക്കി കൊണ്ട് ഈ സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സംഘാംഗങ്ങൾക്ക് ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും നൽകി പുനരുദ്ധാരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ ശാസ്ത്രീയമായ അടിസ്ഥാന സൗകര്യങ്ങൾ ദീർഘകാല വായ്പകൾ നൽകി പോത്സാഹനം നൽകാൻ ബന്ധപ്പെട്ട ഏജൻസികൾ തയ്യാറായാൽ കർഷകർ മുന്നോട്ട് വരും

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

1, 3 വാർഡുകൾ കേന്ദ്രീകരിച്ച് അർച്ചനാ തിയേ റ്ററിനടുത്ത് സ്ഥിതി ചെയ്യുന്നു. ഡിപ്പാർട്ട് മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന A 74-ാം നമ്പർ സംഘമാണ് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ച് വരുന്നത് ശരാശരി 200 ലിറ്റർ പാൽ ദിനംപ്രതി സംഭരിക്കുന്നു. ഇതലേറെയും പഞ്ചായത്തിൽ തന്നെ വിൽക്കപ്പെ ടുന്നു. 25% ത്തിൽ താഴെ മാത്രമേ പുറത്തേക്ക് അയ ക്കപ്പെടുന്നുള്ളു. 127 അംഗങ്ങളുള്ള ഈ സൊസൈ റ്റിയിൽ കേവലം 30 പാൽ ഉൽപ്പാദകരുമായുള്ള ഇട പാടുകളെ നടക്കുന്നുള്ളു

5, 8 വാർഡുകൾ പരിധിയായി പ്രവർത്തിടച്ചു വരുന്ന A 45-ാം നമ്പർ ക്ഷീര സഹകരണ സംഘം പ്രതിദിനം ശരാശരി 210 ലിറ്റർ പാൽ സംഭരിക്കുന്നു 20 ലിറ്റർ പഞ്ചായത്തിൽ വിതരണം ചെയ്യുകയും 190 ലിറ്ററോളം പുറത്തേക്ക് അയക്കുകയും ചെയ്യുന്നു. 168 അംഗങ്ങളുണ്ടെങ്കിലും പാൽ നൽകുന്ന 48 ഉൽപ്പാദ കരുമായേ ഇതിനിടപ്പാടുകളുള്ളു.

2, 4 വാർഡുകളിലെ ക്ഷീരോൽപ്പാദക ഉദ്ദേശിച്ച് പ്രവർത്തനം ആരംഭിച്ച A. 51-ാം നമ്പർ സംഘത്തിൽ 251 ആംഗങ്ങളും 60 പാൽ നൽകുന്ന ക്ഷീരോൽപ്പാദ കരുമാണുള്ളത്. ശരാശരി 207 ലിറ്റർ ഇതിൽ 14 ലിറ്റർ പഞ്ചായത്തിൽ തന്നെ തീർക്കുകയും ബാക്കി പുറ ത്തേക്ക് അയക്കുകയും ചെയ്യുന്നു.

6, 7 വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തി ക്കുന്ന A 106-ാം നമ്പർ ക്ഷീര സംഘത്തിൽ 135 അംഗ ങ്ങളും 30 പാൽനൽകുന്ന ഉൽപ്പാദകരുമാണുള്ളത്.

ശരാശരി 122 ലിറ്റർ പാൽ സംഭരിക്കുന്നു. 109 ലിറ്റർ പുറത്തേക്ക് അയക്കുന്നു. ബാക്കി തദ്ദേശത്തു തന്നെ വിൽപ്പന നടത്തുന്നു. സ്ഥിതി- വിവരകണക്കുകൾ പട്ടിക 4 ൽ ചേർക്കുന്നു.

പട്ടിക 4 ൽ കൊടുത്തിരിക്കുന്ന സ്ഥിതി വിവര കണക്കുകൾ പരിശോധിച്ചാൽ 1.5 ദശകം കൊണ്ട് ഈ പ്രസ്ഥാനത്തിന് ആരംഭ കാലത്തേതിൽ നിന്നും കാര്യമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത് കറവമാട് കൃഷിക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് അംഗബലം പുഷ്ടിപ്പെടുത്താനും പാൽ സംഭരണ ശേഷി വർദ്ധിപ്പിക്കാനും വ്യാപാര ഇടപാടുകൾ മെച്ചപ്പെടുത്താനും കഴിഞ്ഞാൽ ഗണനിയമായ മാറ്റം ഈ മേഖലയിൽ പ്രതീക്ഷിക്കാവുന്നതാണ്. കഴിഞ്ഞ ഒരു വർഷം ചിങ്ങോലി പഞ്ചായത്തിലെ ക്ഷീര സംഘങ്ങൾക്ക് എല്ലാംകൂടി 59000 രൂപ സബ്സിഡിയായും ഫർണിച്ചർ ക്യാൻ ഇവ വാങ്ങുന്നതിനുമായി ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുണ്ട്. ഈ സഹായം കുറെകൂടി വിപുലമാക്കി പരിഷ്കരിക്കേണ്ടതാണ്.

വിവിധ സഹകരണ സംഘങ്ങളിലൂടെ വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക രംഗം

1. പഞ്ചായത്തിലെ രണ്ട് സഹകരണ സംഘങ്ങളും ഭീമമായ കടകെണിയിലാണ്. 12-ാം നമ്പർ സഹകരണ സംഘം 3200000 രൂപയുടെയും 1887-ാം നമ്പർ സഹകരം സംഘം 800000 ത്തിൽ പരം രൂപയുടെയും ബാദ്ധ്യതയിലാണ്. ഈ ബാദ്ധ്യതകൾ തീർത്താലല്ലാതെ ഈ സംഘങ്ങൾ വഴി പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാര പ്രദമായ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ സാധിക്കുകയില്ല. ആകയാൽ ഈ സംഘങ്ങളുടെ നഷ്ടം നികത്തുന്നതിനായി ഇതിനു തുല്യമായ പലിശ രഹിത ദീർഘകാല വായ്പയോ ഓഹരി മൂലധനമായോ അനുവദിക്കുക. ജനപങ്കാളിത്തത്തോട് കൂടി സർവ്വീസ് സഹകരണ സംഘത്തെ ശക്തിപ്പെടുത്തി കർഷക ജന സാമാന്യത്തിന് ഇന്നു ലഭിക്കുന്നതിനെക്കാളും പതിമടങ്ങ് പരിഗണന ലഭിക്കുന്ന തരത്തിൽ ഇവയെ മാറ്റി എടുക്കുക.

എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി സംഘത്തിൽ സൂക്ഷിക്കുകയും അതനുസരിച്ച് ഓരോ വർഷത്തിന് ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

വായ്പകൾ വർഷാരംഭത്തിൽ തന്നെ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.

വായ്പകൾ അരഹരായ കർഷകർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ചെറുകിട ഇടത്തരം കർഷകർക്ക് പ്രത്യേക പരിഗണന നൽകുക.

പലിശ സബ്സിഡി യഥാവസരം ലഭ്യമാക്കുക. ആവശ്യം പരിഗണിച്ച് വായ്പാ പരിധി ഉയർത്തുക, പലിശ നിരക്ക് കുറയ്ക്കുക.

നിക്ഷേപ സമാഹരണ യജ്ഞം വർഷം തോറും നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായി വിനിയോഗിക്കുക. ചിട്ടികൾ കൂടുതൽ നടത്തുക ചിട്ടി നിയമ വ്യവസ്ഥകൾ ഉദാരമാക്കുക.

ഉൽപ്പന സംഭരണത്തിനായി നിലവിലുള്ള ഗോഡൗനുകൾ വിപുലീകരിക്കുക. വിലയിടിവ് വരുന്ന സന്ദർഭത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ സെക്യൂരിറ്റിയായി സംഭരിച്ച് കൊണ്ട് അതിന്മേൽ കീലോൺ സിസ്റ്റം അനുവദിക്കുക. സ്ഥിരം നിക്ഷേപങ്ങൾ കൂടുതൽ കിട്ടത്തക്ക വണ്ണം അവയുടെ പലിശ നിരക്ക് ആകർഷകമാക്കുക.

സഹകരണ സംഘങ്ങൾ അവയുടെ അനുബന്ധമായി കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുക.

വിവിധ കാർഷികോൽപ്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിച്ച് അവർക്ക് ന്യായവില ലഭ്യമാക്കുക.

വിത്ത് വളം കീടനാശിനി കാർഷികോപകരണങ്ങൾ ഇവ സബ്സിഡി ആനുകൂല്യങ്ങളോട് കൃഷിക്കാർക്ക് ലഭ്യമാക്കുക. വായ്പാ വിതരണ സംവിധാനങ്ങൾ വിപുലീകരിക്കുകയും ലളിത വൽക്കരിക്കുകയും ചെയ്യുക. അർഹതപ്പെട്ട് വ്യക്തികൾക്ക് എല്ലാവർക്കും അംഗത്വം ഉറപ്പാക്കണം.

കയർ സഹകരണ മേഖല

1. നിലവിലുള്ള കയർ സഹകരണ സംഘങ്ങളെ സാമ്പത്തിക സ്വയം പര്യാപ്തതയുള്ളവയാക്കി മാറ്റണം അതിനായി ദീർഘകാല വായ്പകൾ നൽകി സഹായിക്കണം.
2. കയറും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യാൻ സന്നദ്ധരായ തൊഴിലാളികളെ മുഴുവൻ ഈ സംഘങ്ങളിൽ അംഗമാക്കുകയും അവർക്ക് ഈ തൊഴിലുകളിൽ ശാസ്ത്രീയ പരിശീലനം നൽകുകയും ചെയ്യുക

പട്ടിക I

കാർഷിക വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തിഗത അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	കടം	നിക്ഷേപം	വായ്പകൾ		ജീവനക്കാർ	
									കാർഷികം	കാർഷികേതരം	സ്ഥിരം	മറ്റുള്ളവർ
1.	ചിങ്ങോലി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 12	1917	1 - 4 വരെ വാർഡുകൾ 5 ഭാഗികം	1785	142940	200000	3245000	2285000	322867	414945	2	9
2.	ചിങ്ങോലി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1887	1930	5-ാം വാർഡ് ഭാഗികം 6-8 വരെ വാർഡുകൾ	2512	146976	147015	800000	149954	125000	-	1	3

പട്ടിക 2 കയർ വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തിഗത അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	കടം	നിക്ഷേപം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
										ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവർ
1.	ചിങ്ങോലി നോർത്ത് C.V.C.S.. ക്ലിപ്തം നമ്പർ 207	1977	ചിങ്ങോലി പഞ്ചായത്ത് 7, 8, വാർഡുകൾ	793	1000000			ത്രിഫ്റ്റ്					
2.	ചിങ്ങോലി വെസ്റ്റ് C.V.C.S. ക്ലിപ്തം നമ്പർ A 695	1980	ചിങ്ങോലി പഞ്ചായത്ത് 5, 9 വാർഡുകൾ	1097	100000	389123	86463	ത്രിഫ്റ്റ്	1187245	34540	32003	2	
3.	ചിങ്ങോലി തെക്ക് C.V.C.S. ക്ലിപ്തം നമ്പർ A 654			പ്രവർത്തനമില്ല									

പട്ടിക 3 കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തിഗത അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	കടം	നിക്ഷേപം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
										ലാഭം	നഷ്ടം	സ്ഥിരം	മറ്റു ഉള്ളവർ
1.	ഹരിജൻ വനിതാ കൈത്തറി സഹകരണ സംഘം AH (2) നങ്ങ്യാർകുളങ്ങര	1991	ചിങ്ങോലി പഞ്ചായത്തും മറ്റ് ചില പഞ്ചായത്തുകളും	180	500000	232003	506360		80760.82	ഇല്ല		1	ഇല്ല

പട്ടിക 3 ക്ഷീര സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തിഗത അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	കടം	നിക്ഷേപം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
										ലാഭം	നഷ്ടം	സ്ഥിരം	മറ്റു ഉള്ളവർ
1.	ചിങ്ങോലി നോർത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം A 74 (D)	1981	1,3 വാർഡുകൾ	127	1270	5000	ഇല്ല	ത്രിഫ്റ്റ്	കാലിത്തീറ്റ	12000		4	2
2.	ചിങ്ങോലി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം A 45 (D)		5, 8 വാർഡുകൾ			5000	ലാഭം	ത്രിഫ്റ്റ്	കാലിത്തീറ്റ			2	1
3.	ചിങ്ങോലി കിഴക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം A 51 (D)	1979	2, 4 വാർഡുകൾ	261	2610	2610	ഇല്ല	ത്രിഫ്റ്റ്	കാലിത്തീറ്റ			2	1
4.	ചിങ്ങോലി തെക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം 106 (D)	1980	6,7 വാർഡുകൾ	135	1350	7000	ഇല്ല	ത്രിഫ്റ്റ്	കാലിത്തീറ്റ	500		2	

3. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ചകിരി കൊണ്ടു വന്ന് കയർ പിരിക്കു നൽകുന്നത് തൊഴിൽ അവ സരം കുറയാൻ ഇടയാക്കുന്നു. ഇത് നിർത്തലാ ക്കുകയും തൊണ്ട് സംഭരണം ശക്തിപ്പെടുത്തി അനുബന്ധ തൊഴിലുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

4. പച്ചതൊണ്ടിൽ നിന്ന് നേരിട്ട് ചകിരി ഉൽപ്പാദിപ്പി ക്കുന്ന ഒരു ഫാക്ടറി പഞ്ചായത്തിലെ ഏതെ ങ്കിലും ഒരു കയർ വ്യവസായ സഹകരണ സംഘ ത്തോട് അനുബന്ധിച്ച് തുടങ്ങുക.

5. മാറ്റ്സ് & മാറ്റിംഗ് യൂണിറ്റുകൾ കയർ സംഘ ത്തോട് അനുബന്ധിച്ച് തുടങ്ങുക

6. സ്ത്രീ തെഴിലാളികൾ കൂടുതൽ ജോലി ചെയ്യുന്ന ഈ മേഖലയിൽ തൊഴിൽ ശാലയോട് അനുബ ന്ധിച്ച് ക്രെ.ഷേ ആരംഭിക്കുന്നതിന് ധനസഹായം നൽകുക.

7. കയർ ഉണക്കുന്നതിനും കയർ ഉൽപ്പന്നങ്ങൾ സംഭ രിച്ച് സൂക്ഷിക്കുന്നതിനും സബ് സെന്റ്റർ, ഗോഡൗൺ, തുറസ്സായ സ്ഥലം ഇവ സൗകര്യപ്പെ ടുത്തുക.

8. എല്ലാ തൊഴിലാളികൾക്കും റാട്ട് വായ്പ നൽകുക. റാട്ടിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിന് ധന സഹായം നൽകുക.

ക്ഷീരോൽപ്പാദക സഹകരണ സംഘം

പൊതുനിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. അത്യുൽപ്പാദന ശേഷിയുള്ള കറവമാടുകളെ വാങ്ങുന്നതിന് വായ്പാ സംവിധാം വിപുലികരി ക്കുകയും ഉദാരവൽക്കരിക്കുകയും ചെയ്യുക. ഇങ്ങനെയായാൽ കൂടുതൽ പോർക്ക് അംഗങ്ങ ളാകാനും സംഘങ്ങളുടെ ഇന്നുള്ളതിനെക്കാൾ കൂടിയ സംഭരണ ശേഷിയുണ്ടാക്കാനും വഴി തെളിക്കും.

2. കന്നുകാലികളുടെ സംരക്ഷണത്തിൽ മൃഗ സംര ക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം തൃപ്തിക രമല്ല. കർഷകർക്ക് വിദഗ്ധ ഉപദേശവും കന്നു കാലികൾക്ക് മെച്ചപ്പെട്ട് പരിചരണവും ലഭിക്കണം. കർഷകരെ വൻതോതിൽ സംഘടിപ്പിച്ചു കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

3. തീറ്റപ്പുൽ കൃഷി കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കുക ഇതിന് കൃഷിഭവനിൽ നിന്ന് പര്യാ പ്തമായ ഉപദേശ നിർദ്ദേശങ്ങളും സഹായങ്ങളും ഉറപ്പ് വരുത്തുക. തരിശ്ശു ഭൂമികളിൽ മറ്റ് കൃഷി കൾ പുനരുജ്ജീവിപ്പിക്കുന്നതോടൊപ്പം തീറ്റപ്പുൽ കൃഷി നിർബന്ധമാക്കുക.

4. മെച്ചപ്പെട്ട കന്നുകാലികളെ വളർത്തി വില്പ്പന നട ത്തുന്ന ബ്രീഡേഴ്സ് ഫാമുകൾ നടപ്പാക്കാൻ ആവ ശ്യമായ ധനസഹായവും പ്രോത്സാഹനവും നൽകുക.

5. മിനിഡയരി ഫാം സ്ഥാപിക്കുന്നതിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുക.

6. പഞ്ചായത്തിലെ ഉപഭോഗം കഴിഞ്ഞ് ബാക്കി വരുന്ന പാൽ കേട് കൂടാതെ സംഭരിച്ച് സൂക്ഷി ക്കുന്നതിനും സംസ്കരിക്കുന്നതിനും ഒരു യൂണിറ്റ ക്ഷീര സംഘങ്ങളിൽ ഏതെങ്കിലും ഒന്നിനോട് അനുബന്ധിച്ച് തുടങ്ങുക വനിതകൾക്ക് തൊഴിൽ അവസരം വർദ്ധിപ്പിക്കാൻ ഇതു ഒരു മാർഗ്ഗമായി ട്ടെടുക്കാവുന്നതാണ്.

7. നിലവിലുള്ള നാല് ക്ഷീര സംഘങ്ങളുടെയും അംഗത്വം പ്രവർത്തന മൂലധനവും വർദ്ധിപ്പിക്കു ന്നതിന് ശക്തമായ നടപടികൾ കൈകൊള്ളുക.

8. പഞ്ചായത്ത് തലത്തിലും ധനകാര്യ സ്ഥാപനങ്ങ ളിൽ നിന്നും ക്ഷീരവികസനത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ മുഴുവൻ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുക.

9. മൊത്തം ക്ഷീരസംഘങ്ങളിലും കൂടി കുറഞ്ഞത് 3000 ലിറ്റർ പാൽ എങ്കിലും ദിനം പ്രതി സംഭരി ക്കുകയും. അതിനു തക്കവണ്ണം ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ശക്തവും വ്യാപകവുമായ പദ്ധതികൾ ആസൂത്രണം ചെയ്യുക. ഒരു വാർഡിൽ കുറഞ്ഞത് 3 പാൽ സംഭ രണ കേന്ദ്രങ്ങളെങ്കിലും ആരംഭിക്കുക.

10. സ്വകാര്യ വ്യക്തികൾ ഗുണമേന്മ കുറഞ്ഞ പാൽ സംഭരിക്കുകയും വിൽപ്പനടത്തുകയും ചെയ്യു ന്നതു കൊണ്ട് ക്ഷീര സംഘങ്ങളുടെ സംഭരണ ശേഷി കുറയുന്നു. ഇത് കർശനമായ നിയമ നട പടികളിലൂടെ നിയന്ത്രിക്കുക. ഗുണമേന്മയില്ലാത്ത പാൽ എടുത്ത് വില്പ്പന നടത്താത്തിരിക്കുക.

11. കർഷക സമ്പർക്ക പരിപാടി, ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശനം മാതൃകാ കാലിതൊഴുത്ത് നിർമ്മാണം എന്നിവയ്ക്ക് ആവശ്യബോധം അനു സരിച്ച് മതിയായ ഫണ്ടുകൾ ആലോട്ട് ചെയ്യുക.

12. നല്ലയിനം വിത്ത് കാളകളെ ഡയറി ഫാമുകളിൽ ലഭ്യമാക്കുക.

ഖാദി ഗ്രാമ വ്യവസായ സംഘം

1. നിലവിലുള്ള മൾബറി സംഘം പുനരുദ്ധരിക്കുന്ന തിന് ആവശ്യമായ ധനസഹായം നൽകുക.

2. കൂടുതൽ കർഷകരെ കണ്ടെത്തി അംഗങ്ങളാക്കുകയും ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും ചെയ്യുക.

3. കർഷകർക്ക് സാങ്കേതികവും ഭൗതികവുമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വായ്പകൾ നൽകുക.

ഹരിജൻ വനിതാകൈത്തറി സഹകരണ സംഘം

1. കൈത്തറി സംഘത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ കൂലി നിരക്ക് വർദ്ധിപ്പിച്ച് ഈ തൊഴിൽ കൂടുതൽ ആകർഷകമാക്കുക.

2. പരിശീലനം നേടുന്ന തൊഴിലാളികൾ നിർബന്ധമായും ഒരു നിശ്ചിത കാലപരിധി വരെ ഈ സംഘത്തിൽ ജോലി ചെയ്യണം എന്ന ഒരു വ്യവസ്ഥയുണ്ടാക്കുക.

3. ഈ മേഖലയിലെ ആധുനിക വൽക്കരണം സംഘംവക തൊഴിൽ ശാലയിൽ നടപ്പിലാക്കുക.

4. സംഘത്തിൽ നെയ്തെടുക്കുന്ന തുണിത്തരങ്ങൾക്ക് മെച്ചപ്പെട്ട വിപണന സൗകര്യമുണ്ടാക്കുക.

5. സംഘത്തിനുണ്ടിയിരുന്ന മണ്ണെണ്ണ പെർമിറ്റ് പുനർസ്ഥാപിക്കുകയും പെർമിറ്റ് വഴി ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് 30 ലിറ്ററാക്കി ഉയർത്തുകയും ചെയ്യുക.

6. കൂടുതൽ വനിതകൾക്ക് പരിശീലനം നൽകി അവരെ സംഘത്തിൽ അംഗമാക്കി മാറ്റുക.

7. നിലവിലുള്ള തൊഴിലാളികൾക്ക് പരിശീലനം നൽകുക.

8. തൊഴിൽ ശാലകളോട് അനുബന്ധിച്ച് പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുക.

9. സംഘത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും ആയി ഒരു കർമ്മസമിതിയോ വികസന സമിതിയോ രൂപീകരിക്കുക.

10. തൊഴിലിന്റെ മാഹാത്മ്യം കാലാകാലങ്ങളിൽ ബോധവൽക്കരണത്തിലൂടെ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക

കൺസ്യൂമർ മേഖല

1. നിലവിലുള്ള സഹകരണ സംഘങ്ങളോട് അനുബന്ധിച്ചോ സ്വതന്ത്രമായോ സഹകരണ കൺസ്യൂമർ സ്റ്റോറുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കാൻ ഇത് ഏറെ സഹായകരമായിരിക്കും.

2. വീടുകളിൽ നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് ഉപഭോക്താക്കളിൽ നിന്ന് ട്രേഡ് ഡെപ്പോസിറ്റുകൾ സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കാവുന്നതാണ്.

3. സമഗ്ര പച്ചക്കറി കൃഷി പദ്ധതിയുമായി ബന്ധപ്പെടുത്തി കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ന്യായവിലയ്ക്ക് വില്പനനടത്തുന്നതിന് സഹകരണ അടിസ്ഥാനത്തിൽ ഒരു സംരംഭം തുടങ്ങാവുന്നതാണ്.

4. സ്കൂൾ സഹകരണ സംഘങ്ങൾ വഴി പാഠപുസ്തകങ്ങൾ മാത്രമാണ് ഇപ്പോൾ വിതരണം ചെയ്തു വരുന്നത്. (കാർത്തികപ്പള്ളി ഗവ: U.P.S. , ചൂരവിള U.P.S., സെന്റ് തോമസ് H.S. കാർത്തികപ്പള്ളി) വിദ്യാർത്ഥികൾക്ക് ആവശ്യമായത്ര നോട്ടുബുക്കുകൾ പഠനോപകരണങ്ങൾ എന്നിവ വാങ്ങി ഇവയിലൂടെ വിതരണം ചെയ്യാവുന്നതാണ്.

5. എല്ലാ വിദ്യാർത്ഥികളേയും B ക്ളാസ് അംഗങ്ങളായും എല്ലാ അദ്ധ്യാപകരേയും A ക്ളാസ് അംഗങ്ങളായും ചേർക്കേണ്ടതാണ്. സെക്രട്ടറി എന്ന നിലയ്ക്ക് ജോലി ചെയ്തു വരുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും അദ്ധ്യാപക ജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

ഹരിജൻ സഹകരണ സംഘങ്ങൾ
(ഹരിജൻ - ഗിരിജൻ സഹകരണ സംഘം)

പഞ്ചായത്ത് അടിസ്ഥാനമാക്കി ഇവരുടെ ക്ഷേമത്തിനും ഇവർക്ക തൊഴിൽ നൽകുന്നതിനുമുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കണ്ടതാണ്. നിലവിലുള്ള സഹകരണ സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. കൂടുതൽ അംഗങ്ങൾക്ക് ഉയർന്ന പരിധിയോടെ വായ്പാ മാർഗ്ഗങ്ങൾ ലഭ്യമാക്കണം. ഇതിന്റെ കീഴിൽ പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനുള്ള സംരഭങ്ങൾ തുടങ്ങാവുന്നതാണ്. തഴപ്പായ, കൂട്ടനെയ്ത്ത്, ചൂരൽ, വള്ളി, ഇവ കൊണ്ടുള്ള ഉൽപ്പനങ്ങൾ എന്നിവയുടെ നിർമ്മാണയൂണിറ്റ് ആരംഭിക്കാവുന്നതാണ്.

മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ

69 ഓളം മത്സ്യതൊഴിലാളികൾ അധിവസിക്കുന്ന പഞ്ചായത്തിലെ 6, 7 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മത്സ്യതൊഴിലാളി സഹകരണ സംഘം രൂപീകരിക്കേണ്ടതുണ്ട് ഇവർക്ക് മീൻ വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്നിതിന് ധനസഹായം നൽകണം. വള്ളവും വലയും വാങ്ങുന്നതിന് അവ സംരക്ഷിക്കു

ന്നതിനും മതിയായ സാമ്പത്തിക സഹായം ഇവർക്ക് ലഭ്യമാക്കണം. ഉൾനാടൻ മത്സ്യ ഉൽപ്പാദന സംഘം പ്രതീക്ഷയ്ക്ക് വക നൽകുന്ന മറ്റൊരു സംരഭമാണ്. ഗ്രാമസഭയിൽ ഈ നിർദ്ദേശം വന്നിട്ടുണ്ട്.

വനിതാ സഹകരണ സംഘങ്ങൾ

വളരെയേറെ അവഗണനകളും അനുഭവിക്കുന്ന ഇവരുടെ ക്ഷേമത്തിവനായി പഞ്ചായത്തിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. ഈ സംഘങ്ങളുടെ കീഴിൽ വനിതകൾക്ക് തൊഴിൽ സംരഭങ്ങൾ ആസൂത്രണം ചെയ്യണം. പാറപ്പൊട്ടിക്കൽ, ആടു വളർത്തൽ, താറാവ് കൃഷി, കോഴി വളർത്തൽ ഇവയും പൂച്ചെടി കൃഷി, അലങ്കാര തയ്യൽ മുതലായ തൊഴിലിലുകൾ സഹകരണ അടിസ്ഥാനത്തിൽ ഇവർക്കായി ഏർപ്പെടുത്തണം. പ്രാരംഭത്തിൽ ഇതിനായി രൂപീകരിക്കുന്ന സംഘങ്ങൾക്ക് മൂലധനമായും വായ്പയായും സാമ്പത്തിക സഹായം ലഭിക്കണം. വനിതാക്ഷേമവുമായി ബന്ധപ്പെട്ട് ഗ്രാമ സഭയിൽ ഉയർന്ന് വന്ന പ്രശ്നങ്ങൾ ഇതിനായി ക്രോഡീകരിച്ച് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

സഹകരണ രംഗത്തെ പ്രതിസന്ധികൾ മുറിച്ചു കടക്കുന്നതിന് സമഗ്രമായ വളർച്ചയ്ക്കും പഞ്ചായത്തിലെ വിദഗ്ധരായ സഹകാരികളെ ഉൾപ്പെടുത്തി സഹകരണ സെൽ എന്നോ അവലേഖന സമിതി എന്നോ നാമകരണം ചെയ്തു കൊണ്ട് ഒരു ഘടകം രൂപീകരിക്കുന്നത് നന്നായിരിക്കും. അതാത് കാലങ്ങളിൽ സംഘം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധോപദേശം നൽകാൻ ഈ സമിതിക്ക് കഴിയണം. സഹകരണ മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായി വിവിധ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും പുതിയ സംരഭങ്ങൾക്കുമായി ഉദ്ദേശം 600 ലക്ഷം രൂപ വേണ്ടിവരും. അഞ്ഞൂറ് പേർക്ക് പ്രത്യക്ഷമായി 750 പേർക്ക് പരോക്ഷമായും ജോലിയും ചിങ്ങോലി പഞ്ചായത്തിലെ 3000 ഓളം കുടുംബങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധിയുമുണ്ടാകുന്നതാണ് ഇത്. മഹാത്മ ഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാദ്ധ്യതമാകുന്നുണ്ട്.

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ചിങ്ങോലി പഞ്ചായത്തിലെ എട്ട് ഗ്രാമ സഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച് ഗ്രാമ സഭാ റിപ്പോർട്ട് ഈ മേഖലയുമായി ബന്ധപ്പെട്ട കോർ ഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ആശയ വിനിമയം നടത്തി ക്രോഡീകരിച്ച് നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിന് ആധാരമായിട്ടുള്ളത്. ഇതിന് ഉപോൽബലകമായി വിശേഷാൽ ഗ്രാമസഭകൾക്ക് ശേഷം നാം നടത്തിയ ദ്വിതീയ സ്ഥിതി വിവരണ ശേഖരണവും ചരിത്ര പഠനവുമൊക്കെയുണ്ട്.

മുകളിൽ നിർദ്ദേശിച്ചതു പോലെ സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ ചിട്ട് പെടുത്തുകയാണെങ്കിൽ ചിങ്ങോലി പഞ്ചായത്തിൽ കാർഷിക മേഖലയിലും തൊഴിൽ മേഖലയിലും സൃഷ്ടിപരമായ മാറ്റം വരുത്തുവാൻ സാധിക്കും. ഇത് സാമ്പത്തിക സ്വയം പര്യാപതതയ്ക്ക് മാതൃകാ പരമായ മുന്നേറ്റമായിരിക്കും. ഈ നിലയിൽ പഞ്ചായത്തിന് സജ്ജമാക്കാൻ കഴിയുന്ന കരുത്തുറ്റ ഒരു പ്രസ്ഥനമെന്ന് നിലയിൽ സമസ്ത മേഖലയുടെയും വികസനത്തിന് നിർണ്ണായകമായ ഒരു പങ്ക് വഹിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിയും ചിങ്ങോലി പഞ്ചായത്തിൽ സഹകരണ രംഗത്ത് ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന രേഖ ചർച്ചകൾക്കും മുൻഗണന നിശ്ചയിച്ചിരിക്കുന്നതിനായി സമർപ്പിച്ചു കൊള്ളുന്നു.

താറാവ്, കോഴി വളർത്തൽ സഹകരണ സംഘം

നമ്മുടെ പ്രദേശത്തുള്ള കടകളിൽ ഇപ്പോൾ വിൽക്കുന്നതിൽ കൂടുതൽ തമിഴ്നാട്ടിൽ നിന്നുമുള്ള കോഴിമുട്ടകളാണ്. ഒരു കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴി വളർത്തുകയും ആവശ്യമായ മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തിക സഹായവും ലഭിക്കാൻ സഹായിക്കണം.

ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട് ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിക്കണ്ടതും പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതാണ്. കൂടാതെ പല സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് ഏറ്റെടുത്ത് നടത്തുവാൻ കഴിയും.

14

വിഭവസമാഹരണം

നമുടെ ഗ്രാമം നേരിടുന്ന പ്രതിസന്ധി വ്യവ സായിക പുരോഗതി ഇല്ലായ്മയാണ് ഒരു വലിയ വ്യവ സായ സ്ഥാപനം പോലുമില്ല ചെറിയ വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട് ഈ രംഗങ്ങളിൽ വളർച്ച യുണ്ടായെങ്കിലെ പുതിയ വിഭവസമാഹരണ മാർഗ്ഗ ങ്ങളുണ്ടാകുകയുള്ളു കാർഷിക രംഗത്തെ കൃഷിനി ലങ്ങൾ നികത്തി താമസ യോഗ്യമാക്കുന്നതും. രാസ വളപ്രയോഗത്തിന്റെ ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകി ഉൽപ്പാ ദന വർദ്ധനവ് ഉണ്ടാക്കാനുള്ള മനോഭാവം ഉണ്ടാ യാലേ ഈ രംഗത്ത് വിഭവസമാഹരണം സാദ്ധ്യമാകൂ. ഈ രണ്ട് മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപ്പെടാ നുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം.

സർക്കാർ ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വച്ചു തന്നെ പഞ്ചായത്തിന് കൈമാറാൻ നിയമം വേണം ജനസംഖ്യാനുപാതികമായി ഗ്രാന്റുകൾ വിത രണം ചെയ്യണം. സ്റ്റാമ്പ് ഡ്യൂട്ടി, വൈഹിക്കിൾ ടാക്സ് ഇതിന്റെ ഉദാഹരണമാണ്. ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്ന വരുടെ വാർഡ് തിരിച്ച കണക്ക് പട്ടികയിൽ കൊടുത്തിരിക്കുന്നു. അവ രുടെ സാമ്പത്തികത്തിന്റെ 1% പഞ്ചായത്തിന്റെ വ്യാവ സായിക പുരോഗതിക്ക് ഉപയോഗിക്കണം.

കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കൃത്യമായി എല്ലാവരിൽ നിന്നും ഷിരിച്ചെടുക്കണം. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാ ളിത്തം വഹിക്കലാണ് ഇതിന്റെ ഉദ്ദേശം. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസ്സൂലാക്കാൻ കഴിയണം അതിന് നികുതി ഘടന ശാസ്ത്രീയമായി പരിഷ്കരിക്കണം. വികസന സമിതിയും വാർഡ് മെമ്പർമാരും കൂട്ടായി ചേർന്ന അർഹരായ മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കണം.

കെട്ടിട നികുതി

കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീ യമായിട്ടായിരിക്കണം സ്ഥിരമായി ചുവരുകൾ ഉള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. ആഡം ബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോ ഗവും നികുതി നിർണ്ണയത്തിന്റെ മാനദണ്ഡമാ ക്കണം. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക്. വാടക യുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം. കെട്ടിട നികുതി അസസ്സ് ചെയ്യുന്നതെങ്ങിനെ എന്ന് എല്ലാ വരും ബോധ്യപ്പെടണം. നികുതി അസസ്സ് ചെയ്യുന്ന തിൽ അഴിമതി ഇല്ലാതാക്കാൻ ഒരു കമ്മിറ്റി രൂപീകരി ച്ചാൽ നല്ലത്.

തെഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലും സ്കൂളികളിലും ജോലി ചെയ്യുന്നവരിൽ നിന്ന് നികുതി ഈടാക്കു ന്നുള്ളു. തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കണം. തൊഴിലാളികളെ മുഴു വനും ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ കൊണ്ട് വന്ന് അംഗമായവരിൽ നിന്ന് നികുതി ഈടാക്കണം.

വിനോദ നികുതി

തിയേറ്ററിൽ നിന്നുള്ള നികുതി പിരിവ് ഫല പ്രദമാക്കണം. പഞ്ചായത്തിൽ ആഘോഷ പരിപാടി കൾ നടത്തുന്ന സംഘടനകളിൽ നിന്നും വ്യക്തിക ളിൽ നിന്നും ചെറിയ രീതിയിൽ വിനോദനികുതി ഈടാക്കാവുന്നതാണ്.

മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്ത് പുറംപോക്ക് ഭൂമിയും പഞ്ചായ ത്തിലെ റവന്യു പുറംപോക്ക് ഭൂമിയും പാട്ടത്തിന് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാം. പുഴയിൽ നിന്നും തോടിൽ നിന്നും മീൻ പിടിക്കുന്നതിനുള്ള അവകാശം പാട്ടത്തിനു കൊടുക്കാം. ആഘോഷമായി

നടത്തുന്ന കല്യാണ ആഘോഷങ്ങൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

വരുമാനത്തിന്റെ വ്യതിയാനം

	91-92	95-96	വ്യത്യാസം	%
തനത് വരുമാനം				
കെട്ടിട നികുതി	116425.55	192807.00	+76382.00	60.38%
വിനോദനികുതി	44219.00	34380.00	-9839.00	
തൊഴിൽ നികുതി	49870.00	88400.00	+38530.00	129.4
ഉപാധി രഹിത	127000.00	173000.00	+96000.00	
S.C.P.	50000.00	107000.00	+57000.00	87.7
J.R.Y.	243600.00	150500.00	-93100.00	
ഗ്രാന്റുകൾ സംഭാവനകൾ	332963.00	546616.00	+213653.00	
ആകെ	964047.55	1292703.00	+328625.45	
ചിലവ് എസ്റ്റാബ്ലിഷ്മെന്റ്	210501.50	326583.00	+116082.00	26

ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഒരു ശാഖയും സ്വാകാര്യ വ്യക്തികൾ നടത്തുന്ന പണമിടപാട് സ്ഥാപനങ്ങളുമാണുള്ളത്. എന്നാൽ കാർത്തികപള്ളി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലാണ് പണിമിടപാടുകളുടെ 90% കൈകാര്യം ചെയ്യുന്നത് എന്നാൽ ഈ ബാങ്കിൽ വായ്പ നൽകുന്നത് പരിമിതമാണ് നിക്ഷേപങ്ങളുടെ 90% പഞ്ചായത്തിൽ തന്നെ വായ്പ നൽകുന്നതിന് നിയമനിർമ്മാണം നടത്തണം. ബാങ്കുകളിൽ FD യിൽ പണം നിക്ഷേപിച്ച് പലിശ വാങ്ങി ജീവിക്കുന്നവരുടെ പണം സഹകരണ മേഖലയിൽ വ്യവസായം ആരംഭിച്ച് ഷേയറാക്കി അവർക്ക് ബാങ്ക് പലിശ നൽകുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ചിലവുകൾ

ചിലവിന്റെ സ്വഭാവം പൊതുമരാമത്ത് 447984 വിദ്യാഭ്യാസം 31019 സാമൂഹ്യക്ഷേമം 84176 ഭരണ ചെലവ് 326583 എന്നിങ്ങനെയാണ് മൊത്തം ചിലവിന്റെ 50% റോഡുകൾക്കായി ചിലവിടുന്നതെങ്കിലും റോഡുകളുടെ നില ശോചനിയമാണ് റോഡുകളുടെ മെയിന്റനൻസുകളുടെ ഉത്തരവാദിത്വം റോഡിനരികിൽ താമസിക്കുന്ന അയൽകൂട്ടങ്ങളെ ഏൽപ്പിച്ച് ചിലവ് കുറയ്ക്കാം പ്രത്യുൽപ്പാദന മേഖലയിൽ കൂടുതൽ പണം നിക്ഷേപിക്കാൻ ശ്രമിക്കണം.

ഭൂനികുതി

ഭൂനികുതി പിരിച്ചെടുക്കുന്നതിനും നിർണ്ണയിക്കുന്നതിനുമുള്ള അവകാശം പഞ്ചായത്തിന് കൈമാറണം ഇപ്പോൾ നിരക്ക് കൂട്ടുന്ന കാര്യം പരിശോധിക്കണം. നാഷണൽ സേവിംഗ് സ്കീം ഇന്ദിരാ വികാസ് പത്രികയുടെ വിൽപ്പനയിലൂടെ 25% പഞ്ചായത്തിന് തന്നെ കിട്ടുന്ന പഞ്ചായത്ത് ഭരണസമിതിയും അയൽകൂട്ടങ്ങളും ഇടപ്പെട്ട് നിക്ഷേപം വർദ്ധിപ്പിച്ചാൽ വരുമാനം കൂട്ടാം.

മനുഷ്യദ്ധ്യാനം

ഏറ്റവും പ്രധാനമായ വിഭവം മനുഷ്യദ്ധ്യാനമാണ് സ്വന്തം നാടിന്റെ വികസനത്തിന് മനുഷ്യാദ്ധ്യാനം സംഭാവന നൽകുക എന്ന ആശയത്തിന് പ്രചാരണം നൽകി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ, വയോജന വിദ്യാഭ്യാസം, പരിസര മനിലീകരണം ഒഴിവാക്കുക, റോഡുകൾ, തോടുകൾ വെട്ടുക, സംരക്ഷിക്കുക എന്നീ മേഖലയിൽ വമ്പിച്ച് നേട്ടം ഉണ്ടാക്കാം.

ഗൾഫ്കാർ വാർഡ് തിരിച്ച്

വാർഡ്	I	II	III	IV	V	VI	VII	VIII	
	50	15	64	40	40	60	40	35	ആകെ 344

ഷോപ്പിംഗ് കോംപ്ലക്സ്

കാർത്തികപ്പള്ളിയിൽ പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാവുന്നതാണ്.

ഗ്രാമചന്ത മത്സ്യമാർക്കറ്റ്

കുന്നേൽ പീടിക കൊച്ചനിയൻ മുക്ക്, വായനശാല എന്നിവടങ്ങളിൽ മത്സ്യമാർക്കറ്റും അന്തിച്ചന്തയും തുടങ്ങുന്നതിനുള്ള ഗ്രാമസഭയുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. വായനശാലയിൽ ഒരു ആഴ്ച ചന്ത ആരംഭിച്ചാൽ കാർഷികോൽപ്പന്നങ്ങളുടെ വിപണന സൗകര്യം ലഭിക്കും.

കച്ചവട ലൈസൻസ്

പഞ്ചായത്തിലെ എല്ലാ കച്ചവടക്കാർക്കും ലൈസൻസ് ഫീസ് നിർബന്ധമാക്കി പിരിച്ചെടുക്കുവാൻ സംവിധാനമുണ്ടാക്കണം.

പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിവവാരം ഉയർത്താൻ അയൽകൂട്ട സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചാൽ സാധിക്കും.

S.S.L.C മുതൽ മുകളിലോട്ട് യോഗ്യതയുള്ള ധാരാളം ആളുകൾ പഞ്ചായത്തിലുണ്ട്.

ഏതെങ്കിലും പൊതുജന സംഘടനകളിൽ അംഗമാകാത്തവർ അപൂർവ്വമാണ്. നമ്മുടെ പഞ്ചായത്തിൽ ആയതിനാൽ ബഹുജന സംഘടനകളുടെ ഇടപ്പെടലിലൂടെ വമ്പിച്ച മാറ്റങ്ങൾ വരുത്തുവാൻ സാദ്ധ്യതയുണ്ട്.

15

ഉപസംഹാരം

റോഡും പാലവും എത്ര കൂടുതലുണ്ടാകുന്നോ അത്രയും കൂടുതൽ വികസന മായി എന്ന നിലവിലുള്ള മിഥ്യാധാരണ മാറിയേ കഴിയൂ. കാർഷിക വ്യാവസായിക മേഖലയിലെ ഉൽപ്പാദന വർദ്ധനവിലൂടെ സേവന മേഖലയെ പരിപോഷിപ്പിക്കുക എന്ന് ശാസ്ത്രീയ രീതി സ്വാംശീകരിക്കൽ ആകട്ടെ നമുടെ വികസന ലക്ഷ്യം.

വിവിധ വകുപ്പുകളുടെ ചുവപ്പു നാടയിൽ വീർപ്പുമുട്ടി അഴിമതിയുടെ സ്രോതസ്സുകളായി മാറിയിരിക്കുന്ന വികസനത്തെ ജനപങ്കാളിത്തത്തിലൂടെ സുതാര്യമാക്കി ഊർജ്ജ സ്വലമാക്കുകയാണ് നമുടെ അടിയന്തിര കർത്തവ്യം.

വിഭവ പരിമിതിയാണ് വികസനം വഴിമുട്ടി നിൽക്കുന്ന മറ്റൊരു ഘടകം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കൾ തന്നെയാവണം ആദ്യ പരിഗണന സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തൽ സന്നദ്ധ പ്രവർത്തനം സമാഹരിക്കൽ എന്നിവ പ്രവർത്തികമാക്കി ഈ പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയണം.

വികസന പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി കഴിഞ്ഞാൽ സാമൂഹ്യ രാഷ്ട്രീയ തർക്കങ്ങൾ സ്വയം ഇല്ലാതാക്കുവാൻ കഴിയും. ജനകീയ ഐക്യം വിപുലമാക്കുകയും ചെയ്യാം.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി പ്രായോഗിക ബുദ്ധിയോടെ പദ്ധതികൾ രൂപപ്പെടുത്തുവാൻ കഴിയണം. വിഷയാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഗ്രൂപ്പുകൾ ചർച്ച് ചെയ്ത് അംഗീകരിച്ച നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും വിദഗ്ധ സമിതികൾ രൂപപ്പെടുത്തും. ഈ പദ്ധതികൾക്കാവശ്യമായ പണം സർക്കാരേതര ഏജൻസികളിൽ നിന്ന് സമാഹരിക്കുന്നതിന് ആവശ്യമായ പോജക്ടുകൾ പ്രസ്തുത ഏജൻസികളുടെ നിബന്ധനങ്ങൾക്ക് അനുസരണമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് വിഷയാടിസ്ഥാനത്തിലുള്ള വിദഗ്ധ സമിതി സ്ഥിരമായി പ്രവർത്തിക്കണം.

സർക്കാർ വിഹിതവും ജനകീയ സംഭാവനകളും ചേർന്നാൽ ഒമ്പതാം പദ്ധതി നടത്തിപ്പ് കഴിഞ്ഞ എട്ട് പദ്ധതികളിലൂടെ നടപ്പിലായതുമായി താരതമ്യം ചെയ്തു നോക്കൂ. വികസന രംഗത്ത് അത് കുതിച്ചുച്ചാട്ടം തന്നെയായിരിക്കും സംശയമില്ല.

ജനകീയാസൂത്രണം ജനാധിപത്യപരമായ ഒരു മുന്നേറ്റമാകുന്നതോടൊപ്പം ജനകീയ പദ്ധതികൾ ജനോപകാര പ്രദമായ രീതിയിൽ ശീഘ്ര ഗതിയിൽ ഫലപ്രദമായി നടപ്പിലാക്കാനും നമുക്ക് കഴിവു പകരുന്ന ഒരായുധം കൂടിയാണ്.

അതിനാൽ നമുടെ 'വികസന രേഖ' ചർച്ചയിലൂടെ സമ്പുഷ്ടമാക്കി സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിജ്ഞ നമുക്കെടുക്കാം. കക്ഷി രാഷ്ട്രീയത്തിന്റെ ഭിന്നിപ്പ് നമുക്ക് ഇവിടെ അവസാനിപ്പിച്ച് വികസന രാഷ്ട്രീയത്തിൽ മുഴുകാം. ഗ്രാമസഭകളുടെ ജനകീയ കൂട്ടായ്മയിലൂടെ ഗ്രാമ വികസനത്തിന്റെ വേലിയേറ്റം സൃഷ്ടിക്കാൻ നമുക്ക് പരിശ്രമക്കാം.

കാലഘട്ടം നമ്മിൽ അർപ്പിച്ച ചുമതല നിറവേറ്റാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ "സമഗ്ര വികസന രേഖ" ഈ സെമിനാറിന്റെ സജീവ പരിഗണനയ്ക്കും വിശകലനത്തിനുമായി സമർപ്പിക്കുന്നു.

4232

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680011



ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി

പ്രിന്റിംഗ് : ഗ്രാഫ് ഹരിപ്പാട്, കരുവാറ്റാ